# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്) SUCI [C] സംസ്ഥാന കമ്മിറ്റി മുഖപത്രം

ആഗസ്റ്റ് 2014 വാല്യം 41 ലക്കം 4 | *ചീഫ് എഡിറ്റർ : സി. കെ. ലൂക്കോസ്* | പേജ് 16 വില 5.00 രൂപ




## ആഗസ്റ്റ് 5
## ഫ്രെഡറിക് എംഗൽസ് – ശിബ്ദാസ്ഘോഷ് അനുസ്മരണ ദിനം



### ഫ്രെഡറിക് ഏംഗൽസ്
(നവംബർ 28, 1820 – ആഗസ്റ്റ് 5, 1895)

**ആ**ധുനിക ഉൽപ്പാദനശക്തികളെ കൈകാര്യം ചെയ്യാൻ ബൂർഷ്വാസിക്ക് കഴിവില്ലാതായിരിക്കുന്നുവെന്നാണ് സാമ്പത്തിക പ്രതിസന്ധികൾ തെളിയിക്കുന്നതെങ്കിൽ, അതിന് ബൂർഷ്വാസിയുടെ ആവശ്യം അൽപം പോലുമില്ലെന്നാണ് വൻകിട ഉൽപ്പാദനസ്ഥാപനങ്ങളും വാർത്താവിനിമയ-ഗതാഗതോപാധികളും ജോയിന്റ് സ്റ്റോക്ക് കമ്പനികളായും ട്രസ്റ്റുകളായും ഭരണകൂടത്തിന്റെ സ്വത്തായും മാറുന്നതിലൂടെ തെളിയുന്നത്. മുതലാളിയുടെ എല്ലാ സാമൂഹ്യ ചുമതലകളും ഇപ്പോൾ നിർവ്വഹിക്കുന്നത് ശമ്പളം പറ്റുന്ന ഉദ്യോഗസ്ഥന്മാരാണ്. ഡിവിഡന്റുകൾ കീശയിലാക്കുക, കൂപ്പണുകൾ കീറിക്കളയുക, സ്റ്റോക്ക് എക്സ്ചേഞ്ചിൽ ചൂതുകളിയിൽ ഏർപ്പെട്ടുകൊണ്ട് പരസ്പരം മൂലധനം തട്ടിയെടുക്കുക — ഇതു മാത്രമാണ് മുതലാളിക്ക് ഇന്നുള്ള സാമൂഹ്യചുമതല. മുതലാളിത്തോൽപ്പാദന രീതി ആദ്യം തൊഴിലാളികളെ പുറന്തള്ളുന്നു. ഇപ്പോഴാകട്ടെ അത് മുതലാളിമാരെത്തന്നെ പുറന്തള്ളു

*(ശേഷം പേജ് 7–ൽ)*



### സഖാവ് ശിബ്ദാസ് ഘോഷ്
(ആഗസ്റ്റ് 5, 1923 – ആഗസ്റ്റ് 5, 1976)

**വ**ർഗ്ഗീയവാദത്തെ അപലപിച്ചുകൊണ്ടും സാമുദായിക മൈത്രിയെയും സമാധാനത്തെയും പ്രകീർത്തിച്ചുകൊണ്ടുമുള്ള പ്രബോധനങ്ങൾ വർഗ്ഗീയതാപ്രശ്നത്തിനും വർഗ്ഗീയസംഘട്ടനത്തിനും പ്രതിവിധിയാകുമായിരുന്നെങ്കിൽ ഈ പ്രശ്നങ്ങൾ നമ്മുടെ നാട്ടിൽ പണ്ടേ പരിഹൃതമാകുമായിരുന്നു. ജനങ്ങളുടെ അനിഷേദ്ധ്യമായ വിശ്വാസത്തിന് പാത്രീഭൂതരായ ദേശബന്ധു ചിത്തരഞ്ജൻ ദാസിനെയും മഹാത്മാഗാന്ധിയെയും നേതാജി സുഭാഷ്ചന്ദ്ര ബോസിനെയും പോലുള്ള മഹദ്വ്യക്തികൾ വർഗ്ഗീയവാദത്തെ അപലപിക്കുകയും മൈത്രിയും സമാധാനവും പുലർത്തേണ്ടതിന്റെ ആവശ്യം ഊന്നിപ്പറയുകയും ചെയ്തില്ലേ? ആ പ്രഭാഷണങ്ങൾകൊണ്ടെല്ലാം എന്തു ഫലമുണ്ടായി? അവരുടെ കാലത്തെ അപേക്ഷിച്ച് നാം ലക്ഷ്യത്തിലേക്ക് ഒരിഞ്ചുപോലും മുന്നേറിയിട്ടില്ല. അതിനിസ്സാരമായ പ്രകോപനങ്ങളാൽപ്പോലും വർഗ്ഗീയഭ്രാന്തിന്റെയും വർഗ്ഗീയ ലഹളയുടെയും വികൃ

*(ശേഷം പേജ് 7–ൽ)*

## 2014–ലെ കേന്ദ്രബജറ്റ്
# സമ്പൂർണ്ണ കോർപ്പറേറ്റുവൽക്കരണത്തിന് വേണ്ടിയുള്ള രൂപരേഖ

**ബജറ്റ് അവതരണത്തിനുമുമ്പുതന്നെ, ബൂർഷ്വാ സാമ്പത്തിക വിദഗ്ധരും കോളമെഴുത്തുകാരുമൊക്കെ, തയ്യാറെടുപ്പെന്നോണം ചർച്ചകൾ ആരംഭിക്കുന്നു. ബജറ്റ് എങ്ങനെയായിരിക്കണം, എന്തൊക്കെ സുപ്രധാനകാര്യങ്ങളാണ് കൈകാര്യം ചെയ്യേണ്ടത്, സാമ്പത്തിക വളർച്ചയ്ക്ക് ആക്കം വർദ്ധിപ്പിക്കാൻ അത് എങ്ങനെ സഹായകമാകും, വളർച്ചയും സൂക്ഷ്മതല സാമ്പത്തിക സൂചകങ്ങളും തമ്മിൽ എങ്ങനെ സന്തുലനപ്പെടുത്താം, വളർച്ചയെ ബാധിക്കാത്ത തരത്തിൽ പണപ്പെരുപ്പം എങ്ങനെ നിയന്ത്രിക്കാം, ധനകാര്യദൃഢീകരണം എങ്ങനെ മെച്ചപ്പെടുത്താം തുടങ്ങിയ കാര്യങ്ങളൊക്കെയാണ് ഈ വിശാരദന്മാർ ചർച്ച ചെയ്യുന്നത്. ഈ വർഷവും ഈ വ്യായാമം പതിവുതെറ്റിക്കാതെ നടന്നു. കയ്യടി വാങ്ങാനും ഖ്യാതിക്കും ശ്രമിക്കുന്നതിനുപകരം കമ്പോളത്തിന്റെ വികാരം (ഊഹക്കച്ചവട മൂലധന കമ്പോളം) കണക്കിലെടുക്കാനും നിക്ഷേപാന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനായി നിക്ഷേപകർക്ക് (വ്യവസായ കുടുംബങ്ങൾക്കും കോർപ്പറേറ്റുകൾക്കും ബഹുരാഷ്ട്ര കുത്തകകൾക്കും) പ്രോത്സാഹനങ്ങളും ആനുകൂല്യങ്ങളും നൽകുന്നതിനും ഊന്നൽകൊടുക്കണമെന്ന ചിന്താഗതിയാണ് ഈ ചർച്ചകളിൽ പ്രകടമായത്.**

**പി**ന്നാക്കം പായുന്ന സമ്പദ്ഘടനയെ മുന്നോട്ടാനയിക്കാൻ 'ജനകീയ നാട്യങ്ങളൊക്കെ വെടിഞ്ഞ്' ചില കടുത്ത തീരുമാനങ്ങൾ കൈക്കൊള്ളാൻ തയ്യാറാകണമെന്നായിരുന്നു ഈ പണ്ഡിതന്മാർ സർക്കാരിന് നൽകിയ ഉപദേശം. ഇന്ധനം, രാസവളം, ഭക്ഷ്യം തുടങ്ങിയ മേഖലകളിലെ സബ്സിഡികളൊക്കെ പിൻവലിച്ച്, പാചകവാതകവും മണ്ണെണ്ണയുമുൾപ്പെടെയുള്ളവയുടെ വില വർദ്ധിപ്പിച്ച്, സാധാരണക്കാരെ പിഴിഞ്ഞൂറ്റുന്നതിനെയാണ് 'ഉറച്ച തീരുമാനങ്ങൾ' എന്നുദ്ദേശിക്കുന്നത്. 'ജനകീയ നാട്യങ്ങൾ' എന്നിവരുദ്ദേശിക്കുന്നത് ചക്രശ്വാസം വലിക്കുന്ന ദരിദ്രർക്ക് നൽകുന്ന എന്തെങ്കിലും

*(ശേഷം 12–ാം പേജിൽ)*

## പഠിപ്പുമുടക്ക് സംവാദം: സിപിഐ (എം) ലക്ഷ്യമിടുന്നതെന്ത്?

**എ**സ്എഫ്ഐ പഠിപ്പുമുടക്ക് സമരം ഉപേക്ഷിക്കാൻ തീരുമാനിച്ചിരിക്കുന്നു. സംഘടനയുടെ അഖിലേന്ത്യാ പ്രസിഡന്റ് തന്നെ അക്കാര്യം പരസ്യമായി പ്രഖ്യാപിക്കുകയുണ്ടായി. ആ തീരുമാനം എസ്എഫ്ഐയുടേത് മാത്രമല്ല, മാതൃപ്രസ്ഥാനമായ സിപിഐ(എം)ന്റേത് കൂടിയാണെന്ന് തെളിയിച്ചുകൊണ്ട് പാർട്ടി കേന്ദ്രകമ്മിറ്റിയംഗവും എസ്എഫ്ഐ യുടെ ചുമതലക്കാരനുമായ ഇ.പി. ജയരാജൻ മലയാളമനോരമ ദിനപത്രത്തിൽ ലേഖനമെഴുതി. ജൂലൈ 18 ന്റെ ഈ ലേഖനമാണ് എസ്എഫ്ഐ നേതാവിന്റെ പ്രസ്താവനയെക്കാൾ ഞെട്ടലുണ്ടാക്കിയത്. അദ്ദേഹം പറയുന്നു 'ഫീസ് വർദ്ധനയും മറ്റും ഒരു കാലഘട്ടത്തിൽ നിരന്തരമായ സമരങ്ങൾക്കുള്ള കാരണമായിരുന്നെങ്കിൽ കാലക്രമേണ അതൊരു മുഖ്യവിഷയമല്ലാത്ത നിലയിലേക്ക് സമൂഹത്തിന്റെ പൊതുവായ സാമ്പത്തിക സാഹചര്യം മാറിയിരിക്കുന്നു. ഈ

*(ശേഷം 2–ാം പേജിൽ)*



തൊഴിലാളിവർഗ്ഗത്തിന്റെ മഹാനായ ഗുരുനാഥൻ സഖാവ് ശിബ്ദാസ്ഘോഷിനെ അനുസ്മരിച്ചുകൊണ്ട് ആഗസ്റ്റ് 5 ന് കൊൽക്കത്ത ശഹീദ്മീനാറിനു സമീപം നടന്ന സമ്മേളനത്തിൽ എസ്‌യുസിഐ(സി) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ്ഘോഷ് മുഖ്യപ്രഭാഷണം നടത്തുന്നു. പ്രതികൂല കാലാവസ്ഥയെ അവഗണിച്ച് അണിനിരന്ന പതിനായിരങ്ങൾ

# പഠിപ്പുമുടക്ക് സമരങ്ങൾക്കെതിരെ സിപിഐ (എം) സംവാദം നടത്തുന്നതെന്തിന്?

(ഒന്നാം പേജിന്റെ തുടർച്ച)

മാറ്റം ആരും കണ്ടില്ലെന്ന് നടിക്കരുത്. മാറിയ സാഹചര്യത്തിൽ പഠിപ്പുമുടക്കുക എന്നത് ഒരു സംഘടനയുടെയും ലക്ഷ്യമാകരുത്'.

അതിഭീമമായ ഫീസ് വർദ്ധനവിനോടും അതിനെതിരായ വിദ്യാർത്ഥി പ്രക്ഷോഭങ്ങളോടുമുള്ള സിപിഐ (എം) എന്ന പാർട്ടിയുടെ സമീപനവും നിലപാടുമാണ് ഇത് വ്യക്തമാക്കുന്നത്. മദ്ധ്യവർഗ്ഗത്തിന്റെ സമരവിരുദ്ധമായ വികാര വിചാരങ്ങളോട് സമരസപ്പെട്ടുകൊണ്ട് അവർക്കുകൂടി സ്വീകാര്യമായ ഒരു പുതിയ മുഖം മിനുക്കിയെടുക്കാമെന്ന് വിചാരിച്ചാവാം പാർട്ടി പഠിപ്പുമുടക്ക് സമരങ്ങൾക്കെതിരെ തിരിഞ്ഞത്. പക്ഷേ, മിക്ക പ്രശ്നങ്ങളിലും എന്ന പോലെ ഇക്കാര്യത്തിലും സിപിഐ (എം) ന്റെ ഇരട്ടമുഖം വ്യക്തമാക്കിക്കൊണ്ടാണ് തുടർന്നുള്ള ചർച്ചകൾ മുന്നേറിയത്. മറ്റൊരു പാർട്ടി നേതാവ് പി.ജയരാജൻ ഇ.പിയുടെ നിലപാടിനെതിരെ പരസ്യമായി രംഗത്തുവന്നു. 'സംവാദം നടക്കട്ടെ' എന്നാദ്യം പറഞ്ഞു. അതു കഴിഞ്ഞ് തങ്ങളുടെ ഇടതു പരിവേഷം വേഗം അഴിഞ്ഞുവീഴുമെന്ന് തിരിച്ചറിഞ്ഞപ്പോൾ, ജനവിരുദ്ധ നയങ്ങൾക്കെതിരായ വികാരം തുടർന്നും പാർലമെന്ററി ആവശ്യകതയ്ക്കായി പ്രയോജനപ്പെടുത്തേണ്ടിവരുമെന്ന് കണക്കുകൂട്ടിക്കൊണ്ട് പഠിപ്പുമുടക്ക് പൂർണ്ണമായി ഉപേക്ഷിക്കാനാവില്ലെന്ന് സിപിഐ(എം) സംസ്ഥാനകമ്മറ്റിക്ക് പ്രസ്താവിക്കേണ്ടിവന്നു. പക്ഷേ, ജനാധിപത്യസമരങ്ങളോടും വിദ്യാർത്ഥി സമരങ്ങളോടുമുള്ള സിപിഐഎമ്മിന്റെ സമീപനമെന്തെന്ന് കൂടുതൽ നന്നായി പാർട്ടി അണികൾക്കും ബഹുജനങ്ങൾക്കും മനസ്സിലാക്കാൻ ഈ സംവാദം അവസരമൊരുക്കി.

തെരഞ്ഞെടുപ്പിലെ തിരിച്ചടിയുടേയും രാഷ്ട്രീയ പരാജയങ്ങളുടേയും കാരണം ശാസ്ത്രീയമായി നിർണ്ണയിക്കുന്നതിന്റെ(!) ഭാഗമായാണ് തങ്ങളിനിമേൽ പഠിപ്പുമുടക്ക് സമരം ചെയ്യില്ല എന്ന പ്രഖ്യാപനം വന്നിട്ടുള്ളത്. കഴിഞ്ഞ മൂന്ന് ദശാബ്ദക്കാലമായി പാർട്ടിയും പോഷകസംഘടനകളും നടത്തി വന്ന അക്രമസമരങ്ങൾ ജനങ്ങൾക്കിടയിൽ ഇടതുമുന്നണിക്കെതിരായി അവജ്ഞയും വെറുപ്പുമുണ്ടാക്കാൻ ഇടയാക്കിയിട്ടുണ്ട്. എസ്എഫ്ഐ ആകട്ടെ കഴിഞ്ഞ കുറേ വർഷങ്ങളായി, വിശേഷിച്ചും എൺപതുകൾക്കൊടുവിൽ മുതൽ നടത്തി വന്ന വിദ്യാർത്ഥി പ്രക്ഷോഭങ്ങൾ ചോരയിൽ മുങ്ങിയ അക്രമസമരങ്ങളായിരുന്നു. ന്യായമായ വിദ്യാർത്ഥി സമരങ്ങളെ ചോരയിൽ മുക്കിക്കൊല്ലാൻ പോലീസിന് അവസരം ഉണ്ടാക്കിക്കൊടുക്കുകയാണ് മിക്കപ്പോഴും അവർ ചെയ്തുകൊണ്ടിരുന്നത്. അതിൽ നിന്ന് രാഷ്ട്രീയ മുതലെടുപ്പ് നടത്താൻ ഇടതുമുന്നണി പ്രത്യേകം ശ്രദ്ധവെയ്ക്കുകയും ചെയ്തുപോന്നു. തൊണ്ണൂറുകളുടെ ആദ്യം എഐഡിഎസ്ഒ കൂടി പങ്കെടുത്ത സംയുക്ത വിദ്യാർത്ഥി പ്രക്ഷോഭങ്ങളിൽപ്പോലും സമരശൈലി മാറ്റാൻ എസ്എഫ്ഐ തയ്യാറായിരുന്നില്ല. അതുകൊണ്ട് തന്നെ ശരിയായ ഡിമാന്റുകൾ ഉന്നയിച്ച് സമരം ചെയ്യുമ്പോഴും, തെറ്റായ സമരമാർഗ്ഗം അവലംബിക്കപ്പെട്ടതിനാൽ, ഭൂരിപക്ഷം വിദ്യാർത്ഥി സമരങ്ങളും പരാജയപ്പെടാൻ നിർബന്ധിതമാവുകയായിരുന്നു. തൊണ്ണൂറുകൾക്കുശേഷം ഐക്യമുന്നണി വിദ്യാർത്ഥി പ്രക്ഷോഭത്തിനുപകരം, ഇടതുമുന്നണിയുടെ തികച്ചും സങ്കുചിതമായ രാഷ്ട്രീയ ലക്ഷ്യങ്ങൾ പൂർത്തീകരിക്കാനുള്ള ഇടതുസംയുക്ത സമരസമിതി രൂപവൽക്കരിക്കുകയാണ് അവർ ചെയ്തു പോന്നത്. അതുകൊണ്ട് കഴിഞ്ഞ ഒന്നര ദശാബ്ദക്കാലമായി സംസ്ഥാനത്ത് യോജിച്ച വിദ്യാർത്ഥി പ്രക്ഷോഭങ്ങൾ നടക്കുന്നില്ല. യുഡിഎഫ് അധികാരത്തിൽ വരുമ്പോൾ, തട്ടിക്കൂട്ടുന്ന ഇടതുവിദ്യാർത്ഥി സമരസമിതി തെരുവുകളിൽ കലാപം അഴിച്ചുവിടുകയാണ് പതിവ്. കുറെ ദിവസത്തെ അക്രമവാഴ്ചക്ക് ശേഷം സമരം അവസാനിക്കും. എന്തായിരുന്നു ഡിമാന്റ്? എന്തിനായിരുന്നു സമരം? പങ്കെടുക്കാൻ നിർബന്ധിതരാവുന്ന വിദ്യാർത്ഥികളിൽ ഭൂരിപക്ഷത്തിനും അക്കാര്യങ്ങൾ അറിയില്ലായിരിക്കും. പോലീസിനെതിരെ പെട്രോൾ ബോംബും കല്ലും എറിയുക, വാഹനങ്ങൾ കത്തിക്കുക, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എറിഞ്ഞുതകർക്കുക, പത്രക്കാരെ മർദ്ദിക്കുക, പത്രം ഓഫീസുകൾ ആക്രമിക്കുക, പൊതുമുതൽ നശിപ്പിക്കുക, പരമാവധി പോലീസിനെ പ്രകോപിപ്പിക്കുക തുടങ്ങിയ അക്രമപ്രവർത്തനങ്ങളാണ് ഇടതുമുന്നണിയുടെ ഒത്താശയോടെ നടന്നുവരുന്നത്. ആദ്യ കുറെ വർഷങ്ങൾ സ്വാശ്രയപ്രശ്നത്തിൽ എ.കെ ആന്റണി കച്ചവടം ഉറപ്പിക്കാൻ കൊണ്ടുവന്ന ഫിഫ്റ്റി-ഫിഫ്റ്റി എന്ന കപടമുദ്രാവാക്യം ഏറ്റുപിടിച്ചുകൊണ്ട്, വിദ്യാർത്ഥിസമരം എന്ന പരിപാടി നടത്തി നടത്തി ഒടുവിൽ നൂറ് ശതമാനവും മാനേജ്മെന്റ് ക്വാട്ടയാക്കി മാറ്റുന്നതിനുള്ള അവസ്ഥ സംജാതമാക്കിക്കൊടുത്തു. ഇടതുമുന്നണി അധികാരത്തിൽ വന്ന സന്ദർഭങ്ങളിൽ തങ്ങൾ നടത്തിയ സമരങ്ങളെപ്പോലും പുച്ഛിച്ചുകൊണ്ട് പുതിയ പുതിയ സ്വാശ്രയ കോളേജുകൾ ആരംഭിക്കുകകൂടി ചെയ്തതോടെ ഇടതുവിദ്യാർത്ഥി സമരം അപഹാസ്യമായി. എം.എ ബേബി 2006-ൽ അധികാരത്തിൽ വന്നപ്പോഴാകട്ടെ, മാനേജ്മെന്റുകൾക്കുവേണ്ടി സ്വാശ്രയനിയമം നടപ്പാക്കുകയും ചെയ്തു. ഫീസ് കുത്തനെ ഉയർന്നുകൊണ്ടിരുന്നു. കോഴ സർവ്വവ്യാപിയായി. സാധാരണക്കാരന് പഠിക്കാൻ ഒരു വഴിയുമില്ലായെന്ന അവസ്ഥയുണ്ടായി. അതിന്റെയെല്ലാം മറയിൽ വീണ്ടും കൂടുതൽ കൂടുതൽ അക്രമങ്ങൾക്ക് എസ്എഫ്ഐയും ഡിവൈഎഫ്ഐയും കോപ്പുകൂട്ടി. അതിനിടയിൽ കൊഴിഞ്ഞുപോയത് സമരതീക്ഷ്ണമായ വിദ്യാർത്ഥിയുവത്വമാണ്, അവരുടെ ധാർമ്മിക ശക്തിയാണ്, സംഘബലമാണ്. ഒരു കാലഘട്ടത്തിൽ അതിനുണ്ടായിരുന്ന ബഹുജന പിന്തുണയാണ് ചോർന്നുപോയത്. എന്നിട്ടും, അക്രമസമരങ്ങൾക്ക് കുറവുണ്ടായില്ല. ഡിമാന്റുകൾ നേടാതെ സമരങ്ങളും അവകാശങ്ങളും ഓരോന്നായി അടിയറ വെയ്ക്കുന്ന കാഴ്ച ദയനീയമായിരുന്നു.

ബഹുജനങ്ങൾ അക്രമാസക്തമായ വിദ്യാർത്ഥി സമരങ്ങളെ തള്ളിപ്പറഞ്ഞു. വലതുപക്ഷ പിന്തിരിപ്പൻ ശക്തികൾ സമരങ്ങൾക്കെതിരെ കാമ്പെയിൻ ആരംഭിക്കുകയും ഹൈക്കോടതി വിദ്യാർത്ഥികളുടെ സംഘടനാ സ്വാതന്ത്ര്യത്തെ തടയുന്ന വിധികൾ പുറപ്പെടുവിക്കുകയും ചെയ്തു. നല്ല വിദ്യാർത്ഥികൾ അകന്നുപോയി. അവർ അവരുടെ സ്വന്തം ഭാവിയെക്കുറിച്ച് മാത്രം ചിന്തിക്കുന്ന അവസ്ഥയുണ്ടായി. പാർട്ടി നേതാക്കളാകട്ടെ, കോൺഗ്രസ്, ബിജെപി, ലീഗ് നേതാക്കളെ വെല്ലുന്ന വിധത്തിൽ സ്വന്തം മക്കളെ വൻകിട സ്വാശ്രയകോളേജിലേക്ക് വിദ്യാഭ്യാസത്തിന് അയക്കുന്നതിന്റെ തിരക്കിലായിരുന്നു. അവരിൽ ചിലർ സ്വന്തമായി സ്വാശ്രയകോളേജുകളുടെ ഉടമസ്ഥൻമാർപോലുമായി.

ഫിഫ്റ്റി-ഫിഫ്റ്റി മുദ്രാവാക്യം തന്നെ കാപട്യമായി മാറി. അതിനുവേണ്ടി തെരുവുകളിൽ തലകീറി സമരം ചെയ്ത യുവത്വം, കൂത്തുപറമ്പ് രക്തസാക്ഷികളുടെ ദിനത്തിൽ പോലും സ്വാശ്രയ സ്ഥാപനങ്ങൾ ആരംഭിക്കുന്ന ഇടതുമുന്നണി ഭരണത്തിൻ കീഴിൽ നമ്രശിരസ്ക്കരായി. മറുവശത്ത് എബിവിപിയും, കെഎസ്‌യുവും എംഎസ്എഫുമൊക്കെ ഇതേ പാത തന്നെ സ്വീകരിച്ചതോടെ വിദ്യാർത്ഥി രാഷ്ട്രീയ പ്രവർത്തകരെന്നാൽ അക്രമപാതയിൽ സഞ്ചരിക്കുന്ന ഒരു സംഘടിത വിഭാഗം മാത്രമാണെന്ന ധാരണ ജനിപ്പിക്കാൻ ഇടയാക്കി. വളരെ സുപ്രധാനങ്ങളായ വിദ്യാഭ്യാസ പ്രശ്നങ്ങൾ നിലനിൽക്കുമ്പോഴും വ്യവസ്ഥാപിത രാഷ്ട്രീയ വിദ്യാർത്ഥി സംഘടനകൾക്ക് പൊതുസമൂഹത്തിന്റെ അംഗീകാരം ലഭിയ്ക്കാതെ പോയതിന് കാരണമതായിരുന്നു. എന്നാൽ, വിദ്യാർത്ഥി സംഘടനകളോ, അവയെ നയിക്കുന്ന രാഷ്ട്രീയ പാർട്ടികളോ തെറ്റ് തിരുത്താൻ തയ്യാറായില്ല. അവർക്ക് വേണ്ടത് പാർലമെന്ററി രാഷ്ട്രീയ ബലാബലത്തിൽ തങ്ങളുടെ സങ്കുചിത ലക്ഷ്യങ്ങൾ നേടാനാവശ്യമായ വിദ്യാർത്ഥിശക്തിയെ മാത്രമായിരുന്നു. ആ പാത സുഗമമാക്കുവാൻ വിദ്യാർത്ഥികൾ കരുക്കളായി. സർഗാത്മകമായ വിദ്യാർത്ഥി പ്രസ്ഥാനം ക്യാമ്പസ്സുകളിൽ നിന്ന് നിഷ്ക്രമിച്ചു. ക്രമേണ, മൂലധന ശക്തികളും ജാതി-വർഗീയ ശക്തികളും ക്യാമ്പസ്സിൽ വേരുറപ്പിക്കുന്നതാണ് കണ്ടത്. ജനാധിപത്യ അന്തരീക്ഷം പാടേ അപ്രത്യക്ഷമായതോടെ, ക്യാമ്പസ്സുകളിലെ കോഴ്സുകളുടെ ഉള്ളടക്കത്തിലും ഘടനയിലും മാറ്റങ്ങൾ വന്നു. സ്വയംഭരണ സ്വാശ്രയ കോളെജുകളാക്കി സർക്കാർ/എയ്ഡഡ് കോളെജുകളെ പരിവർത്തനപ്പെടുത്താൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് ആവോളം അവസരങ്ങൾ ഇതിലൂടെയാണ് ലഭിച്ചത്.

ഈയൊരു പശ്ചാത്തലത്തിൽ വേണം എസ്എഫ്ഐയുടെ പുതിയ ചുവടുമാറ്റത്തെ വിലയിരുത്താൻ. അനാവശ്യമായ പഠിപ്പുമുടക്ക് സമരങ്ങളും അക്രമസമരങ്ങളും അവസാനിപ്പിക്കാൻ അവർ തീരുമാനിക്കുന്നതിൽ ജനങ്ങൾക്ക് എതിർപ്പൊന്നുമുണ്ടാകില്ല. പക്ഷേ അതിന്റെ അർത്ഥം, ഇത്രയും നാൾ നടത്തി വന്നത് അനാവശ്യമായ പഠിപ്പുമുടക്ക് സമരങ്ങളായിരുന്നുവെന്നല്ലേ. അതവർ വാക്കാൽ അംഗീകരിച്ചാലും ഇല്ലെങ്കിലും അതാണല്ലോ സത്യം. വാസ്തവത്തിൽ ഒരു ന്യായമായ സമരത്തെ പരാജയപ്പെടുത്താൻ ഒരു അന്യായമായ സമരമുറയ്ക്ക് കഴിയും. അപ്പോൾ അന്യായമായ സമരമുറ മനഃപൂർവ്വം ആവിഷ്കരിക്കുന്നവരുടെ ദുഷ്ട ലക്ഷ്യം എന്തായിരിക്കും?

കഴിഞ്ഞ രണ്ട് ദശാബ്ദക്കാലമായി പൊതുവിദ്യാർഥി പ്രക്ഷോഭങ്ങളിൽ വിജയിച്ചവ ഏതൊക്കെയാണ്, വിദ്യാർഥികൾ സ്വന്തമായി നടത്തി വിജയിപ്പിച്ച മെഡിക്കൽ, പാരലൽ വിദ്യാർത്ഥി സമരങ്ങൾ ഒഴികെ? അതല്ലെങ്കിൽ, എസ്എഫ്ഐയും മറ്റും ഉൾപ്പെടാത്ത, അക്രമരീതികൾ ഒഴിവായ പ്രക്ഷോഭങ്ങൾ മാത്രമേ വിജയിച്ചിട്ടുള്ളൂ. പോളിടെക്നിക്ക് സമരം മുതൽ നിർമൽ മാധവ് വരെയുള്ള സമരങ്ങൾ പരാജയപ്പെടാനുള്ള കാരണം ഉയർത്തിയ ഡിമാന്റുകൾ തെറ്റായതു കൊണ്ടും അവ നടത്തിയ രീതികൾ ജനാധിപത്യവിരുദ്ധമായതുകൊണ്ടുമായിരുന്നു. എസ്എഫ്ഐയുടെ സമരങ്ങളിൽ പങ്കെടുക്കുന്ന ഭൂരിപക്ഷം വിദ്യാർത്ഥികൾക്കും തങ്ങൾ എന്തിന് വേണ്ടിയാണ് സമരത്തിൽ പങ്കെടുക്കുന്നത് എന്നറിയുമായിരുന്നില്ല. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളെജിൽ ഉൾപ്പെടെ അവർ സൃഷ്ടിച്ച ആയുധപ്പുരകളുടെ ബലത്തിൽ, രാഷ്ട്രീയ മുഷ്ക്കു പയോഗിച്ച് നടത്തിയ എല്ലാ 'സമരങ്ങളും' പരാജയപ്പെട്ടിട്ടേയുള്ളൂ.

എന്നാൽ, അതല്ലല്ലോ ജനാധിപത്യവിദ്യാർഥി പ്രക്ഷോഭങ്ങൾ. അവ തമ്മിലുള്ള വ്യത്യാസം ഈ വേളയിലെങ്കിലും തിരിച്ചറിയാൻ വിദ്യാർത്ഥി നേതാക്കൾ തയ്യാറാകണം. സ്വാശ്രയ വിദ്യാഭ്യാസം ഊട്ടിഉറപ്പാക്കിയ ശേഷം, ഇനി വിദ്യാർത്ഥികളുടെ ജോലി പഠിക്കുക എന്നതാണെന്ന് ഇ.പി. ജയരാജൻ പറയുന്നതിന്റെ രാഷ്ട്രീയമെന്തെന്നും തിരിച്ചറിയേണ്ടതുണ്ട്.

സ്വാശ്രയ മെഡിക്കൽകോളേജിലെ സർക്കാർ ക്വാട്ടയിലെ മെറിറ്റ് സീറ്റിലെ ഫീസ് 1.65 ലക്ഷം രൂപയിൽ നിന്നും 1.75 ലക്ഷം രൂപയായി ഉയർത്തിയ ദിവസമാണ് ഫീസു വർദ്ധനവു പോലെയുള്ള പ്രശ്നങ്ങൾ നമ്മുടെ രാജ്യത്ത് നിലനിൽക്കുന്നില്ലയെന്ന മട്ടിൽ സിപിഐഎമ്മിന്റെ കേന്ദ്രനേതാവ് ലേഖനം എഴുതുന്നത്. 70കളിൽ എട്ടണ വർദ്ധിപ്പിക്കുമ്പോഴും 80കളിൽ ഒരുരൂപ വർദ്ധിപ്പിക്കുമ്പോഴും 90കളിൽ 100രൂപ വർദ്ധിപ്പിക്കുമ്പോഴും വിദ്യാർത്ഥികൾ ഫീസ് വർദ്ധനവിനെതിരായ സമരങ്ങളിൽ പങ്കുചേരുമായിരുന്നു. ഇപ്പോൾ ഫീസ് 1.75ലക്ഷം രൂപയായപ്പോൾ ജയരാജന് അതൊരു 'മുഖ്യവിഷയമല്ലാതെയായി' മാറിയത് എന്തുകൊണ്ട്?

അപ്പോൾ വിദ്യാർത്ഥി രാഷ്ട്രീയം വന്ധ്യംകരിക്കപ്പെടണമെന്ന് ഏത് കാലഘട്ടത്തിലാണ് നമ്മുടെ രാഷ്ട്രീയ നേതൃത്വം തീരുമാനിക്കുന്നത്. അക്രമാസക്തമായ മൂലധനത്തിന്റെ അധിനിവേശം ക്യാമ്പസ്സുകൾ കീഴടക്കുമ്പോഴാണ്, വിദ്യാർത്ഥികൾ ക്ലാസ്സ്മുറികളിലിരുന്ന് പഠിക്കുവാൻ സിപിഐ(എം) ഉപദേശിക്കുന്നത്. അതിനുമുമ്പ്, അങ്ങനെയൊരു ചിന്ത പോലും അവർക്കുണ്ടായില്ലായെന്നത് യാദൃച്ഛികവുമല്ല. പഠിക്കുവാനാണ് ക്ലാസ്സ് മുറികൾ എന്ന ബോധോദയം ഇന്നലത്തെ രാത്രിയിലാണോ നമ്മുടെ നേതാക്കൾക്കുണ്ടാകുന്നത്? ഇക്കാലയളവിനുള്ളിൽ യഥാർഥത്തിൽ എത്ര തവണയാണ് ഒഴിച്ചുകൂടാനാവാത്ത സന്ദർഭമെന്ന നിലയിൽ പഠിപ്പുമുടക്ക് സമരം വേണ്ടി വന്നത്? ഭൂരിപക്ഷം സന്ദർഭങ്ങളിലും അനാവശ്യമായി പഠിപ്പുമുടക്കാൻ ആഹ്വാനം ചെയ്ത അതേ നേതാക്കൾ, ഇപ്പോൾ പഠിപ്പ് മുടക്കം അവസാനിപ്പിക്കുന്ന 'കളിയാണ്' നിർദ്ദേശിക്കുന്നത്. പഠിപ്പ്മുടക്കി ചാടിക്കളിക്കാൻ തീരുമാനിക്കുന്നതും നീയേ, ഒന്നും മുടക്കാതെ അനുസരണക്കുട്ടൻമാരായി സ്വാശ്രയക്ലാസ്സിൽ അമർന്നിരുന്ന് പഠിക്കാൻ നിർദ്ദേശിക്കുന്നതും നീയേ.

യൂണിവേഴ്സിറ്റി കോളേജ് ഉൾപ്പെടെയുള്ള ക്യാമ്പസ്സുകൾ സ്വയംഭരണ-സ്വാശ്രയ മാനേജുമെന്റുകളുടെ കീഴിലേക്ക് വരുമ്പോഴാണ് ഈ മാറ്റങ്ങളെല്ലാം സംഭവിക്കുന്നതെന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കുക. എന്നാൽ അതിന്റെയൊന്നും പൊരുൾ മനസ്സിലാക്കാനാവാതെ, ചരിത്രദൗത്യമെന്തെന്ന് തിരിച്ചറിയാനാവാതെ തളർന്നിരിക്കുന്ന വിദ്യാർത്ഥി നേതാക്കളുടെ ദയനീയ ഭാവത്തിൽ നിന്നുതന്നെ കേരളത്തിലെ വിദ്യാർത്ഥി രാഷ്ട്രീയം ഇന്നെത്തിനിൽക്കുന്ന പരിതാപകരമായ പതനം വ്യക്തമാണ്.

പക്ഷേ, രാഷ്ട്രീയ നേതൃത്വം വരയ്ക്കുന്ന കളത്തിനുള്ളിലെ കളിയല്ല കാമ്പുറ്റ വിദ്യാർത്ഥി രാഷ്ട്രീയം. ചരിത്രപരമാണ് അതിന്റെ പിറവി. സ്വാതന്ത്ര്യ പ്രക്ഷോഭത്തിന്റെ അഗ്നി നിറഞ്ഞ പന്ഥാവിൽ ഉയിർകൊണ്ട മഹത്തായ ആദർശ രാഷ്ട്രീയത്തിന്റെ പിന്തുടർച്ചയിൽ വളർന്നുവന്ന ഇന്ത്യൻ രാഷ്ട്രീയ സമരധാര ഇവിടെ അവസാനിക്കുന്നില്ല. നിലവിലുള്ള വിദ്യാർത്ഥി രാഷ്ട്രീയത്തിന്റെ പതനം അതിന്റെ അവസാനവാക്കുമല്ല. കോർപ്പറേറ്റുകൾ വിദ്യാഭ്യാസ അവകാശങ്ങൾ കവർന്നെടുക്കുമ്പോൾ, വിദ്യാർത്ഥി പ്രക്ഷോഭത്തിന്റെ ജനാധിപത്യ മാർഗങ്ങൾ കൈവിടാതെ, വ്യക്തമായ ബോധ്യത്തിന്റെയും നിശ്ചയദാർഢ്യത്തിന്റെയും അടിസ്ഥാനത്തിൽ, ഉന്നതമായ ജനാധിപത്യമൂല്യങ്ങളുടെയും ധാർമ്മികതയുടെയുംഅടിത്തറയിൽ പൊരുതുന്ന വിദ്യാർത്ഥികളുടെ ഒരു നിര ഉയർന്നു വരേണ്ടതുണ്ട്. സങ്കുചിതമായ രാഷ്ട്രീയ ലക്ഷ്യങ്ങളാവില്ല അവർക്കുണ്ടാവുക. പ്രചണ്ഡമായ വിദ്യാർത്ഥി പ്രക്ഷോഭണത്തിലൂടെ പഠിപ്പുമുടക്കുൾപ്പെടെയുള്ള അന്തിമ സമരമുറകളിലൂടെ അന്ത്യം കുറിക്കപ്പെടേണ്ട അനീതിയും അസമത്വവും കൊടികുത്തിവാഴുകയാണിവിടെ. പണമില്ലാത്തവനെ അജ്ഞതയുടെ അന്ധകാരത്തിലേക്ക് ചവിട്ടിത്താഴ്ത്തുമ്പോൾ വിദ്യാർത്ഥിപ്രക്ഷോഭം ഒന്നുമാത്രമാണ് മുന്നിലുള്ള ഒരേയൊരു പാത. എന്നാൽ, അത്തരമൊരു പ്രക്ഷോഭത്തെ ഇല്ലാതാക്കാൻ വിദ്യാർത്ഥികളെ അജ്ഞരും തൻകാര്യം നോക്കികളുമാക്കി മാറ്റാൻ ഭരണവർഗ്ഗം ശ്രമിക്കുന്നത്. അതേ ഭരണവർഗ്ഗതാൽപ്പര്യങ്ങളുമായി സിപിഐ(എം) ഉൾപ്പെടെയുള്ള കപട ഇടതുപക്ഷ പ്രസ്ഥാനങ്ങൾ താദാത്മ്യപ്പെട്ടിരിക്കുന്നു എന്നതാണ് പഠിപ്പുമുടക്കിനെതിരെയുള്ള നിലപാട് വ്യക്തമാക്കുന്നത്.

സ്വാശ്രയ സ്വയംഭരണ സ്ഥാപനങ്ങൾ ജനാധിപത്യവകാശങ്ങൾ കശാപ്പുചെയ്യപ്പെട്ട അറവു ശാലകളിലാണ് ഉയർന്ന് വരുന്നത്. അതിനെ നേരിടാൻ ഉയർന്ന അറിവും സദാചാരവും ധാർമ്മിക മൂല്യങ്ങളുമാണ് ജനാധിപത്യ വിദ്യാർത്ഥി പ്രക്ഷോഭങ്ങളിലൂടെ വിദ്യാർത്ഥികൾക്കു പകർന്നുനൽകേണ്ടത്. അപ്പോൾ മാത്രമേ, സ്വാതന്ത്ര്യസമരദിനങ്ങളിലെ മഹാത്മാക്കളുടെ കാൽപ്പാടുകൾ പിന്തുടരുന്ന യഥാർത്ഥ അവകാശികളാണ് നാമെന്ന് പറയാനാകൂ. യഥാർത്ഥ ജനാധിപത്യവിദ്യാർത്ഥി മുന്നേറ്റങ്ങൾ, അക്രമ രാഷ്ട്രീയത്തിന്റെയും ആദർശരാഹിത്യത്തിന്റെയും വേലിക്കെട്ടുകൾ ഭേദിച്ച് പുതിയ ചക്രവാളങ്ങൾ തീർക്കുന്നത് അതിന് ശേഷമേ യാഥാർഥ്യമാകൂ. ●

## സഖാവ് ശിബ്ദാസ് ഘോഷ് അനുസ്മരണദിനാചരണം

# സർവ്വാശ്ലേഷിയായ സമരത്തിലൂടെ മഹാനായ ആചാര്യന്റെ ജീവിതസമരത്തിൽ നിന്നും പ്രബോധനങ്ങളിൽ നിന്നുമുള്ള പാഠങ്ങൾ സ്വാംശീകരിക്കുക




സഖാവ് ശിബ്ദാസ്ഘോഷ് അനുസ്മരണയോഗത്തിൽ പോളിറ്റ്ബ്യൂറോഅംഗം സഖാവ് മണിക് മുഖർജി മുഖ്യപ്രഭാഷണം നടത്തുന്നു. വേദിയിൽ സംസ്ഥാന സെക്രട്ടറി സ. സി.കെ.ലൂക്കോസും സംസ്ഥാന കമ്മിറ്റിയംഗങ്ങളും.

**സ**മുന്നത മാർക്സിസ്റ്റ് ദാർശനികനും തൊഴിലാളിവർഗ്ഗത്തിന്റെ മഹാനായ നേതാവും എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ സ്ഥാപകജനറൽ സെക്രട്ടറിയുമായ സഖാവ് ശിബ്ദാസ് ഘോഷിന്റെ 38-ാം ചരമവാർഷികദിനമായ ആഗസ്റ്റ് 5 രാജ്യത്തെങ്ങും ശിബ്ദാസ്ഘോഷ് അനുസ്മരണദിനമായി സമുചിതം ആചരിക്കപ്പെട്ടു. കേരളത്തിൽ എസ്‌യുസിഐ(സി) സംസ്ഥാന കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ അമാലിയിൽ അനുസ്മരണയോഗം നടന്നു. പോളിറ്റ്ബ്യൂറോ അംഗം സ.മണിക്മുഖർജി മുഖ്യപ്രസംഗം നടത്തി. കേന്ദ്രകമ്മിറ്റിയംഗവും സംസ്ഥാനസെക്രട്ടറിയുമായ സ.സി.കെ.ലൂക്കോസ് അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാനസെക്രട്ടേറിയറ്റംഗം സ.വി.വേണുഗോപാൽ പ്രസംഗിച്ചു. സ.ശിബ്ദാസ്ഘോഷിനെപ്പറ്റിയുള്ള ഗാനാലാപനത്തോടെയാണ് യോഗം തുടങ്ങിയത്. തൊഴിലാളിവർഗ്ഗ സാർവ്വദേശീയ ഗാനത്തോടെ യോഗനപടികൾ അവസാനിച്ചു. അനുസ്മരണ യോഗത്തിന് മുമ്പ് പാർട്ടിസഖാക്കൾ അങ്കമാലി ടൗണിൽ സഖാവ് ശിബ്ദാസ്ഘോഷിന്റെ ചിത്രങ്ങളും ചെങ്കൊടികളുമേന്തി പ്രകടനം നടത്തി.

സ.സി.കെ.ലൂക്കോസ് തന്റെ പ്രസംഗത്തിൽ സ.ശിബ്ദാസ് ഘോഷ് ലോകകമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് നൽകിയ വിലപ്പെട്ട സംഭാവനകളെപ്പറ്റി പറഞ്ഞു. വ്യക്തിവാദം ഏറ്റവും വഷളായ വ്യക്തികേന്ദ്രീയതയായി മാറിയിരിക്കുന്ന ഇന്നത്തെ ഘട്ടത്തിൽ വ്യക്തിവാദത്തെ നിർമ്മാർജ്ജനം ചെയ്ത് തൊഴിലാളിവർഗ്ഗസംസ്കാരമായ സാമൂഹികത ആർജ്ജിക്കാനുള്ള സമരം ജീവൽപ്രധാനമായിരിക്കുന്നുവെന്ന് സ.ഘോഷ് പഠിപ്പിച്ചു. കമ്മ്യൂണിസ്റ്റ് ധാർമ്മികതയെപ്പറ്റിയുള്ള ധാരണ അദ്ദേഹം കാലാനുസൃതം വികസിപ്പിച്ചു. ഈ ഉയർന്ന ധാരണ ആർജ്ജിക്കുന്നതിലും ആ സാംസ്കാരികനിലവാരം കൈവരിക്കാനുള്ള സമരം ശരിയായി നടത്തുന്നതിലും വന്ന പരാജയമാണ് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് നേരിടേണ്ടിവന്ന തിരിച്ചടിക്ക് ഒരു പ്രധാനകാരണം - സ. സി.കെ.ലൂക്കോസ് ചൂണ്ടിക്കാട്ടി.

ആർഎംപിയും എസ്‌യുസിഐ(സി)യും എംസിപിഐ(യു)വും ചേർന്ന് രൂപീകരിച്ചിരിക്കുന്ന ഇടതുപക്ഷ ഐക്യമുന്നണി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ജനവിരുദ്ധ നയങ്ങൾക്കെതിരെ യോജിച്ച പ്രക്ഷോഭണം കെട്ടിപ്പടുക്കാനായി നടത്തിവരുന്ന പ്രവർത്തനങ്ങളെപ്പറ്റി ഇടതുപക്ഷ ഐക്യമുന്നണി കൺവീനർ കൂടിയായ സ.വി.വേണുഗോപാൽ വിശദീകരിച്ചു. കേരളത്തിൽ ജനാധിപത്യബഹുജനസമരങ്ങളുടെ നേതൃത്വമെന്ന നിലയിൽ ഇടതുപക്ഷഐക്യമുന്നണിയെ ശക്തിപ്പെടുത്താൻ അദ്ദേഹം ജനങ്ങളോടഭ്യർത്ഥിച്ചു.

### സഖാവ് മണിക്മുഖർജിയുടെ പ്രസംഗം

സഖാക്കളേ,

നമ്മുടെ പ്രിയങ്കരനായ നേതാവും ആചാര്യനും മാർഗ്ഗദർശിയുമായ സഖാവ് ശിബ്ദാസ്ഘോഷിന്റെ നിര്യാണത്തിന് ശേഷം എല്ലാ വർഷവും ഈ ദിവസം, ആഗസ്റ്റ് 5, നാം സഖാവ് ശിബ്ദാസ്ഘോഷ് അനുസ്മരണദിനമായി ആചരിച്ചുവരികയാണ്. പക്ഷെ, അത് കേവലം ഒരു അനുഷ്ഠാനമായി മാറരുത് എന്ന നിഷ്കർഷ നമുക്കുണ്ട്. വ്യക്തമായ രാഷ്ട്രീയ ലക്ഷ്യത്തോടെയും വിപ്ലവകരമായ ആവശ്യകതാബോധത്തോടെയുമാണ് നാം ഈ ദിനാചരണം നടത്തുന്നത്. സഖാവ് ശിബ്ദാസ്ഘോഷിന്റെ പ്രബോധനങ്ങൾ ബഹുജനങ്ങൾക്കിടയിൽ വ്യാപകമായി ചർച്ച ചെയ്യാനുള്ള ഒരവസരമായി ഈ ആചരണവേളയെ നാം കാണുന്നു. അതുപോലെ തന്നെ, ഈ അവസരത്തിൽ നാം പാർട്ടിസഖാക്കൾ സഖാവ് ശിബ്ദാസ്ഘോഷിന്റെ പാഠങ്ങളും ജീവിത സമരവും പുനരാവർത്തി പഠിക്കാനും മനസ്സിലാക്കാനും ശ്രമിക്കുന്നു.

സഖാവ് ശിബ്ദാസ്ഘോഷ് തന്റെ രാഷ്ട്രീയസമരം ആരംഭിച്ചത് വളരെ ചെറുപ്രായത്തിലായിരുന്നുവെന്ന് നമുക്കറിയാം. അന്ന് നമ്മുടെ രാജ്യത്ത് കമ്മ്യൂണിസ്റ്റെന്ന പേര് വഹിക്കുന്ന പാർട്ടികളുണ്ടായിരുന്നു. അവിഭജിത സിപിഐ, ആർഎസ്പി എന്നിങ്ങനെയുള്ള പാർട്ടികൾ. പക്ഷെ, ആ പാർട്ടികൾ ഫലത്തിൽ സോഷ്യൽഡെമോക്രാറ്റിക് പാർട്ടികളാണെന്ന നിഗമനത്തിലാണ് അക്കാലത്ത് തന്നെ അദ്ദേഹം എത്തിച്ചേർന്നത്. ആ പാർട്ടികളിൽ പലതും കമ്മ്യൂണിസ്റ്റ് പാർട്ടികളായി വളർന്നുവരാൻ ശ്രമിച്ചുവെങ്കിലും അവർക്കതിന് കഴിഞ്ഞില്ല. ശരിയായ വിപ്ലവസിദ്ധാന്തമില്ലാതെയും വിപ്ലവപ്പാർട്ടിയില്ലാതെയും ഒരു രാജ്യത്തും വിപ്ലവം സാദ്ധ്യമല്ല എന്നത് ലെനിൻ നൽകിയിട്ടുള്ള പാഠമാണ്. ഇൻഡ്യൻ സമൂഹത്തെ മുതലാളിത്തത്തിൽ നിന്ന് സോഷ്യലിസത്തിലേയ്ക്ക് പരിവർത്തനപ്പെടുത്തണമെങ്കിൽ അതിന് ശരിയായ കമ്മ്യൂണിസ്റ്റ് പാർട്ടി ആവശ്യമാണെന്നും, ഈ പാർട്ടികളിലൊന്നും ശരിയായ കമ്മ്യൂണിസ്റ്റ് പാർട്ടിയല്ലാത്തതിനാൽ ഈ മണ്ണിൽ ഒരു യഥാർത്ഥ കമ്മ്യൂണിസ്റ്റ് പാർട്ടി കെട്ടിപ്പടുക്കേണ്ടത് അനിവാര്യമാണെന്നുമുള്ള നിഗമനത്തിൽ സ.ഘോഷ് എത്തിച്ചേർന്നു. അങ്ങനെ ഈ ആവശ്യകത മുൻനിർത്തിയാണ് അദ്ദേഹം തന്റെ സമരമാരംഭിച്ചത്.

ഞങ്ങൾ നമ്മുടെ പാർട്ടിയിൽ മൂന്നാമത്തെ ബാച്ചായിരുന്നുവെന്ന് പറയാം. ആദ്യബാച്ച് സഖാവ് ശിബ്ദാസ്ഘോഷ്,നിഹാർമുഖർജി, ഹിരൺസർക്കാർ, സച്ചിൻബാനർജി, പ്രതീഷ്ചന്ദ, സുബോധ്ബാനർജി ഇങ്ങനെ ഏതാനും പേരടങ്ങുന്നതായിരുന്നു. അടുത്ത ബാച്ച് സഖാവ് സുകോമൾദാസ് ഗുപ്ത, അശുതോഷ്ബാനർജി തുടങ്ങിയ ഏതാനും സഖാക്കൾ. മൂന്നാമത്തെ ബാച്ചായി സഖാവ് പ്രൊവാഷ്ഘോഷും ഞാനും മറ്റ് ചില സഖാക്കളും. ഞങ്ങൾ പാർട്ടിയിൽ ചേരുമ്പോൾ പാർട്ടി വളരെ വളരെ ചെറുതായിരുന്നു. സഖാവ് ശിബ്ദാസഘോഷിനെ, അദ്ദേഹം സ്വയം ഈ രാജ്യത്തെ ലെനിൻ ആണ് താനെന്ന് വിചാരിക്കുന്നുവെന്ന് പറഞ്ഞ് അന്ന് ആളുകൾ പരിഹസിച്ചിരുന്നു. അന്ന് സഖാവ് സ്റ്റാലിന്റെ നേതൃത്വത്തിലുണ്ടായിരുന്ന സാർവ്വദേശീയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം സി.പി.ഐ-യെ ഇൻഡ്യയിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയായി അംഗീകരിച്ചിരുന്നു. എന്നാൽ, കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇൻഡ്യ എന്ന് പേരുള്ള പാർട്ടിയുൾപ്പെടെയുള്ള മറ്റ് പാർട്ടികളൊന്നും ശരിയായ കമ്മ്യൂണിസ്റ്റ് പാർട്ടികളല്ലെന്ന് സ.ശിബ്ദാസ്ഘോഷ് പറഞ്ഞു. അപ്പോൾ സഖാവ് സ്റ്റാലിനെക്കാൾ നന്നായി നിങ്ങൾ കാര്യങ്ങൾ മനസ്സിലാക്കുന്നുവെന്നാണോ നിങ്ങൾ കരുതുന്നത് എന്ന ചോദ്യത്തെ അദ്ദേഹത്തിന് അഭിമുഖീകരിക്കേണ്ടിവന്നു. ഇത്തരത്തിൽ പല ചോദ്യങ്ങളും ഞങ്ങൾക്ക് നേരിടേണ്ടിവന്നു. അവയെ രാഷ്ട്രീയമായി നേരിടേണ്ട ആവശ്യകതയുമുണ്ടായി. ആ സമരം ഞങ്ങളെ സ്വന്തം നിലവാരമുയർത്താൻ വളരെയേറെ സഹായിച്ചു എന്നാണ് ഇപ്പോൾ ഞങ്ങൾ വിലയിരുത്തുന്നത്. ഈ ചോദ്യങ്ങൾക്ക് ഉത്തരം നൽകാൻവേണ്ടി ഞങ്ങൾക്ക് സഖാവ് ശിബ്ദാസ്ഘോഷിന്റെ ആശയങ്ങളും അദ്ദേഹത്തിന്റെ ജീവിതസമരവും ആവർത്തിച്ചു പഠിക്കേണ്ടതായി വന്നു. ഇത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്.

ലോകത്തെ വിവിധ കമ്മ്യൂണിസ്റ്റ് പാർട്ടികളുടെ ചരിത്രം പരിശോധിച്ചാൽ, നമ്മുടെ പാർട്ടി രൂപീകരിക്കപ്പെട്ടതുപോലെ ഒരു സാഹചര്യത്തിൽ രൂപീകൃതമായ മറ്റൊരു പാർട്ടിയുമില്ല എന്ന് കാണാൻ കഴിയും. ചിന്തിക്കാനാകാത്തത്ര പ്രതികൂല സാഹചര്യങ്ങളുടെ നടുവിലാണ് നമ്മുടെ പാർട്ടി രൂപീകരിക്കപ്പെട്ടത്. സഖാവ് ശിബ്ദാസ്ഘോഷിന്റെ നേതൃത്വത്തിൽ വിരലിലെണ്ണാവുന്നത്രയും ചെറുപ്പക്കാർ. പണമോ സാമൂഹ്യമായ പിന്തുണയോ മാധ്യമങ്ങളുടെ പിന്തുണയോ ഒന്നും അവർക്കുണ്ടായിരുന്നില്ല. ഭക്ഷണത്തിന് പോലും വകയുണ്ടായിരുന്നില്ല. അങ്ങനെയൊരു സാഹചര്യത്തിലാണ് അവർ ആരംഭിച്ചത്. പാർട്ടിയുടെ മുതിർന്ന നേതാക്കൾ, സഖാവ് ശിബ്ദാസ്ഘോഷും സഖാവ് നിഹാർമുഖർജിയും പറയുമായിരുന്നു, അങ്ങനെ തുടർന്നാൽ തങ്ങൾ മരിച്ചുപോവുമായിരുന്നുവെന്ന്. മറ്റൊരു രാജ്യത്തും ഇത്തരത്തിൽ ഒരു കമ്മ്യൂണിസ്റ്റ് പാർട്ടി കെട്ടിപ്പടുത്തിട്ടുണ്ടാവുകയില്ല. ആ വിഷയത്തിൽ സഖാവ് ശിബ്ദാസ്ഘോഷ് പറഞ്ഞതെന്തെന്ന് നമുക്കറിയാം. അങ്ങനെ മരിക്കേണ്ടി വന്നാൽ, ജനങ്ങളോട് ഞങ്ങളുടെ ലൈൻ ശരിയാണ്, അത് മനസ്സിലാക്കാനും പിന്തുടരാനും ശ്രമിക്കൂ എന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ മരിക്കും എന്നാണ് അദ്ദേഹം പറഞ്ഞത്. അത് ആത്യന്തികമായി ഫലം ചെയ്യുമെന്നും. നമ്മുടെ ലൈൻ ശരിയാണെങ്കിൽ, വിശകലനം ശരിയാണെങ്കിൽ കുറച്ചുപേരെങ്കിലും മുന്നോട്ട് വന്ന് ആ ലൈൻ പിന്തുടരുകയും മുന്നോട്ടുകൊണ്ടുപോവുകയും ചെയ്യും എന്നദ്ദേഹം പറഞ്ഞു.

ഇപ്പോൾ ഇക്കാര്യങ്ങൾ ഞാൻ പറയുന്നതെന്തിന്? കേഡർമാരുടെ എണ്ണം പരിഗണിച്ചാൽ, ഇന്ന് നമ്മുടെ രാജ്യത്തെ സംഘടിതമായ ഏറ്റവും വലിയ പാർട്ടി നമ്മുടേതാണെന്ന് നിസ്സംശയം പറയാവുന്നതാണ്. നമുക്ക് മാധ്യമങ്ങളുടെ പിന്തുണയില്ല, എം.എൽ.എമാരോ എം.പിമാരോ ഇല്ല, മന്ത്രിമാരില്ല, പക്ഷെ, രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളിലും നമ്മുടെ പാർട്ടി വളരെ സജീവമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു; വർഗ്ഗ ബഹുജനസമരങ്ങൾ വളർത്തിയെടുത്തുകൊണ്ടിരിക്കുന്നു. ജീവിതം സമ്പൂർണ്ണമായി വിപ്ലവപ്രവർത്തനത്തിനായി സമർപ്പിച്ച മുഴുവൻസമയ പ്രവർത്തകരായ നിരവധി സഖാക്കൾ നമുക്കുണ്ട്. സഖാക്കൾ പാർട്ടി സെന്ററുകളിൽ കൂട്ടായ ജീവിതം നയിക്കുന്നു. അവർ സാമൂഹ്യമായ ജീവിതവും സാമൂഹ്യമായ സമരവും നയിക്കു

(ശേഷം 4-ാംപേജിൽ)




സഖാവ് ശിബ്ദാസ്ഘോഷ് അനുസ്മരണ സമ്മേളനത്തിനുമുന്നോടിയായി അങ്കമാലി ടൗണിൽ നടന്ന റാലിയിൽ നിന്ന് ഒരു ദൃശ്യം.



സഖാവ് ശിബ്ദാസ്ഘോഷ് അനുസ്മരണ സമ്മേളനത്തിൽ പങ്കെടുക്കുന്ന സദസ്സിന്റെ ദൃശ്യം



# ഫാസിസ്റ്റ് വിപത്തിനെതിരെ വിശാല ഐക്യം സൃഷ്ടിക്കുക

## -സഖാവ് മണിക് മുഖർജി

( 3-ാംപേജിൽ നിന്ന് തുടർച്ച)

ന്നു. നമ്മുടെ രാജ്യത്ത് ഇതൊരു പുതിയ പ്രതിഭാസമാണ്. ഇത് ക്രമേണ ശക്തിപ്പെട്ടുവരികയാണ്.

മുൻ സോവിയറ്റ് യൂണിയനിലും കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിലും പ്രതിവിപ്ലവം നടന്നതിനെത്തുടർന്ന് ലോകത്തെ പല കമ്മ്യൂണിസ്റ്റ് പാർട്ടികളും പ്രവർത്തനം അവസാനിപ്പിച്ചു. പല പാർട്ടികളും നിലനിൽക്കാൻ പാടുപെടുകയാണ്. പക്ഷെ, നമ്മുടെ പാർട്ടി വളർന്നുകൊണ്ടിരിക്കുന്നു. എന്തുകൊണ്ട്? ഞാൻ വമ്പ് പറയുകയല്ല. മറിച്ച് എന്തുകൊണ്ട് ഇങ്ങനെ സംഭവിക്കുന്നുവെന്ന് ചൂണ്ടിക്കാണിക്കാൻ വേണ്ടിയാണ് ഞാനിത് പറയുന്നത്. മാർക്സിസം-ലെനിനിസത്തെ സംബന്ധിച്ച് നമ്മുടെ പ്രിയങ്കരനായ നേതാവ് സഖാവ് ശിബ്ദാസ്ഘോഷ് സമൂർത്തവൽക്കരിച്ച ധാരണ, വിപ്ലവ പ്രത്യയശാസ്ത്രം, വിപ്ലവരാഷ്ട്രീയം - അതിന്റെ കരുത്തുകൊണ്ടാണ് നമുക്കത് കഴിയുന്നത്. അതാണ് മാർക്സിസം-ലെനിനിസം-സഖാവ്ശിബ്ദാസ്ഘോഷ് ചിന്തകൾ. അതാണ് നമ്മുടെ അധൃഷ്യമായ ആയുധം. ആ ആയുധമേന്തിക്കൊണ്ടാണ് നാം എല്ലാ പ്രതിബന്ധങ്ങളെയും തട്ടിനീക്കി മുന്നേറിക്കൊണ്ടിരിക്കുന്നത്. അങ്ങനെ നമുക്ക് ബഹുജനങ്ങളുടെ പിന്തുണയും നേടാനാവുന്നു. അതിനാൽ, സിദ്ധാന്തം, പ്രത്യയശാസ്ത്രം, വളരെ വളരെ പ്രധാനമാണ്. ഒരിക്കൽ ആളുകൾ പറഞ്ഞിരുന്നു: നിങ്ങളുടെ ആശയം ശരിയായിരിക്കാം, പക്ഷെ, നിങ്ങൾ വളരെ ചെറിയൊരു പാർട്ടിയാണ്. നിങ്ങൾക്ക് കരുത്തില്ല. അതിനാൽ നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയില്ല. നമ്മുടെ ഉത്തരം ലളിതമായിരുന്നു. ഞങ്ങൾ ശരിയാണെങ്കിൽ ഒരിക്കൽ ജനങ്ങൾ ഞങ്ങളെ അംഗീകരിക്കും, ഞങ്ങളുടെ പ്രവർത്തനങ്ങൾ ഇൻഡ്യ മുഴുവൻ വ്യാപിക്കും. ഞങ്ങളുടെ സിദ്ധാന്തം ശരിയാണോ അല്ലയോ എന്നതിനെ ആശ്രയിച്ചിരിക്കുന്ന കാര്യമാണത്. ഇന്ന് നിസ്സംശയമായും അത് തെളിയിക്കപ്പെട്ടിരിക്കുകയാണ്. ഇൻഡ്യയിൽ മാത്രമല്ല. രാജ്യത്തിന് പുറത്തും സഖാവ് ശിബ്ദാസ്ഘോഷിന്റെ ചിന്തകൾ പ്രചരിച്ചുകൊണ്ടിരിക്കുന്നു. ചെന്നെത്തുന്നിടത്തെല്ലാം ആ ചിന്തകൾ വമ്പിച്ച പ്രതികരണം സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു. ഇതിൽ നിന്നെല്ലാം നാം ഒരു കാര്യം മനസ്സിലാക്കണം. മാർക്സിസം-ലെനിനിസം-സഖാവ്ശിബ്ദാസ്ഘോഷ് ചിന്തകൾ ആഴത്തിൽ മനസ്സിലാക്കാനായി നാം ജീവിതത്തിന്റെ സമസ്ത മേഖലകളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സമരം തുടരണം എന്നതാണത്. അങ്ങനെ മാത്രമേ നമുക്ക് ഇൻഡ്യയിൽ തൊഴിലാളിവർഗ്ഗത്തിന്റെയും അദ്ധ്വാനിക്കുന്ന ബഹുജനങ്ങളുടെയും വിമോചനപ്പോരാട്ടം വളർത്തിയെടുക്കാൻ സാധിക്കുകയുള്ളു. നമ്മുടെ പാർട്ടിക്കല്ലാതെ മറ്റൊരു പാർട്ടിക്കും ഇൻഡ്യൻ ജനതയെ വിമോചനത്തിലേയ്ക്ക് നയിക്കാൻ സാധിക്കുകയില്ല.

സഖാക്കളേ, ഈ ആഗസ്റ്റ് 5-ന് നാം നമ്മുടെ മഹാനായ നേതാവ് സഖാവ്ശിബ്ദാസ്ഘോഷിനെ അത്യാദരപൂർവ്വം സ്മരിക്കുന്നു. അദ്ദേഹം അകാലത്തിലാണ് നമ്മെ വിട്ടുപിരിഞ്ഞത്. അമ്പത്തിനാല് വയസ്സുള്ളപ്പോഴാണ് അദ്ദേഹം അന്തരിച്ചത്. എന്നാൽ അദ്ദേഹത്തിന്റെ ജീവിതസമരവും, മാർക്സിസം-ലെനിനിസത്തെ സംബന്ധിച്ച് അദ്ദേഹം പ്രദാനം ചെയ്ത വികസിതമായ ധാരണയും നമ്മുടെ ജീവിതത്തിൽ മാത്രമല്ല, ഈ നാട്ടിലെ തൊഴിലാളിവർഗ്ഗത്തെ സംബന്ധിച്ചിടത്തോളവും വിലപ്പെട്ട സമ്പത്താണ്. അതിന്റെ സഹായത്തോടെ നമ്മുടെ പാർട്ടി എസ്.യു.സി.ഐ(കമ്മ്യൂണിസ്റ്റ്) ഈ രാജ്യത്തെ ജനങ്ങളെ മുതലാളിത്ത വിരുദ്ധ സോഷ്യലിസ്റ്റ് വിപ്ലവത്തിലേയ്ക്ക് നയിക്കുമെന്നതിൽ സംശയമില്ല.

സഖാവ്ശിബ്ദാസ്ഘോഷിന്റെ പാഠങ്ങളാണ് ഇന്നത്തെ മാർക്സിസം-ലെനിനിസം. ആ പാഠങ്ങൾ പുനരാവർത്തി പഠിക്കാൻ നമുക്ക് കഴിയുന്നില്ലെങ്കിൽ, ഇന്നത്തെ വെല്ലുവിളികൾ ഏറ്റെടുക്കാൻ നമുക്ക് സാധിക്കുകയില്ല. നമ്മുടെ രാജ്യത്തെ എന്നപോലെതന്നെ ലോകത്താകെയുമുള്ള സങ്കീർണ്ണമായ സാഹചര്യങ്ങൾ മനസ്സിലാക്കി അതിനനുസരിച്ച് പ്രവർത്തിക്കാൻ നമുക്ക് കഴിയുകയില്ല. മാർക്സിസം-ലെനിനിസത്തിന്റെ തത്വചിന്താപരമായ അടിസ്ഥാനങ്ങൾ ശരിയായി മനസ്സിലാക്കാൻ കഴിയുന്നില്ലെങ്കിൽ ദൈനംദിന രാഷ്ട്രീയസംഭവവികാസങ്ങളെ ശരിയായി മനസ്സിലാക്കി പ്രവർത്തിക്കാൻ നമുക്ക് സാധിക്കുകയില്ല.

മാർക്സ്, എംഗൽസ്, ലെനിൻ, സ്റ്റാലിൻ, മാവോ എന്നീ ആചാര്യന്മാർക്ക് ശേഷം സഖാവ് ശിബ്ദാസ്ഘോഷ് മാർക്സിസം-ലെനിനിസത്തിന്റെ വിജ്ഞാനശേഖരത്തിലേയ്ക്ക് ഗണ്യമായ സംഭാവനകൾ നൽകുകയുണ്ടായി. അതെല്ലാം ലോകത്തിന് മുന്നിൽ അവതരിപ്പിക്കാൻ പാർട്ടിക്ക് ഇനിയും കഴിഞ്ഞിട്ടില്ല. ഇന്നത് വളരെ വളരെ ആവശ്യമായിരിക്കുന്നു. പല വിഷയങ്ങളിലും ഇന്ന് ലോകകമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിൽ ആശയക്കുഴപ്പം നിലനിൽക്കുന്നുണ്ട്. പല പ്രശ്നങ്ങൾക്കും ഉത്തരം നൽകാൻ അവർക്ക് കഴിയുന്നില്ല. പ്രത്യേകിച്ചും പാശ്ചാത്യലോകത്തെ വികസിത മുതലാളിത്ത രാജ്യങ്ങളിൽ. അതുമൂലം പല ചിന്താക്കുഴപ്പങ്ങളുമുണ്ടാകുന്നു. ജീവിതത്തിന്റെ അത്തരം സങ്കീർണ്ണ പ്രതിഭാസങ്ങൾക്ക് ശരിയായ വിശദീകരണം നൽകാൻ മാർക്സിസത്തിന് കഴിയില്ല എന്ന് ചിലർ കരുതുന്നു. തെറ്റായ ധാരണയാണത്. എന്തെന്നാൽ, സഖാവ് ശിബ്ദാസ്ഘോഷിനെപ്പോലെ അതികായനായ ഒരു മാർക്സിസ്റ്റ് ആചാര്യന്റെ ആശയങ്ങൾ അവർ പരിശോധിച്ചിട്ടില്ല. അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ-തത്വചിന്ത, സംസ്കാരം, നൈതികത, രതി തുടങ്ങി എല്ലാ വിഷയങ്ങളിലും അദ്ദേഹം നടത്തിയിട്ടുള്ള പ്രസംഗങ്ങൾ - എല്ലാം പ്രസിദ്ധീകരിക്കാൻ പാർട്ടിക്ക് കഴിഞ്ഞിട്ടില്ല. വളരെ പ്രധാനപ്പെട്ട വിഷയങ്ങളാണിവയെല്ലാം. ഈ വിഷയങ്ങളിൽ സഖാവ് ശിബ്ദാസ്ഘോഷിന്റെ പ്രസംഗങ്ങൾ വേണ്ടവണ്ണം പ്രസിദ്ധീകരിക്കാൻ ഇനിയും നമുക്ക് കഴിഞ്ഞിട്ടില്ല. വലിയ കാലവിളംബമില്ലാതെ അവയെല്ലാം പ്രസിദ്ധീകരിക്കാൻ ഞങ്ങൾ കിണഞ്ഞ് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഒരുദാഹരണം പറയാം. ഒരിക്കൽ കമ്മ്യൂണിസ്റ്റ് വൃത്തങ്ങളിൽ ഒരു സംവാദം നടക്കുകയുണ്ടായി. റോസാ ലക്സംബർഗ്ഗിനെപ്പോലെയുള്ള സഖാക്കൾ ഒരു പ്രശ്നമുന്നയിച്ചു. ലൈംഗികതയുടെ വിഷയത്തോടുള്ള കമ്മ്യൂണിസ്റ്റുകളുടെ സമീപനം എന്തായിരിക്കണം എന്നതായിരുന്നു പ്രശ്നം. എന്താണ് ലൈംഗിക സ്വാതന്ത്ര്യം? എന്താണ് ലൈംഗികാടിമത്തം? (Freedom of sex and sex slavery). ഈ വിഷയത്തിൽ വാദപ്രതിവാദം നടന്നു. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. അവർ അതിനൊരു ഉത്തരം തേടി ലെനിന്റെയടുത്തെത്തി. ലെനിൻ അതിന് ഉത്തരം നൽകി. പക്ഷെ, അത് വളരെ ബുദ്ധിമുട്ടേറിയ ഒരു വിഷയമാണെന്നും അദ്ദേഹം പറഞ്ഞു. അതേ സമയം വളരെ പ്രധാനപ്പെട്ട പ്രശ്നവുമാണത്. മനുഷ്യനെ സംബന്ധിച്ചിടത്തോളം അത് വളരെ പ്രധാനവും വ്യക്തിജീവിതത്തിന്റെ അവിഭാജ്യഭാഗവുമായ പ്രശ്നമാണ്. മനുഷ്യന്റെ വ്യക്തിത്വത്തെ രൂപപ്പെടുത്തുന്നതിൽ ലൈംഗികത വളരെ പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നു. ലെനിൻ അവരോട് പറഞ്ഞു: 'ഞാൻ ഈ വിഷയം പഠിച്ചുകൊണ്ടിരിക്കുകയാണ്. ഇതിനകം ഈ വിഷയത്തിൽ ഞാൻ ചില കുറിപ്പുകൾ തയ്യാറാക്കിയിട്ടുണ്ട്. വൈകാതെ തന്നെ ചിലത് എഴുതാൻ കഴിയുമെന്ന് ഞാൻ കരുതുന്നു'. അങ്ങനെയൊരു കൃതി പുറത്തുവന്നിരുന്നെങ്കിൽ അത് കമ്മ്യൂണിസ്റ്റുകൾക്ക് മാർഗ്ഗദർശകമാകുമായിരുന്നു. എന്നാൽ ലെനിന് അത് എഴുതി പൂർത്തിയാക്കാൻ കഴിഞ്ഞില്ല. അതിന് മുമ്പ് അദ്ദേഹം അന്തരിച്ചു. പിന്നീട് ആ വിഷയത്തിൽ മാർക്സിസ്റ്റ് പ്രാമാണികന്മാരായ ആരുടെയും അഭിപ്രായം പ്രസിദ്ധീകരിക്കപ്പെട്ടിട്ടില്ല. അതിനാൽ ഈ വിഷയത്തിൽ മാർക്സിസത്തിന് വ്യക്തമായ കാഴ്ചപ്പാടില്ല എന്ന ധാരണ പലർക്കുമുണ്ട്. എന്നാൽ, സഖാവ് ശിബ്ദാസ്ഘോഷിന്റെ ശിഷ്യന്മാരായ ഞങ്ങൾക്കറിയാം, അദ്ദേഹം ഈ വിഷയം ആഴത്തിൽ വിശകലനം ചെയ്തിട്ടുണ്ട്. പാർട്ടിയിലെ മുതിർന്ന സഖാക്കളുടെ ഒരു യോഗത്തിൽ വച്ച് അദ്ദേഹം ഈ വിഷയം ചർച്ച ചെയ്യുകയുണ്ടായി. പക്ഷെ, അത് ഇനിയും പ്രസിദ്ധീകരിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. പ്രസിദ്ധീകരിക്കപ്പെട്ടിരുന്നുവെങ്കിൽ അത് ലോക കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് തന്നെ മുതൽക്കൂട്ടാകുമായിരുന്നു. എന്തെന്നാൽ, ലെനിൻ ആഗ്രഹിച്ചിരുന്നതും അദ്ദേഹത്തിന് നിർവ്വഹിക്കാൻ കഴിയാതെപോയതുമായ കർത്തവ്യമാണ് സഖാവ് ശിബ്ദാസ്ഘോഷ് നിറവേറ്റിയത്. എന്തായാലും, സഖാവ് ശിബ്ദാസ്ഘോഷിന്റെ അപ്രകാശിതങ്ങളായ പ്രസംഗങ്ങളെല്ലാം പ്രസിദ്ധീകരിക്കുകയെന്ന കർത്തവ്യം പാർട്ടി വളരെ ഗൗരവപൂർവ്വം ഏറ്റെടുത്തിട്ടുണ്ട്.

സഖാവ് ശിബ്ദാസ്ഘോഷ് ഏതെങ്കിലും വിഷയം പൊതുവേദിയിൽ അവതരിപ്പിക്കുന്നതിന് മുമ്പ് സഖാക്കളുമായി ചർച്ച ചെയ്യുന്ന പതിവുണ്ടായിരുന്നു. പാർട്ടി ഓഫീസിലും സെന്ററിലും കമ്മ്യൂണിലുമൊക്കെ വച്ച് അദ്ദേഹം സഖാക്കളുമായി ആ വിഷയം ചർച്ച ചെയ്യും. സഖാക്കളുടെ അഭിപ്രായങ്ങളും പ്രതികരണങ്ങളും കൂടി കണക്കിലെടുത്ത ശേഷമാവും അദ്ദേഹം തന്റെ നിരീക്ഷണങ്ങൾ പൊതുവേദിയിൽ അവതരിപ്പിക്കുക. അതുപോലെ തന്നെ അദ്ദേഹം സഖാക്കളെ പങ്കെടുപ്പിച്ചുകൊണ്ട് *സ്റ്റഡിസർക്കിളുകൾ* നടത്തിയിരുന്നു. *നെഗറ്റീവ് ഡയലക്ടിക്സിന്റെ* രീതിയാണ് സ്റ്റഡി സർക്കിളുകളിൽ അനുവർത്തിച്ചിരുന്നത്. അത് സഖാക്കളുടെ പ്രത്യയശാസ്ത്ര സാംസ്കാരിക ധാരണ ഉയർത്താനും സൈദ്ധാന്തിക വിശകലനശേഷി വളർത്താനും വളരെയേറെ ഉപകരിച്ചു. ഇന്നും നമ്മുടെ പാർട്ടിക്കുള്ളിൽ ഈ പ്രക്രിയ പിന്തുടർന്നുവരുന്നു.

സ്റ്റഡിസർക്കിളും സ്റ്റഡിക്ലാസ്സും തമ്മിൽ എന്താണ് വ്യത്യാസം? പാർട്ടി നേതൃത്വത്തിലുള്ള സഖാവ് ഏതെങ്കിലും വിഷയത്തെ അഥവാ വിഷയങ്ങളെ അധികരിച്ച് നടത്തുന്ന ക്ലാസ്സാണ് സ്റ്റഡിക്ലാസ്സ്. ക്ലാസ്സിന് ശേഷം സഖാക്കൾക്ക് ചോദ്യങ്ങളുണ്ടെങ്കിൽ അവതരിപ്പിക്കാം. ക്ലാസ്സ് നടത്തുന്ന സഖാവ്, തുടർന്ന് ആ ചോദ്യങ്ങൾക്ക് ഉത്തരവും നൽകുന്നു. സ്റ്റഡിസർക്കിളുകൾ നടത്തുമ്പോൾ സഖാവ് ശിബ്ദാസ്ഘോഷ് ആദ്യം സഖാക്കളുടെ ചോദ്യങ്ങൾ ക്ഷണിക്കും. അതിന് ശേഷം ആ ചോദ്യങ്ങളെ അധികരിച്ച് ചർച്ച നടത്താൻ സദസ്സിലുള്ള സഖാക്കളോട് തന്നെ ആവശ്യപ്പെടും. അങ്ങനെ സഖാക്കൾ വാദപ്രതിവാദങ്ങളിലേർപ്പെടുന്നു. ഒടുവിൽ സഖാവ് ശിബ്ദാസ്ഘോഷ് അവിടെ നടന്ന ചർച്ച ക്രോഡീകരിച്ചുകൊണ്ടും വിഷയത്തിലേയ്ക്ക് കൂടുതൽ വെളിച്ചം വീശിക്കൊണ്ടും സംസാരിക്കും. ഈ വാദപ്രതിവാദങ്ങൾ സഖാക്കളുടെ സൈദ്ധാന്തികധാരണയുടെ മൂർച്ച കൂട്ടാൻ വളരെയേറെ സഹായിക്കുന്നു. അതിനാൽ സഖാവ് ശിബ്ദാസ്ഘോഷ് പാർട്ടിയിൽ സ്കൂൾ ഓഫ് പൊളിടിക്സിനും സ്റ്റഡിക്ലാസ്സുകൾക്കും പുറമെ സ്റ്റഡിസർക്കിളുകളും സംഘടിപ്പിക്കുന്നതിന് വലിയ പ്രാധാന്യം നൽകിയിരുന്നു. അതിനാൽ, നാം സഖാവ് ശിബ്ദാസ്ഘോഷിന്റെ കൃതികൾ പുനരാവർത്തി പഠിക്കുക മാത്രമല്ല, സഖാക്കളെ പങ്കാളികളാക്കിക്കൊണ്ട് സ്റ്റഡിക്ലാസ്സുകൾ സംഘടിപ്പിക്കുകയും വേണമെന്ന കാര്യം ഊന്നിപ്പറയാൻ ഞാനാഗ്രഹിക്കുന്നു.

സഖാവ് ശിബ്ദാസ്ഘോഷ് മാർക്സിസത്തിന്റെ തത്വചിന്ത ആഴത്തിൽ ചർച്ച ചെയ്യുന്ന അനവധി *സ്കൂൾ ഓഫ് പൊളിടിക്സുകൾ* നടത്തിയിരുന്നു. നിരക്ഷരരായ കർഷകർക്കും കർഷകത്തൊഴിലാളികൾക്കും വേണ്ടി പോലും അദ്ദേഹം അത്തരം സ്കൂളുകൾ നടത്തി. അക്ഷരാഭ്യാസം പോലുമില്ലാത്ത കർഷകർക്ക് അത്തരം ഗഹനമായ വിഷയങ്ങൾ മനസ്സിലാക്കാൻ കഴിയുമോ എന്ന് ചോദിച്ചവരോട് അദ്ദേഹം പറഞ്ഞു: 'വർഗ്ഗ-ബഹുജന സമരങ്ങളിലേർപ്പെട്ടിരിക്കുന്ന ഈ കർഷകർ ദ്വന്ദ്വാത്മക ഭൗതികവാദത്തിന്റെ അടിസ്ഥാനതത്ത്വങ്ങൾ മനസ്സിലാക്കിയിരിക്കേണ്ടത് ആവശ്യമാണ്. അല്ലെങ്കിൽ അവർക്ക് ആ സമരങ്ങളുടെ സംഘാടകരും നേതാക്കളുമായി ഉയർന്നുവരാൻ കഴിയില്ല'. സൈദ്ധാന്തിക വിഷയങ്ങളിലുള്ള പഠനത്തിന് അദ്ദേഹം എന്തുമാത്രം പ്രാധാന്യം കല്പിച്ചിരുന്നുവെന്നാണ് ഇത് കാണിക്കുന്നത്.

പാർട്ടി അംഗങ്ങളുടെ രാഷ്ട്രീയവും സാംസ്കാരികവുമായ നിലവാരം ഉയർത്തേണ്ടതിന്റെ ആവശ്യകത സ.ശിബ്ദാസ് ഘോഷ് നിരന്തരം ഊന്നിപ്പറഞ്ഞിരുന്നു. അതില്ലെങ്കിൽ വിപ്ലവപ്രസ്ഥാനത്തെ നേർദിശയിൽ നയിക്കാൻ സാദ്ധ്യമാവുകയില്ല. നമ്മുടെ പാർട്ടി രൂപീകരിച്ചതിന്റെ തൊട്ടടുത്ത വർഷം തന്നെ അദ്ദേഹം സാർവ്വദേശീയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് പൊതുവിൽ പ്രത്യയശാസ്ത്ര സാംസ്കാരിക നിലവാരത്തിലുണ്ടായിരുന്ന അപര്യാപ്തത ചൂണ്ടിക്കാട്ടിയിരുന്നു. അത് അന്ന് അടിക്കടി മുന്നേറിക്കൊണ്ടിരുന്ന കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് ആത്യന്തികമായി തിരിച്ചടിയുണ്ടാക്കുമെന്നും അദ്ദേഹം മുന്നറിയിപ്പ് നൽകി. മതിയായ പ്രത്യയശാസ്ത്ര-സാംസ്കാരിക നിലവാരമില്ലാതിരുന്നതുമൂലം സാർവ്വദേശീയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിനുള്ളിൽ ബൂർഷ്വാ വ്യക്തിവാദത്തിന്റെ സ്വാധീനം നിലനിന്നു. അതാണ് ആധുനിക തിരുത്തൽവാദത്തിന് ജന്മം നൽകിയത്. അതിനാൽ ബൂർഷ്വാവ്യക്തിവാദത്തെ നിർമ്മാർജ്ജനം ചെയ്യാനായുള്ള ഉൾപ്പാർട്ടിസമരം ജീവൽപ്രധാനമാണ്.

സഖാക്കളേ, കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പ് ഫലം വന്നതിന് ശേഷമുള്ള ദേശീയ രാഷ്ട്രീയസാഹചര്യം അത്യന്തം ഉത്കണ്ഠാജനകമാണ്. നരേന്ദ്രമോഡിയുടെ നേതൃത്വത്തിലുള്ള ബിജെപി ഗവണ്മെന്റ് കേവല ഭൂരിപക്ഷത്തോടെ അധികാരത്തിലേറിയിരിക്കുന്നു. സ്വാതന്ത്ര്യലബ്ധിക്കുശേഷമുള്ള ആദ്യത്തെ 30 വർഷം കേന്ദ്രത്തിൽ ഏക കക്ഷിഭരണമായിരുന്നു. കോൺഗ്രസ്സ് ഭരണം. അതിന് ശേഷം ഏതെങ്കിലും ഒറ്റ കക്ഷിക്ക് കേവല ഭൂരിപക്ഷം ലഭിക്കാത്ത സാഹചര്യമുണ്ടായി. ഏകകക്ഷിഭരണത്തിന്റെ കാലം അവസാനിക്കുകയും കൂട്ടുകക്ഷിഭരണത്തിന്റെ കാലം ആരംഭിക്കുകയും ചെയ്തു. ഭരണവർഗ്ഗം ഈ രാജ്യത്ത്, രണ്ട് വ്യത്യസ്ത മുന്നണികളെ മാറി മാറി അധികാരത്തിലേറ്റുന്ന ദ്വികക്ഷി പാർലമെന്ററി സമ്പ്രദായം നടപ്പിലാക്കാൻ ശ്രമിച്ചുവരികയാണ്. അതിലൂടെ ഭരണപരമായ ഫാസിസം ഇവിടെ സ്ഥാപിക്കപ്പെട്ടു. നീണ്ട ഒരു കാലയളവിന് ശേഷം ഇക്കുറി നരേന്ദ്രമോഡി നയിക്കുന്ന ബിജെപിക്ക് ഒറ്റയ്ക്ക് കേവല ഭൂരിപക്ഷം ലഭിച്ചു. പല പാർട്ടികളെയും സംബന്ധിച്ചിടത്തോളം തീരെ അപ്രതീക്ഷിതമായ തെരഞ്ഞെടുപ്പ് ഫലമായി

(ശേഷം 5-ാംപേജിൽ)

# പാലസ്തീൻ ഐക്യദാർഢ്യ സംഗമം




**ഐക്യദാർഢ്യസംഗമം ഐ.എ.സി.സി. ജനറൽ സെക്രട്ടറി മണിക് മുഖർജി ഉദ്ഘാടനം ചെയ്യുന്നു. വേദിയിൽ ജി.എസ്.പത്മകുമാർ, അഡ്വ.എസ്.രാജാദാസ്, സി.കെ.ലൂക്കോസ്, ഡോ.വി.വേണുഗോപാൽ, കെ.ഭാസ്കരൻ, ടി.എൽ.സന്തോഷ്, ബി.ഗോപി, പ്രൊഫ.വിശ്വമംഗലം സുന്ദരേശൻ, എം.ഷാജർഖാൻ, എസ്.ബുർഹാൻ, ജി.ആർ.സുഭാഷ് തുടങ്ങിയവർ**

**ആൾ** ഇൻഡ്യ ആന്റി-ഇംപീരിയലിസ്റ്റ് ഫോറം (എഐഎഐഎഫ്) കേരള ചാപ്റ്ററിന്റെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 7-ന് തിരുവനന്തപുരം വൈഎംസിഎ ഹാളിൽ പാലസ്തീൻ ഐക്യദാർഢ്യ സംഗമം നടന്നു.

ഗാസയിൽ ഇസ്രായേൽ നടത്തിയ കൂട്ടക്കുരുതിയിൽ പ്രതിഷേധിച്ചുകൊണ്ടായിരുന്നു പരിപാടി സംഘടിപ്പിക്കപ്പെട്ടത്. കേരള സം-സ്ഥാന ജനകീയ പ്രതിരോധ സമിതി ജനറൽ സെക്രട്ടറി ഡോ.വി.വേണുഗോപാലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സംഗമം ഇന്റർനാഷണൽ ആന്റി-ഇംപീരിയലിസ്റ്റ് കോ-ഓർഡിനേറ്റിംഗ് കമ്മിറ്റി (ഐ.എ.സി.സി) ജനറൽ സെക്രട്ടറി മണിക് മുഖർജി ഉദ്ഘാടനം ചെയ്തു.

കെ.ഭാസ്കരൻ, സി.കെ.ലൂക്കോസ് (എസ് യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടറി), ടി.എൽ.സന്തോഷ് (ആർഎംപി ചെയർമാൻ), അഡ്വ. എസ്.രാജാദാസ് (എംസിപിഐ(യു) നേതാവ്), ബി.ഗോപി (ജനകീയ പ്രതിരോധ സമിതി ജില്ലാ പ്രസിഡന്റ്), പ്രൊഫ. വിശ്വമംഗലം സുന്ദരേശൻ, എം.ഷാജർഖാൻ, എസ്.ബുർഹാൻ (വിളപ്പിൽശാല ജനകീയ സമിതി പ്രസിഡന്റ്) എന്നിവർ പ്രസംഗിച്ചു.

ആന്റി-ഇംപീരിയലിസ്റ്റ് ഫോറം കേരള ചാപ്റ്റർ സെക്രട്ടറിജി.എസ്.പത്മകുമാർ സ്വാഗതവും ജില്ലാ കൺവീനർ ജി.ആർ. സുഭാഷ് കൃതജ്ഞതയും പറഞ്ഞു. ●



**`സംഗമത്തിൽ പങ്കെടുക്കുന്ന സദസ്സിന്റെ ഒരു ദൃശ്യം**

## ഗാസയ്ക്കുനേരെ അമേരിക്കൻ പിന്തുണയോടെ ഇസ്രായേൽ നടത്തുന്ന സായുധ ആക്രമണം ഉടൻ നിർത്തുക

### എസ്‌യുസിഐ(സി) കേന്ദ്രകമ്മിറ്റി

**യു.**എസ് സാമ്രാജ്യത്വത്തിന്റെ പിന്തുണയോടെയും പ്രോൽസാഹനത്തോടെയും സയണിസ്റ്റ് ഇസ്രായേലിന്റെ കരസേനയും വ്യോമസേനയും നിരായുധരും നിരപരാധികളും നിസ്സഹായരുമായ പാലസ്തീൻ ജനതയ്ക്കുമേൽ നടത്തുന്ന കിരാതമായ ആക്രമണത്തെ ഞങ്ങൾ അതിശക്തമായി അപലപിക്കുന്നു. സയണിസ്റ്റ് ഇസ്രായേലിന്റെ ഈ ആക്രമണം സർവ്വസീമകളെയും ലംഘിച്ചിരിക്കുകയാണ്. നിഷ്കളങ്കരായ ഒരു ജനസമൂഹത്തെയാകമാനം ഭീതിയിലാഴ്ത്തുന്നതിനുവേണ്ടി നിർദ്ദയം നടത്തപ്പെടുന്ന ഒരു ഭരണകൂട ഭീകരതയാണിത്. 'ഹമാസിനും ആ സ്വഭാവത്തിലുള്ളവർക്കുമെതിരെയുള്ള' തുറന്നയുദ്ധമാണിതെന്നും 'ലക്ഷ്യം നേടുവോളം യുദ്ധം തുടരുമെന്നു'മാണ് ഇസ്രായേൽ ഇപ്പോൾ അഭിപ്രായപ്പെട്ടിരിക്കുന്നത്. പാലസ്തീൻ ജനതയുടെ പൊരുതുന്ന സംഘടനയായ ഹമാസ് ജനപിന്തുണയോടെ അധികാരത്തിൽവന്നനാൾ മുതൽ ഹമാസ് നേതാക്കളെയും പ്രവർത്തകരെയും ഉന്മൂലനം ചെയ്യാൻ ഇസ്രായേൽ നടത്തിയ തുടർച്ചയായ ഹീനശ്രമങ്ങളുടെ പരിസമാപ്തിയെന്ന നിലയിലാണ് ഇപ്പോഴത്തെ ഈ കടന്നാക്രമണ യുദ്ധം. ഗാസ ഉൾപ്പെടെയുള്ള പാലസ്തീന്റെ ഭൂരിഭാഗം പ്രദേശങ്ങളും ഇസ്രായേൽ കയ്യടക്കിവച്ചിരിക്കുകയാണ്. ഒരു സ്വതന്ത്ര പരമാധികാര രാഷ്ട്രമെന്ന പാലസ്തീൻജനതയുടെ ദീർഘകാലത്തെ ന്യായമായ അവകാശത്തെ ഇസ്രായേൽ പുച്ഛിച്ചുതള്ളുകയാണ്. പാലസ്തീന്റെ പുതിയ പ്രദേശങ്ങൾ കയ്യടക്കുകയും സമാധാന ചർച്ചകളിലൂടെ പ്രശ്നം രമ്യമായി പരിഹരിക്കാനുള്ള ഒരു നീക്കവും ഇസ്രായേലിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നുമില്ല. സംഘർഷത്തെ സജീവമായി നിലനിർത്തുകയും നിരപരാധികളായ പാലസ്തീൻ ജനതയ്ക്കുനേരെ ക്രൂരവും ഭീകരവുമായ കടന്നാക്രമണങ്ങൾ അഴിച്ചുവിടുകയുമാണ് ഇസ്രായേൽ ഭരണാധികാരികൾ. അടുത്തിടെ യു.എസ് പിന്തുണയോടെ ഈജിപ്റ്റ് ഭരണകൂടം മുന്നോട്ടുവച്ച വെടിനിർത്തലിനുള്ള നിർദ്ദേശങ്ങൾ ആക്രമണകാരി ഇസ്രായേലിനു മുന്നിൽ നട്ടെല്ലുവളയ്ക്കാൻ പാലസ്തീൻ ജനതയെ നിർബന്ധിതമാക്കുന്നവയായിരുന്നു. ഏകപക്ഷീയമായ ഈ നീക്കത്തെ അംഗീകരിക്കുവാൻ ഹമാസ് നേതൃത്വവും ധീരരായ പാലസ്തീൻ ജനതയും തയ്യാറായില്ല.

ഇസ്രായേലുമായി സൗഹൃദത്തിലായതുകൊണ്ട് ഗാസവിഷയത്തിൽ ആരുടെയും പക്ഷം പിടിക്കുന്നില്ലായെന്ന വളരെ വഞ്ചനാപരവും വിചിത്രവുമായ ബി.ജെ.പി നേതൃത്വത്തിലുള്ള ഇന്ത്യാസർക്കാരിന്റെ നിലപാടിനെ ഞങ്ങൾ ശക്തിയായി അപലപിക്കുന്നു. ഇസ്രായേലിന്റെ ആക്രമണത്തെ അപലപിക്കുന്ന പ്രമേയം പാർലമെന്റിൽ അവതരിപ്പിക്കാൻ വിസമ്മതിച്ച വിദേശകാര്യമന്ത്രിയുടെ നിലപാടിനെയും ഞങ്ങൾ ശക്തമായി അപലപിക്കുന്നു. ഈജിപ്റ്റിന്റെ വെടിനിർത്തൽ നിർദ്ദേശങ്ങൾ നിരാകരിച്ചുവെന്ന പേരിൽ ഹമാസ് നേതൃത്വത്തെ വിമർശിക്കുന്ന ഇന്ത്യൻ ഭരണാധികാരികൾ, ഇസ്രായേൽ നടത്തിക്കൊണ്ടിരിക്കുന്ന കൂട്ടക്കൊലക്കെതിരെ ഒരുവാക്കുപോലും ഉരിയാടിയില്ല.

പാലസ്തീൻ ജനതയ്ക്കുനേരെ ഇസ്രായേൽ നടത്തിക്കൊണ്ടിരിക്കുന്ന യുദ്ധം ഉടനടി അവസാനിപ്പിക്കണമെന്ന് ഞങ്ങൾ ശക്തമായി ആവശ്യപ്പെടുന്നു. പോരാട്ടത്തിലേർപ്പെട്ടിരിക്കുന്ന പാലസ്തീൻ ജനതയോടൊപ്പം അടിയുറച്ച് നിലകൊള്ളുവാൻ ലോകത്തെ സമാധാനപ്രേമികളും സ്വാതന്ത്ര്യ കാംക്ഷികളുമായ മുഴുവൻ ജനങ്ങളോടും ഞങ്ങൾ അഭ്യർത്ഥിക്കുന്നു. പാലസ്തീൻ ജനതയുടെ ഈ പോരാട്ടം ലോക സാമ്രാജ്യത്വവിരുദ്ധ പ്രസ്ഥാനത്തിന്റെ അവിഭാജ്യവും അനുപേക്ഷണീയവുമായ ഭാഗമാണെന്ന വസ്തുത മനസ്സിലാക്കണം. സയണിസ്റ്റ് ഇസ്രായേലിന്റെയും അമേരിക്കൻ സാമ്രാജ്യത്വത്തിന്റെയും ദുഷ്ട സംഖ്യത്തിന്റെ പരാജയം ലോകമെമ്പാടും മുതലാളിത്തത്തിനും സാമ്രാജ്യത്വത്തിനുമെതിരെ നടക്കുന്ന ജനകീയ പ്രക്ഷോഭങ്ങൾക്കും വിപ്ലവ പോരാട്ടങ്ങൾക്കും ആക്കം കൂട്ടും. ലോകത്തിന്റെ സർവ്വകോണുകളിലും യോജിച്ചതും വീറുറ്റതും നീണ്ടുനിൽക്കുന്നതുമായ സാമ്രാജ്യത്വവിരുദ്ധ പ്രസ്ഥാനം വളർത്തിയെടുക്കുയെന്നതാണ് ഇന്നത്തെ അടിയന്തിരാവശ്യകത. അന്യായമായ ഈ ആക്രമണം ഉടനടി അവസാനിപ്പിക്കുവാനും ഗാസയിൽനിന്നും ഇതര അധിനിവേശമേഖലകളിൽനിന്നും ഇസ്രായേൽ സൈന്യത്തെ പിൻവലിപ്പിക്കുവാനും അങ്ങനെ പാലസ്തീൻ ജനതയുടെ ന്യായമായ ആവശ്യങ്ങൾ പൂർത്തീകരിക്കുവാനും സണണിസ്റ്റ് ഇസ്രായേലിനും യുദ്ധവെറിയൻ അമേരിക്കൻ സാമ്രാജ്യത്വത്തിനും നേർക്ക് ശക്തമായ സമ്മർദ്ദം സൃഷ്ടിക്കുവാൻ സാധിക്കുംവിധം യുദ്ധവിരുദ്ധ സമാധാനപ്രസ്ഥാനം ലോകമെമ്പാടും കെട്ടിപ്പടുക്കണം. ●

## സഖാവ് ശിബ്ദാസ് ഘോഷ് അനുസ്മരണയോഗത്തിൽ സ. മണിക് മുഖർജി

(4-ാംപേജിൽ നിന്ന് തുടർച്ച)

രുന്നു അത്. ഹിന്ദുവർഗ്ഗീയ കക്ഷിയായ ബിജെപിയെ ഭരണവർഗ്ഗം അധികാരത്തിൽ അവരോധിച്ചിരിക്കുന്നുവെന്നതാണ് യഥാർത്ഥത്തിൽ സംഭവിച്ചത്. ബിജെപി അധികാരത്തിലിരുന്നുകൊണ്ട് അവരുടെ മാതൃസംഘടനയായ ആർ.എസ്.എസിന്റെ കൈകളിൽ ക്രമേണ അധികാരം കേന്ദ്രീകരിക്കാനുള്ള നീക്കങ്ങളാണ് നടത്തുന്നത്. ആർ.എസ്.എസിന്റെ രാഷ്ട്രീയ മുന്നണി സംഘടനയാണ് ബിജെപി. ആർഎസ്എസ് ഒരു ഹിന്ദു വർഗ്ഗീയ ഫാസിസ്റ്റ് സംഘടനയാണ്. കമ്മ്യൂണിസത്തെ നിർമ്മാർജ്ജനം ചെയ്യുക; കമ്മ്യൂണിസ്റ്റുകളെ ഉന്മൂലനം ചെയ്യുക - അതാണവരുടെ ആത്യന്തിക ലക്ഷ്യം. അങ്ങനെ തികച്ചും ആപത്കരമായ ഒരു സാഹചര്യമാണുടലെടുത്തിരിക്കുന്നത്.

എന്തുകൊണ്ട് ഇങ്ങനെയൊരു സ്ഥിതിവിശേഷമുണ്ടായി? ഇടതുപക്ഷ ജനാധിപത്യ പാർട്ടികളുടെ ഐക്യത്തിന് വേണ്ടി ദീർഘകാലമായി നമ്മുടെ പാർട്ടി ശ്രമിച്ചുവരികയാണ്. തിരഞ്ഞെടുപ്പിലെ കൂട്ടുകെട്ടല്ല, മറിച്ച് ജനജീവിതത്തിലെ പ്രശ്നങ്ങളുന്നയിച്ചുകൊണ്ടുള്ള യോജിച്ച ജനാധിപത്യ സമരങ്ങൾ വളർത്തിയെടുക്കുന്നതിന് വേണ്ടിയുള്ള ഐക്യം. പക്ഷെ, സി.പി.ഐ(എം), സി.പി.ഐ തുടങ്ങിയ പാർട്ടികൾ നിഷേധാത്മകമായ സമീപനമാണ് ഈ വിഷയത്തിൽ സ്വീകരിച്ചത്. കേവലം തിരഞ്ഞെടുപ്പുകളെ മാത്രം ലക്ഷ്യം വച്ചുള്ള അവസരവാദപരമായ കൂട്ടുകെട്ടുകളുണ്ടാക്കാനാണ് അവർ മുതിർന്നത്. അതിനാൽ യോജിച്ച വർഗ്ഗ ബഹുജന സമരങ്ങളുടെ മുന്നേറ്റം സൃഷ്ടിക്കാൻ കഴിയാതെ പോയി. ഈ സാഹചര്യം ഉപയോഗപ്പെടുത്തിയാണ് ഇന്ന് കടുത്ത ഹിന്ദു വർഗ്ഗീയവാദ ശക്തികൾ അധികാരത്തിൽ അവരോധിക്കപ്പെട്ടിരിക്കുന്നത്. ഈ ഫാസിസ്റ്റ് ശക്തികൾ അധികാരത്തിലേറിയതോടെ രാജ്യത്തെ ന്യൂനപക്ഷ ജനവിഭാഗങ്ങൾ, വിശിഷ്യ മുസ്ലീം ജനസാമാന്യം, ആശങ്കാകുലരാണ്. രാജ്യത്ത് ഹിന്ദുമതപുനരുജ്ജീവനത്തിന്റേതായ നീക്കങ്ങൾ ബി.ജെ.പി ഗവണ്മെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുന്നതാണ് കാരണം.

രാജ്യം ഫാസിസത്തിന്റെ വിപത്തിനെ നേരിടുന്ന ഇന്നത്തെ സാഹചര്യത്തിൽ ആ അപകടത്തെ ചെറുക്കാൻ വർഗ്ഗ ബഹുജന സമരങ്ങളുടെ വേലിയേറ്റം സൃഷ്ടിക്കപ്പെടണം. ഇടതുപക്ഷ ജനാധിപത്യ പാർട്ടികളെ മാത്രമല്ല, ഫാസിസ്റ്റ് വിരുദ്ധ നിലപാടുള്ള മറ്റ് ശക്തികളെക്കൂടി ഉൾക്കൊള്ളുന്ന, കൂടുതൽ വിശാലാടിത്തറയുള്ള, ഐക്യം അതിനാവശ്യമാണ്. തിരഞ്ഞെടുപ്പ് ഫലം പുറത്തുവന്നയുടൻ തന്നെ നമ്മുടെ പാർട്ടി എല്ലാ ഇടതുജനാധിപത്യ പാർട്ടികളോടും അത്തരമൊരൈക്യം വളർത്തിയെടുത്തുകൊണ്ട് വർഗ്ഗ-ബഹുജനസമരങ്ങൾ വളർത്തിയെടുക്കാൻ മുന്നോട്ട് വരണമെന്നഭ്യർത്ഥിക്കുകയുണ്ടായി. രാജ്യത്തെവിടെയും നമ്മുടെ പാർട്ടി അത്തരം യോജിച്ച സമരങ്ങൾ വളർത്തിയെടുക്കാനുള്ള പ്രയത്നത്തിലേർപ്പെട്ടിരിക്കുകയാണ്. സഖാക്കളേ, സാഹചര്യം ഗുരുതരമാണ്. രാജ്യം ഫാസിസ്റ്റ് വിപത്തിനെ നേരിടുകയാണ്. പക്ഷെ, ചരിത്രത്തിലെ അവസാനവാക്ക് ഫാസിസ്റ്റുകളുടേതല്ല, ജനങ്ങളുടേതാണ്. ഇന്നത്തെ ആവശ്യകത മനസ്സിലാക്കി വർഗ്ഗ-ബഹുജനസമരങ്ങളുടെ മുന്നേറ്റം രാജ്യത്തെമ്പാടും വളർത്തിയെടുക്കാൻ നമുക്ക് കഴിഞ്ഞാൽ തീർച്ചയായും ഈ പ്രതികൂല സാഹചര്യത്തെ അനുകൂലസാഹചര്യമാക്കി മാറ്റാൻ നമുക്ക് സാധിക്കും. നമ്മുടെ മഹാനായ ആചാര്യന്റെ ഉജ്ജ്വലമായ ജീവിതസമരത്തിൽ നിന്നും പ്രബോധനങ്ങളിൽ നിന്നും പാഠമുൾക്കൊണ്ട് ഈ വെല്ലുവിളികളെ നേരിടാൻ നമുക്ക് യത്നിക്കാം.

എസ്.യു.സി.ഐ(കമ്മ്യൂണിസ്റ്റ്)
നീണാൾ വാഴട്ടെ!
മഹാനായ തൊഴിലാളിവർഗ്ഗ നേതാവ്
സഖാവ് ശിബ്ദാസ് ഘോഷിന്
ലാൽസലാം! ●

# മൂക്കൂന്നിമലയിലെ പാറഖനനത്തിനെതിരായ ജനകീയസമരം



മുക്കുന്നിമലയെ സംരക്ഷിക്കുക, പാറഖനനം എന്നെന്നേക്കുമായി അവസാനിപ്പിക്കുക, ക്രഷർ യൂണിറ്റുകൾ അടച്ചുപൂട്ടുക, ജനങ്ങളുടെ ജീവനും സ്വത്തും സംരക്ഷിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് മുക്കുന്നിമല സംരക്ഷണ സമരസമിതി നടത്തിയ സെക്രട്ടേറിയറ്റ് മാർച്ചിൽ എസ്‌യുസിഐ(സി) ജില്ലാ കമ്മിറ്റിയംഗം സഖാവ് ആർ.ബിജു പ്രസംഗിക്കുന്നു.

**തി**രുവനന്തപുരം ജില്ലയിലെ പള്ളിച്ചൽ പഞ്ചായത്തിലെ മുക്കുന്നിമലയുടെ സമീപപ്രദേശത്ത് ഇന്ന് ഒരു വൻ ജനകീയ പ്രക്ഷോഭം നടന്നുവരികയാണ്. ശുദ്ധജലത്തിനും, ശുദ്ധവായുവിനും, ജനിച്ച മണ്ണിൽ മനുഷ്യരായി ജീവിതം മുന്നോട്ടു കൊണ്ടുപോകുവാനുമായിട്ടാണ് ഈ ജനങ്ങൾ സമരപാതയിൽ അണിനിരന്നിട്ടുള്ളത്. കഴിഞ്ഞ കാൽ നൂറ്റാണ്ടുകാലമായി നടന്നുവരുന്ന അനിയന്ത്രിതമായ പാറഖനനമാണ് ഇന്നാട്ടുകാരുടെ സ്വൈരജീവിതം തകർത്ത് ജീവന് ഭീഷണി ആയിട്ടുള്ളത്. മുക്കുന്നിമലയെ സംരക്ഷിക്കുക, പാറഖനനം എന്നെന്നേക്കുമായി അവസാനിപ്പിക്കുക, ക്രഷർ യൂണിറ്റുകൾ അടച്ചുപൂട്ടുക, ജനങ്ങളുടെ ജീവനും സ്വത്തും സംരക്ഷിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചാണ് ജനങ്ങൾ മുക്കുന്നിമല സംരക്ഷണ സമരസമിതിയിൽ അണിചേർന്നിട്ടുള്ളത്.

ജീവനും സ്വത്തിനും സംരക്ഷണമാവശ്യപ്പെട്ടുകൊണ്ടുള്ള ഒരു ജനതയുടെ തികച്ചും ന്യായമായ ഈ സമരത്തെ തൃണവൽഗണിക്കാനാണ് അധികൃതർ ശ്രമിച്ചത്. ക്വാറി ക്രഷർ യൂണിറ്റുകൾക്ക് നൽകിയ ലൈസൻസ് റദ്ദ് ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് 2014 മാർച്ച് 7 ന് ആയിരങ്ങൾ നടത്തിയ പഞ്ചായത്ത് ധർണ്ണയെ അവഗണിച്ചുകൊണ്ട് ലൈസൻസ് പുതുക്കി നൽകുവാനുള്ള തീരുമാനമാണ് ഗ്രാമപഞ്ചായത്ത് കൈക്കൊണ്ടത്. പഞ്ചായത്ത് ഭരിക്കുന്ന കോൺഗ്രസും സിപിഐ (എം), സിപിഐ കക്ഷികളും മുക്കുന്നിമല സ്ഥിതി ചെയ്യുന്ന വാർഡിന്റെ പ്രതിനിധിയുടെ പാർട്ടിയായ ബി.ജെ.പിയും ഒക്കെ ചേർന്ന് ക്വാറി മുതലാളിമാർക്ക് വേണ്ടി വാദിക്കുന്ന കാഴ്ചയാണ് പിന്നീട് കാണുന്നത്. ക്വാറി, ക്രഷർ യൂണിറ്റിന് ലൈസൻസ് നൽകുന്നതുമായി ബന്ധപ്പെട്ട് പള്ളിച്ചൽ പഞ്ചായത്ത് കോടികളുടെ അഴിമതി നടത്തിയതായി വിജിലൻസ് റിപ്പോർട്ടും പുറത്തുവന്നിട്ടുണ്ട്. പ്രാദേശിക രാഷ്ട്രീയ നേതാക്കന്മാരും പഞ്ചായത്ത് അധികാരികളും കൂടി പോലീസിന്റെയും ഗുണ്ടകളുടെയും സഹായത്താൽ സമരത്തെ അടിച്ചമർത്താനുള്ള ഹീനനീക്കങ്ങളാരംഭിച്ചു. ഇടയ്ക്കോട് പ്രദേശത്ത് സ്ഥാപിച്ച സമരകമ്മിറ്റി ഓഫീസ് ആക്രമിച്ചു. സമരത്തിന്റെ ഭാഗമായി വാഹനം തടഞ്ഞ സ്ത്രീകൾക്ക് നേരെ കയ്യേറ്റമുണ്ടായി. ഇതിനെ ചോദ്യം ചെയ്ത സമരാനുകൂലികളെ മർദ്ദിച്ചവശരാക്കി. ഇതിനെല്ലാം പോലീസിന്റെ ഒത്താശയും കിട്ടി. മറിച്ച്, ആറുവയസ്സുകാരൻ കുട്ടിയെ ഉൾപ്പെടെയുള്ളവരെ അറസ്റ്റ് ചെയ്തു 15 മണിക്കൂറോളം സമയം പോലീസ് സ്റ്റേഷനിൽ ഇരുത്തി ദ്രോഹിച്ചു. സമരനേതാക്കളെ അപകീർത്തിപ്പെടുത്തുവാനും കള്ളക്കേസിൽ കുടുക്കുവാനും ഇക്കൂട്ടർ നിരന്തരം ശ്രമിച്ചുകൊണ്ടേയിരുന്നു.

ജനങ്ങളുടെ തികച്ചും ന്യായമായ സമരത്തെ തകർക്കാനായി തൊഴിലാളികളുടെ പേര് പറഞ്ഞ് ക്വാറി-ക്രഷർ മുതലാളിമാരിൽ നിന്നും അച്ചാരം പറ്റിക്കൊണ്ട് ബി.ജെ.പി നേതാവായ വാർഡ് മെമ്പറുടെ രക്ഷകർതൃത്വത്തിൽ ഒരു വ്യാജ സമരസമിതി ആരംഭിച്ചു. പക്ഷേ അധികാരികളുടെയും പ്രബല രാഷ്ട്രീയ നേതാക്കളുടെയും ക്വാറി-ക്രഷർ മാഫിയകളുടെയും ഗുണ്ടാപ്പടയുടെയും ഒക്കെ ഹീനനീക്കങ്ങളെ ജനങ്ങൾ ചെറുത്ത് പരാജയപ്പെടുത്തുന്ന കാഴ്ചയാണ് ഇന്നീ സമരമുഖത്ത് കാണാൻ കഴിയുന്നത്. ജനങ്ങൾ ഇവരുടെയെല്ലാം കപടമുഖങ്ങൾ തിരിച്ചറിഞ്ഞ് അവരുടെ യഥാർത്ഥ നേതൃത്വത്തെ വാർത്തെടുത്തിരിക്കുന്നു. കക്ഷിരാഷ്ട്രീയത്തിനതീതമായി ജനങ്ങളെ ഏവരെയും ഒന്നിപ്പിക്കുന്ന മൂക്കുന്നിമല സംരക്ഷണ സമിതിയുടെ കീഴിൽ അവർ അണിനിരന്നിരിക്കുന്നു. ഈ സമരത്തിലും നേതൃത്വത്തിലും സ്ത്രീകളുടെ പങ്കാളിത്തം സമൂഹത്തിന്റെയാകമാനമുള്ള താല്പര്യത്തെ പ്രകടമാക്കുന്നു.

എസ്.യു.സി.ഐ(കമ്മ്യൂണിസ്റ്റ്) പാർട്ടി ഈ സമരത്തിന്റെ ആരംഭം മുതലെ ജനങ്ങൾക്കൊപ്പമുണ്ട്. പാർട്ടി ലോക്കൽകമ്മിറ്റി സെക്രട്ടറി സ.കെ.ഹരിയുൾപ്പെടെയുള്ള പാർട്ടി പ്രവർത്തകർ താഴേത്തലത്തിലുള്ള സംഘാടനം തുടങ്ങി എല്ലാ തലങ്ങളിലും സജീവപങ്ക് വഹിക്കുന്നു. വ്യവസ്ഥാപിത രാഷ്ട്രീയ പാർട്ടികൾ എല്ലാം തന്നെ പ്രാദേശിക-ജില്ലാ-സംസ്ഥാന തലങ്ങളിൽ വ്യത്യസ്ത നിലപാടുകളെടുത്ത് ,ഫലത്തിൽ സമരത്തിനെതിരെ നിൽക്കുമ്പോൾ നമ്മുടെ പാർട്ടി ജനങ്ങൾക്കൊപ്പം അചഞ്ചലം നിലകൊള്ളുന്നു. സമരത്തിനനുകൂലമായി ജില്ലാവ്യാപകമായ പ്രചാരണം, ഐക്യദാർഢ്യറാലി തുടങ്ങിയ പരിപാടികൾ പാർട്ടി നടത്തി. പ്രാവച്ചമ്പലത്ത് സമരസമിതി സംഘടിപ്പിച്ച പൊതുയോഗത്തിൽ പാർട്ടി തിരുവനന്തപുരം ജില്ലാ സെക്രട്ടറി സ.ജി. എസ്.പത്മകുമാർ പ്രസംഗിച്ചു. എസ്.യു.സി.ഐ(സി) സംസ്ഥാന ക്കമ്മിറ്റിയംഗവും ചെങ്ങറസമരസഹായസമിതി കൺവീനറുമായ സ. എസ്.രാജീവനുൾപ്പെടെ എസ്.യു. സി.ഐ(സി)യുടെ പല നേതാക്കളും വ്യത്യസ്ത വേദികളിലായി സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് സംസാരിക്കുകയുണ്ടായി.

ജനങ്ങൾ പോരാട്ടത്തിലാണ്. കഴിഞ്ഞ നാലുമാസമായി സമരം ഈ നാടിന്റെ നിത്യജീവിതക്രമമായി മാറിയിരിക്കുന്നു. കേരളസംസ്ഥാന ജനകീയ പ്രതിരോധസമിതി ജില്ലാ സെക്രട്ടറി എം.ഷാജർ ഖാൻ, വിളപ്പിൽശാല സമരനേതാക്കളായ എസ്.ബുർഹാൻ, എൽ.ഹരിറാം, ജി. ആർ.സുഭാഷ്, എസ്.മിനി, അഖിലേന്ത്യാ മഹിളാസാംസ്കാരിക സമിതി സംസ്ഥാനസെക്രട്ടറി ഷൈല കെ.ജോൺ, ജില്ലാസെക്രട്ടറി എ.സബൂറ, ബ്രേക്ത്രൂ സയൻസ് സൊസൈറ്റി ജില്ലാ കോഓർഡിനേറ്റർ ബെന്നി ജോസഫ് എന്നിങ്ങനെ വിവിധ തുറകളിലുള്ള സമരനേതാക്കളുടെയും സാമൂഹ്യപ്രവർത്തകരുടെയും സജീവമായ പിന്തുണയോടെ സമരം മുന്നേറുന്നു. പ്രതിജ്ഞാബദ്ധതയും പക്വതയുമുള്ള നേതൃത്വം, സാഹസികമാർഗ്ഗങ്ങളിലേയ്ക്കോ അവസരവാദത്തിലേയ്ക്കോ വഴുതി നീങ്ങാതെ ശരിയായ ജനാധിപത്യ ശൈലിയിലുള്ള സമരമുറ, സ്ത്രീകളുൾപ്പെടെയുള്ള എല്ലാ ജനവിഭാഗങ്ങളുടെയും പ്രബുദ്ധവും അർപ്പണബുദ്ധിയോടുകൂടിയതുമായ പങ്കാളിത്തം എന്നിങ്ങനെ ഏതൊരു ജനാധിപത്യസമരത്തിനും മാതൃകയാക്കാവുന്ന പല ഘടകങ്ങളും ഈ സമരത്തിലുണ്ട്. അതിവിടുത്തെ ജനങ്ങളെ ഒരു പുത്തൻ സംസ്കാരത്തിലേക്ക് ഉണർത്തിയിരിക്കുന്നു. ഒപ്പം സ്ഥാപിതതാല്പര്യക്കാരെ വിറളിപ്പിടിപ്പിക്കുകയും ചെയ്യുന്നു. ●

# പശ്ചിമഘട്ട സംരക്ഷണസമിതി എസ്.പി.ഓഫീസ് മാർച്ച് നടത്തി

**പ**ത്തനംതിട്ട മുൻ എസ്. പി. രാഹുൽ ആർ നായർ ക്വാറി ഉടമയിൽ നിന്നും 17 ലക്ഷം രൂപ കൈക്കൂലി വാങ്ങിയെന്ന ആരോപണം സി.ബി.ഐ അന്വേഷിക്കുക, കൈക്കൂലി വാങ്ങുന്നതുപോലെ തന്നെ കൊടുക്കുന്നതും കുറ്റമായതിനാൽ കൈക്കുലി നൽകിയ ക്വാറി ഉടമയേയും ഇടനിലക്കാരനെയും അറസ്റ്റുചെയ്യുക, ജില്ലയിലെ നിയമവിരുദ്ധ കരിങ്കൽ ക്വാറികൾ അടച്ചുപൂട്ടുക, കരിങ്കൽ ക്വാറികളിലെത്തുന്ന അനധികൃത സ്ഫോടകവസ്തുക്കളുടെ ഉറവിടം അന്വേഷിച്ചു കണ്ടെത്തുക, ക്വാറി ഉടമകളെ സഹായിക്കുന്ന റവന്യൂ ജിയോളജി പോലീസ് ഉദ്യോഗസ്ഥരെക്കുറിച്ച് വിജിലൻസ് അന്വേഷണം നടത്തുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് പശ്ചിമഘട്ട സംരക്ഷണ സമിതിയുടെ ആഭിമുഖ്യത്തിൽ ജൂലൈ 30 ന് എസ്. പി. ഓഫീസ് മാർച്ച് നടത്തി.

പത്തനംതിട്ട എസ്.പി. രാഹുൽ ആർ. നായർ ഒരു ക്വാറി ഉടമയിൽ നിന്നും കൈക്കൂലി വാങ്ങിയെന്ന ആരോപണം കേരളത്തിലെ പത്രമാദ്ധ്യമങ്ങളിൽ തലക്കെട്ടായി വന്ന വാർത്തയാണ്. ആരോപണത്തെ തുടർന്ന് സംസ്ഥാന സർക്കാർ, പോലീസ് മേധാവി സ്ഥാനത്തു നിന്നും രാഹുൽ ആർ നായരെ നീക്കുകയും എഡിജിപിയെ ചുമതലപ്പെടുത്തി അന്വേഷിക്കുകയുമുണ്ടായി. ആരോപണം ശരിയാണെന്ന് അന്വേഷണത്തിൽ കണ്ടെത്തിയെന്ന് പറയുന്ന സർക്കാർ, രാഹുൽ ആർ. നായരെ സർവ്വീസിൽ നിന്ന് സസ്പെന്റ് ചെയ്ത് ശിക്ഷാ നടപടിയിലേക്ക് നീങ്ങുന്നതിന് പകരം പോലീസ് പരിശീലന സ്ഥാപനമായ മലപ്പുറം എം.എസ്.പിയിൽ കമാണ്ടന്റായി നിയമിക്കുന്ന വിചിത്രമായ കാഴ്ചയാണ് കേരളം കണ്ടത്. നിയമവാഴ്ചയെ അവഹേളിക്കുന്നതും ജനങ്ങളുടെ നീതിബോധത്തെയും യുക്തിയെയും പരിഹസിക്കുന്നതുമാണ് സർക്കാരിന്റെ ഈ നടപടി. മാത്രമല്ല ഈ സംഭവത്തെ തുടർന്ന് ഖനനമാഫിയ പതിന്മടങ്ങ് ശക്തിയോടെ മലയോര മേഖലയിൽ വീണ്ടും പിടിമുറുക്കിയിരിക്കുകയാണ്. പത്തനംതിട്ടയിൽ ചുമതലയേറ്റ നാൾ മുതൽ ക്വാറി മാഫിയകൾക്കെതിരെ ശക്തമായ നിലപാടെടുത്തിരുന്ന രാഹുൽ ആർ.നായർക്കെതിരായ ക്വാറി ഉടമയുടെ ആരോപണവും സർക്കാരിന്റെ തുടർനടപടികളും ദുരൂഹമായ സാഹചര്യത്തിലാണ് പശ്ചിമഘട്ട സംരക്ഷണ സമിതി രംഗത്ത് വന്നത്. ക്വാറി ഉടമയുടെ ആരോപണം ശരിയെങ്കിൽ രാഹുൽ ആർ നായരെ മാതൃകാപരമായി ശിക്ഷിക്കണമെന്നും, തെറ്റാണെങ്കിൽ പത്തനംതിട്ടയിൽ അദ്ദേഹത്തെ പുനർനിയമിക്കണമെന്നുമുള്ള സംരക്ഷണ സമിതി മുന്നോട്ടുവച്ച ആവശ്യത്തിന് ജനപിന്തുണ വർദ്ധിക്കുകയാണ്.

കളക്ട്രേറ്റിൽ നിന്നും ആരംഭിച്ച മാർച്ച് എസ്. പി. ഓഫീസിന് മുന്നിൽ ക്രഷർ ക്വാറി വിരുദ്ധ സമിതി സംസ്ഥാന കൺവീനർ എസ്. ബാബുജി ഉത്ഘാടനം ചെയ്തു. പശ്ചിമഘട്ടസംരക്ഷണ സമിതി ജില്ലാ വൈസ് പ്രസിഡന്റ് റ്റി. എം. സത്യന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ പശ്ചിമഘട്ട സംരക്ഷണ ഏകോപന സമിതി കൺവീനർ എം.ജി. സന്തോഷ്കുമാർ മുഖ്യപ്രഭാഷണം നടത്തി. പശ്ചിമഘട്ടസംരക്ഷണസമിതി ജില്ലാസെക്രട്ടറി റെജി മലയാലപ്പുഴ സ്വാഗതം പറഞ്ഞു. മനുഷ്യാവകാശപ്രവർത്തകൻ കെ.എസ്. സോമൻ, പത്തനംതിട്ട പൗരസമിതി ജനറൽ സെക്രട്ടറി പി. രാമചന്ദ്രൻ നായർ, എസ്‌യുസിഐ(സി) ജില്ലാ സെക്രട്ടറി എസ്.രാജീവൻ, സിപിഐ (എംഎൽ) ജില്ലാക്കമ്മിറ്റിയംഗം ബിജു വി. ജേക്കബ്, മനുഷ്യാവകാശ പ്രവർത്തകൻ സദാനന്ദൻ, പി. കെ.ഭഗത്, ദിലീപ്കുമാർ, എഐഎംഎസ്എസ് ജില്ലാ സെക്രട്ടറി എസ്.രാധാമണി എന്നിവർ പ്രസംഗിച്ചു.

ഒരുഘട്ടത്തിൽ കരിങ്കൽ ക്വാറിയ്ക്കെതിരെ ശക്തമായ നിലപാടെടുത്ത എസ്. പി യായിരുന്നു രാഹുൽ ആർ. നായർ. നിരവധി കരിങ്കൽ ക്വാറികളിൽ നിന്നും അനധികൃത സ്ഫോടകവസ്തുശേഖരം പിടിച്ചെടുക്കുകയും പഴുതുകളില്ലാത്ത എഫ്ഐആർ കോടതികളിൽ സമർപ്പിക്കുകയും ഓപ്പറേഷൻ കുബേരയിലൂടെ 25 കോടിയിലധികം രൂപയുടെ പണമിടപാടുകൾ വെളിച്ചത്തുകൊണ്ടുവരികയും ചെയ്ത ഉദ്യോഗസ്ഥൻ ഒരു സുപ്രഭാതത്തിൽ കൈക്കൂലി വാങ്ങിഎന്ന ആരോപണം അവിശ്വസനീയമായി നിലനിൽക്കുകയും ചെയ്യുന്നു. കരിങ്കൽ ക്വാറിഉടമകളും അനധികൃത പണമിടപാടു സ്ഥാപനങ്ങളും ചേർന്നൊരുക്കിയ ഒരു കെണിയാണിതെന്ന് പൊതുജനത്തിന് അഭിപ്രായമുണ്ട്. ആരോപണം ഉന്നയിക്കപ്പെട്ട് 2 മാസം കഴിഞ്ഞിട്ടും കേസന്വേഷണം ഒരിഞ്ചുപോലും മുന്നോട്ടുപോയിട്ടില്ല. ഈ വിഷയത്തിൽ ആത്മാർത്ഥതയുണ്ടെങ്കിൽ കേസുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ കേരളജനതയോടുപറയുവാൻ ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല തയ്യാറാകണം.ജില്ലയിലെ ജനങ്ങൾ കരിങ്കൽ ക്വാറിക്കെതിരെയുള്ള നിരന്തര പോരാട്ടത്തിലാണ്. എന്നാൽ ജില്ലയിൽ നിന്നുള്ള മന്ത്രി ക്വാറി മാഫിയാകളുടെ ദല്ലാളായി മാറിയിരിക്കുന്നു. റവന്യൂ വകുപ്പ് ഇത്രയധികം അധപതിച്ചകാലം മുമ്പുണ്ടായിട്ടില്ലെന്ന് ഭരണകക്ഷി എം. എൽ.എ തന്നെ വിളിച്ചുപറഞ്ഞിരിക്കുകയാണ്. കേരളത്തിലെ പ്രകൃതിവിഭവങ്ങളും, ധാതുസമ്പത്തും സംരക്ഷിക്കുവാൻ കഴിയാത്ത സർക്കാരിന്റെ തെറ്റായ നിലപാടുകൾക്കെതിരെ വരും ദിവസങ്ങളിൽ ശക്തമായ സമരങ്ങൾ ഉയർന്നുവരുമെന്നും ബാബുജി പറഞ്ഞു. ●

സൈദ്ധാന്തിക പാഠങ്ങൾ

# ഫാസിസവും ധാർമ്മിക-നൈതിക പ്രതിസന്ധിയും

***സഖാവ് ശിബ്ദാസ് ഘോഷ് 1973 ഏപ്രിൽ 24ന് പാർട്ടി സ്ഥാപനദിന വാർഷികാചരണത്തോടനുബന്ധിച്ച് കൽക്കട്ടയിലെ ശഹീദ് മിനാർ മൈതാനത്തിൽ സമ്മേളിച്ച വമ്പിച്ച ജനാവലിയെ അഭിസംബോധന ചെയ്ത് നടത്തിയ പ്രസംഗത്തിൽനിന്ന്.***

ഫാസിസമെന്തെന്ന് കൃത്യമായും നാം മനസ്സിലാക്കേണ്ടതുണ്ട്. നമ്മുടെ പാർട്ടിയുടെ വിശകലനത്തിൽ ഫാസിസത്തിന്റെ ഒരു പ്രധാനവശമെന്തെന്നതിനെ സംബന്ധിച്ച് 1949 മുതൽ നാം ആവർത്തിച്ച് ചൂണ്ടിക്കാണിച്ച് പോരുന്നുണ്ട്. ഭരണതലത്തിൽനിന്നുള്ള നിഷ്ഠുരമായ അടിച്ചമർത്തലും സ്വേച്ഛാധിപത്യവുമാണ് ഫാസിസം എന്നാണ് ചിലർ കരുതുന്നത്. സ്വേച്ഛാധിപത്യമെന്നത് പട്ടാള സ്വേച്ഛാധിപത്യമാകാം, ഒരു പട്ടാള അട്ടിമറിയിലൂടെ സ്ഥാപിക്കപ്പെട്ടതാകാമത് എന്ന കാര്യം ഓർമ്മിക്കണം. കൂടാതെ, ഏതൊരു ജനവിരുദ്ധ ഭരണസമ്പ്രദായത്തിലും മർദ്ദനവും അടിച്ചമർത്തലും നടമാടുന്നുണ്ട്. സാമ്രാജ്യത്വം കോളനി രാജ്യങ്ങളിൽ അരങ്ങേറിയിരുന്നത് അതാണ്. എന്നാൽ ഫാസിസം ഇതിൽനിന്നെല്ലാം എത്രയോ ഏറെ വിനാശകാരിയാണ്. കേവലമായ അടിച്ചമർത്തൽ ഭരണത്തിന് ഒരു രാജ്യത്ത് അത്രത്തോളം സർവ്വനാശം വിതയ്ക്കാനാവുകയില്ല.

**ഫാ**സിസം സർവ്വതോമുഖമായ ഒരു പ്രതിവിപ്ലവ കുമിഞ്ഞുപൊന്തലാണ്. ഒരുവശത്ത് അത് ജനങ്ങളുടെ യുക്തിബോധത്തെയും ചിന്താപ്രക്രിയയെയും നശിപ്പിക്കുന്നു. മനുഷ്യനെ സ്വാർത്ഥനിഷ്ഠനാക്കുന്നു, വിജ്ഞാനത്തെയും പഠനത്തെയും വിദ്യാഭ്യാസത്തെയും കേവലം സാങ്കേതികാഭിമുഖമാക്കുന്നു. അതായത് എല്ലാ മാനുഷിക മൂല്യങ്ങളും സമ്പൂർണ്ണമായും വെടിഞ്ഞ, സമൂഹത്തോടും ജനങ്ങളോടും യാതൊരുവിധ ഉത്തരവാദിത്ത ബോധവും പുലർത്താത്ത, ജോലിയും ശമ്പളവുമാണ് എല്ലാം എന്ന ചിന്തമാത്രം പേറുന്ന, പണത്തിനുപകരം എന്തുമേതും അടിയറവയ്ക്കാൻ സന്നദ്ധരായ ഒരുപറ്റം സാങ്കേതിക വിദഗ്ദ്ധരെ വളർത്തി ഉന്നതസ്ഥാനങ്ങളിൽ അവരോധിക്കുക എന്നതാണിതിനർത്ഥം. ശാസ്ത്രത്തെയും വിജ്ഞാന സമ്പാദനത്തെയും ഈ ദിശയിലേക്കാണവർ തിരിച്ചുവിടുന്നത്. മറുവശത്ത് ഫാസിസം ആത്മീയവാദത്തെ, എല്ലാവിധ അറുപഴഞ്ചൻ മൂഢവിശ്വാസങ്ങളെയും അയുക്തികമായ മനോഘടനയേയും അന്ധതയെയും താലോലിക്കുന്നു. ഫാസിസം ആത്മീയവാദവും കാലഹരണപ്പെട്ട വിശ്വാസ പ്രമാണങ്ങളും യുക്തിരഹിതമായ മനോവ്യാപാരങ്ങളും ശാസ്ത്രത്തിന്റെ കേവലമായ സാങ്കേതിക അംശങ്ങളും തമ്മിലുള്ള ഒരു പ്രത്യേക ലയനമാണ്. ഒരു രാജ്യത്ത് അത് സംഭവിക്കുമ്പോൾ അവിടെ കാര്യകാരണ ബോധവും വിചിന്തന ശേഷിയും തന്നെ അസ്തമിക്കുന്നു.

അതുകൊണ്ടാണ് ഇടതുപക്ഷ പ്രസ്ഥാനത്തിന്റെ അവസ്ഥയെക്കുറിച്ച് പരാമർശിക്കവേ ഞാൻ ഈ അപായ സൂചന മുഴക്കിയത്: ആശയ സംവാദത്തിന്റെയും ആരോഗ്യകരമായ ചർച്ചകളുടെയും വാതിലുകൾ കൊട്ടിയടയ്ക്കുന്ന ഇടതുപക്ഷക്കാർ, പാർട്ടിയുടെ ശക്തിവർദ്ധിപ്പിക്കാനായി സ്വന്തം പേശീബലം എടുത്തു പ്രയോഗിക്കുന്നവർ, എണ്ണത്തിലും ബലത്തിലുമുള്ള അവരുടെ തൽക്കാലത്തെ മുൻതൂക്കം ഉപയോഗപ്പെടുത്തിക്കൊണ്ട് മുതലെടുപ്പുനടത്തുന്നവർ- അവർ മറ്റുള്ളവരെ അവരുടെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുവാൻ അനുവദിക്കുന്നില്ല. യുക്തിസഹമായ വാദങ്ങൾക്കൊന്നിനും ചെവികൊടുക്കുന്നില്ല. അവരുടെ അണികൾക്കുതന്നെ കാര്യകാരണ ചിന്തയോടുള്ള, യുക്തിവിചാരത്തോടുള്ള ആഭിമുഖ്യം നഷ്ടപ്പെട്ടുപോകുന്നു. മറ്റുള്ളവരുടെയും യുക്തിവിചാരശേഷിയെ ഇവർ നശിപ്പിക്കുന്നു. ഇതിന്റെ മാരകമായ പ്രത്യാഘാതമെന്തെന്ന് ഇവർ മനസ്സിലാക്കുന്നുണ്ടോ? അത്യന്തം വിചിത്രമെന്നു തോന്നിയേക്കാമെങ്കിലും യാഥാർത്ഥ്യമിതാണ്: ഫാസിസത്തിനെതിരെ സംസാരിക്കുന്നവർ, കമ്യൂണിസത്തെക്കുറിച്ചും ഇടതുപക്ഷീയതയെക്കുറിച്ചും പ്രക്ഷോഭത്തെക്കുറിച്ചും വിപ്ലവത്തെക്കുറിച്ചുമെല്ലാം വാചാലമാകുന്നവർ, അടിച്ചമർത്തലിനെതിരെ സമരം ചെയ്യുന്നവർ- സ്വന്തം നടപടികളിലൂടെയും പെരുമാറ്റത്തിലൂടെയും അവർതന്നെ ഇത്തരം യുക്തിഹീനമായ മനോഘടനയുടെ വളർച്ചയെ പരിപോഷിപ്പിക്കുകയാണ്. പരിണിത ഫലമെന്താണ്? ക്രമേണ ഇടതുപക്ഷ പ്രസ്ഥാനത്തിന്റെ തന്നെ ശവക്കുഴി തോണ്ടുകയെന്നതും ഫാസിസത്തിന്റെ മുന്നേറ്റത്തിന് കളമൊരുക്കിക്കൊടുക്കുക എന്നതുമല്ലാതെ മറ്റൊന്നുമല്ല. എന്തുകൊണ്ടെന്നാൽ ഒരു രാജ്യത്ത് യുക്തിചിന്തയുടെ ശേഷി അസ്തമിച്ചുപോയാൽ അത് പിന്തിരിപ്പൻ ആശയഗതികളുടെ കടന്നുകയറ്റത്തിന് വഴിയൊരുക്കും. അത് മനുഷ്യരെ ദേശീയ ഭ്രാന്തിന്റെ വിഷംകൊണ്ട് ഉന്മത്തരാക്കിമാറ്റും, കാലഹരണപ്പെട്ട പാരമ്പര്യവാദത്തെ അത് ഉണർത്തിവിടുകയും ചെയ്യും. ഇതെല്ലാമാകട്ടെ മാറ്റത്തെക്കുറിച്ചും വിപ്ലവത്തെക്കുറിച്ചും സോഷ്യലിസത്തെക്കുറിച്ചുമൊക്കെ അവ്യക്തമായ മുദ്രാവാക്യങ്ങൾ ഉയർത്തിക്കൊണ്ടുമായിരിക്കും. മേൽപ്പറഞ്ഞ കാര്യങ്ങൾ മൂന്നും സംയോജിപ്പിക്കപ്പെട്ടാൽ ഒരു രാജ്യത്ത് ഫാസിസത്തിന്റെ ആരോഹണത്തിന് കളം സജ്ജമായിത്തീർന്നിരിക്കും.

ഭരണമുതലാളിവർഗ്ഗം രാജ്യത്തെ ബുദ്ധിജീവികളെ വഴിതെറ്റിക്കുന്നതിനെത്തുടർന്ന് സമർത്ഥമായി ഈ മൂന്നുകാര്യങ്ങളും സംയോജിപ്പിക്കുന്നതിൽ വിജയം വരിക്കുന്നതോടെ മാത്രമാണ് കാര്യകാരണബോധത്തിന്റെയും യുക്തിയുടെയും അടിസ്ഥാനത്തിലുള്ള പരസ്പരചർച്ചകളുടെയും സംവാദങ്ങളുടെയും അന്തരീക്ഷവും മനോഭാവവും സമൂഹത്തിൽ പാടേനിലച്ചുപോകുന്നത് എന്ന കാര്യം നാം ഓർമ്മിക്കണം. ഫാസിസത്തിന് വളരാനുള്ള സുവർണ്ണാവസരം ഇത് ഒരുക്കിക്കൊടുക്കുന്നു. അതുകൊണ്ടാണ് ഇടതുപക്ഷ ശക്തികളോടുള്ള മുന്നറിയിപ്പ് എന്ന നിലയിൽ ഞാൻ ഇങ്ങനെ പറഞ്ഞത്: കോൺഗ്രസ്സും അതുപോലുള്ള ഭരണവർഗ്ഗപാർട്ടികളും ഇത്തരത്തിലുള്ള യുക്തിരഹിതമായ ഒരു മനോഘടന രാജ്യത്ത് പരിപോഷിപ്പിക്കാൻ അവരാൽ ആവുന്നതെല്ലാം ചെയ്യും. ഇത്തരത്തിലുള്ള മനോഭാവം വ്യാപകമാകട്ടെ എന്നാണ് അവർ അഭിലഷിക്കുന്നത്. അപ്പോൾ ഇടതുപക്ഷക്കാരും അതേരൂപത്തിൽത്തന്നെ പെരുമാറുന്നത് എന്തിന്? സങ്കുചിത പാർട്ടി താൽപര്യങ്ങൾ വച്ചുകൊണ്ട് അതേരീതികൾതന്നെ അവലംബിക്കുന്നത് എന്തിന്? താൽക്കാലികമായ ചില നേട്ടങ്ങൾ അതിലൂടെ ഉണ്ടായി എന്നുവരാം. എന്നാൽ നിശ്ചയമായും കാലാന്തരത്തിൽ അവരുടെതന്നെ വിനാശത്തിന്റെ പാത തെളിക്കലാകും ഇതിലൂടെ സംഭവിക്കുക. അതുകൊണ്ടാണ് യുക്തിരാഹിത്യത്തിന്റേതായ മനോഘടനയ്ക്കെതിരെ സമരം ആവശ്യമായിരിക്കുന്നത്. വിജ്ഞാനത്തിന്റെയും ശാസ്ത്രത്തിന്റെയും ചരിത്രത്തിന്റെയും ഉപാസനയുടേതായ അന്തരീക്ഷം സൃഷ്ടിക്കപ്പെടേണ്ടത്; ചർച്ചയുടെയും സംവാദത്തിന്റെയും ആശയസമരത്തിന്റെയും വിമർശന-പ്രതിവിമർശനത്തിന്റെയും സജീവത അനുപേക്ഷണീയമായിരിക്കുന്നത്. അത്തരം ഒരു അന്തരീക്ഷം പുലരുമ്പോൾ മാത്രമേ ചൂഷകവർഗ്ഗവുമായുള്ള ബാന്ധവത്തിൽ ഏർപ്പെട്ടിരിക്കുന്ന പാർട്ടികൾ ജനങ്ങളെ ചിന്താക്കുഴപ്പത്തിൽ അകപ്പെടുത്തുന്നത് തടയപ്പെടുകയുള്ളൂ.

ഇടതുപക്ഷക്കാരുടെ അപഭ്രംശങ്ങളോടുള്ള പ്രതികരണം എന്നനിലയിൽ ഭരണവർഗ്ഗപാർട്ടികളുടെ പിന്നിൽ അണിനിരന്നിരിക്കുന്ന നാട്ടിലെ യുവാക്കളും വിദ്യാർത്ഥികളും ചിന്തിക്കണം. സിപിഐ(എം), സിപിഐ തുടങ്ങിയ പാർട്ടികൾ പിശകുകൾ വരുത്തിക്കൊണ്ടിരിക്കുന്നു. അവർ അക്രമത്തിന്റെയും കൊലപാതകത്തിന്റെയും രാഷ്ട്രീയം അനുവർത്തിക്കുന്നു. അങ്ങനെ ഇടതുപക്ഷങ്ങൾ വലിയ ഹാനി വരുത്തിക്കൊണ്ടിരിക്കുന്നു. ശരി, ഇടതുപക്ഷങ്ങൾ ഗുരുതരങ്ങളായ പിശകുകൾ വരുത്തിക്കൊണ്ടിരിക്കുന്നു എന്നുതന്നെ വയ്ക്കുക. അതിലൂടെ വമ്പിച്ച ഹാനികൾ വരുത്തിക്കൊണ്ടിരിക്കുന്നു എന്നും ഇരിക്കട്ടെ. പക്ഷെ എന്റെ ചോദ്യമിതാണ്. ഇന്ദിരാഗാന്ധി സോഷ്യലിസം കൊണ്ടുവരും എന്ന് ഇതിന് അർത്ഥമുണ്ടോ? അവർക്ക് പിന്തുണ നൽകുന്നതിന് ഇത് ന്യായീകരണമായി തീരുന്നുണ്ടോ? ഇടതുപക്ഷക്കാർ തെറ്റുകൾ വരുത്തിയിട്ടുണ്ട് എന്നതാണെങ്കിൽ ആ തെറ്റുകൾ തിരുത്തപ്പെടുക എന്നതാണ് വിഷയം. അതിനുപകരം ഫാസിസത്തെ ദൃഢീകരിക്കാനും രാജ്യത്തെ സമ്പൂർണ്ണ നാശത്തിലേയ്ക്ക് തള്ളിവിടാനും ഉദ്യമിക്കുന്ന കോൺഗ്രസ്സിനെ പിന്തുണയ്ക്കുന്നത് എന്ത് ഫലമുളവാക്കും? എന്ത് വിചിത്രമായ വാദഗതിയാണ് ഇക്കൂട്ടരും ഉന്നയിക്കുന്നത് എന്ന് കാണുക. സിപിഐ(എം) ഗൂണ്ടായിസം അനുവർത്തിക്കുന്നതുകൊണ്ട് തങ്ങളും ഗൂണ്ടായിസത്തിൽ അഭയം പ്രാപിക്കുന്നു എന്നവർ പറയുന്നു. സിപിഐ(എം) ബലപ്രയോഗത്തിലൂടെ പോളിംഗ് ബൂത്തുകൾ പിടിച്ചടുക്കുന്നതിനാൽ തങ്ങളും അതുതന്നെ ചെയ്യുന്നു. ഒരു പടിയുംകൂടെ കടന്ന് ബാലറ്റ് പെട്ടികളിൽ കൃത്രിമങ്ങൾ നടത്തുകയും ചെയ്യുന്നു. പത്രപ്രവർത്തകരിൽ ചിലരും ഇത്തരത്തിൽ വാദിക്കുന്നതായി ഞാൻ കേൾക്കുന്നു: 'അവസരം കിട്ടിയാൽ എല്ലാവരും ഇതൊക്കെത്തന്നെയാണ് ചെയ്യുന്നത്. സിപിഐ(എം)ഉം അങ്ങനെയൊക്കെത്തന്നെ ചെയ്തു.' എന്ത് വിചിത്രമായ വാദഗതി! കൊള്ളക്കാരുടെ വാദഗതിയാണിത്. കള്ളന്മാരുടെ ഇടയിൽ ഞാൻ സ്വയം കൊള്ളക്കാരനായിരിക്കുന്നു. അപ്പോൾ നമ്മുടെ നാടൊട്ടാകെ കള്ളന്മാരുടെയും കൊള്ളക്കാരുടെയും വിഹാരരംഗമായി മാറിക്കഴിഞ്ഞിരിക്കുന്നു എന്നുണ്ടോ? ആരെങ്കിലും മോഷണത്തിൽ ഏർപ്പെടുന്നത് മറ്റൊരുവന് കൊള്ളയടിക്കുവാനുള്ള അവകാശം നൽകുന്നുണ്ടോ? എങ്കിൽ പിന്നെ മോഷ്ടാവിനെ അപലപിക്കാൻ ആർക്കെന്ത് അവകാശം? അത്തരമൊരു സാഹചര്യത്തിൽ ഓരോരുത്തരും എത്ര വലിയ കള്ളനും കൊള്ളക്കാരനും ആയിത്തീരാം എന്നതിനെ ചൊല്ലിയുള്ള മത്സരത്തിൽ ഏർപ്പെടുകയാണ് എന്നു വരുന്നു. നേരെ തിരിച്ച് ആരെങ്കിലും മോഷണമോ കവർച്ചയോ നടത്തുന്നെങ്കിൽ അത് തടയുക എന്നത് മാത്രമല്ലേ ശരിയായ നടപടി. സിപിഐ(എം) ഉം ഇതര ഇടതുപക്ഷ പാർട്ടികളും അക്രമത്തിലും കൊലപാതകത്തിലും കുറ്റകൃത്യങ്ങളിലും ഏർപ്പെട്ടിട്ടുണ്ട് എന്നുള്ളതുകൊണ്ട് ഇതൊക്കെച്ചെയ്യാൻ തങ്ങൾക്കും അവകാശമുണ്ട് എന്ന വാദം ബാലിശമാണ്. ഇത്തരത്തിലുള്ള അയുക്തികമായ നിലപാടുകൾ രാഷ്ട്രീയ മണ്ഡലത്തിൽ സ്ഥാനംപിടിച്ചിരിക്കുകയാണ്. ഇത്തരം വാദഗതികളെ പിൻപറ്റിക്കൊണ്ടാണ് സമ്പൂർണ്ണമായ ഫാസിസം ആവിഷ്ക്കരിക്കാനുള്ള ഗൂഢനീക്കം രാജ്യത്ത് ജനങ്ങളുടെ മറയിൽ അരങ്ങേറുന്നത്... ●

---

(1-ാം പേജിൽ നിന്ന്...) **ഫ്രെഡറിക് എംഗൽസ്..**

കയാണ് ചെയ്യുന്നത്... ജോയിന്റ് സ്റ്റോക്ക് കമ്പനികളും ട്രസ്റ്റുകളുമായോ ഭരണകൂട ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളായോ രൂപാന്തരപ്പെടുന്നതുകൊണ്ട് ഉൽപ്പാദനശക്തികളുടെ മുതലാളിത്ത സ്വഭാവം ഇല്ലാതാകുന്നില്ല... ആധുനിക ഭരണകൂടമാകട്ടെ, തൊഴിലാളികളുടെയും മുതലാളിമാരുടെയും ആക്രമണങ്ങൾക്കെതിരെ മുതലാളിത്തോൽപ്പാദനരീതിയുടെ ബാഹ്യപരിതസ്ഥിതികളെ താങ്ങിനിർത്താൻവേണ്ടി ബൂർഷ്വാസമൂഹം കൈക്കൊള്ളുന്ന സംഘടനാരൂപം മാത്രമാണ്. ●

(ഫ്രെഡറിക് എംഗൽസിന്റെ *സോഷ്യലിസം - സാങ്കൽപ്പികവും ശാസ്ത്രീയവും* എന്ന കൃതിയിൽനിന്ന്)

---

(1-ാം പേജിൽ നിന്ന്...) **ശിബ്ദാസ്ഘോഷ്...**

തരൂപമെടുക്കുന്ന വർഗ്ഗീയത, ജനങ്ങളുടെ മേലുള്ള അതിന്റെ മാരകസ്വാധീനങ്ങളോടെ പണ്ടെന്നപോലെ ഇന്നും നിലനിൽക്കുന്നു... നമ്മുടെ ദേശീയ വിമോചനപ്രസ്ഥാന നേതൃത്വത്തിന്റെ സ്വഭാവത്തിൽത്തന്നെയാണ് പരാജയകാരണം കുടികൊള്ളുന്നത്...

ഇൻഡ്യൻ ദേശീയ നേതൃത്വം സാമൂഹ്യ-സാംസ്കാരിക വിപ്ലവങ്ങൾ നിർവ്വഹിച്ച് ജനങ്ങളെ മതാന്ധതയുടെ ബന്ധനത്തിൽനിന്ന് മോചിപ്പിക്കാനും സമൂഹത്തെ ജനാധിപത്യവൽക്കരിക്കാനും ശ്രമിച്ചില്ലെന്നുമാത്രമല്ല, മറിച്ച്, ദേശീയവാദപരമായ ആശയങ്ങൾ പ്രചരിപ്പിക്കാനുള്ള മാദ്ധ്യമമായി മതത്തെ ഉപയോഗിക്കുക കൂടി ചെയ്തു. ഇൻഡ്യൻ ദേശീയവാദം, തന്മൂലം, അടിസ്ഥാനപരമായി മതോന്മുഖമായിരുന്നു.ഈ മതോന്മുഖ ദേശീയവാദം ഹിന്ദുമതപുനരുദ്ധാരണത്തിന്റെ രൂപത്തിലാണ് പ്രകടിതമായത്. ***ഹിന്ദുമത പുനരുദ്ധാരണപരമായ ഇൻഡ്യൻ ദേശീയവാദം അഹിന്ദുക്കളിൽ സൃഷ്ടിച്ച വൈകാരികമായ പ്രതികരണമാണ് അവരെ*** (മതം, ജാതി, ഭാഷ, വംശം മുതലായവയുടെ അടിസ്ഥാനത്തിലുള്ള സമുദായങ്ങളെ), ***വിശേഷിച്ചും മുസ്ലീം ജനസാമാന്യത്തെ നമ്മുടെ ദേശീയവിമോചന പ്രസ്ഥാനത്തിൽനിന്ന് അകറ്റിനിർത്താൻ പ്രധാനമായും കാരണമായത്...***

മുസ്ലീങ്ങളുടെ കാര്യം പോകട്ടെ, ഹിന്ദുക്കളിൽത്തന്നെ താണജാതിക്കാരെന്ന് വിളിക്കപ്പെടുന്നവരുടെ സ്ഥിതിയെന്താണ്? സാമൂഹ്യ-സാംസ്കാരിക വിപ്ലവങ്ങളുടെ കടമകൾ നിറവേറ്റപ്പെടാതിരുന്നതിനാൽ ഹിന്ദു സമുദായത്തിലെ സാമൂഹ്യമായി പിന്നാക്കം നിൽക്കുന്ന വിഭാഗത്തിൽപ്പെടുന്ന ജനങ്ങൾ മതത്തിന്റെ ചങ്ങലക്കെട്ടിൽനിന്ന് മുക്തരാക്കപ്പെട്ടില്ല എന്നുമാത്രമല്ല, ഹിന്ദുക്കളിലെ സവർണ്ണർ എന്നുവിളിക്കപ്പെടുന്നവരുടെ സാമൂഹ്യവും സാംസ്കാരികവുമായ മർദ്ദനത്തിന് വിധേയരാക്കപ്പെട്ടിരിക്കുക കൂടി ചെയ്യുന്നു. ഇത് പരിഗണിച്ചാൽ, ഒരു വിശാല ഹിന്ദുമത പുനരുദ്ധാരണത്തിന്റെ രൂപംപോലും കൈക്കൊള്ളാൻ ഇൻഡ്യൻ ദേശീയവാദത്തിന് കഴിഞ്ഞില്ലെന്ന് കാണാം. ഗാന്ധിജിയുടെയും മറ്റുചില നേതാക്കന്മാരുടെയും മറിച്ചുള്ള ശ്രമങ്ങൾ ഉണ്ടായിരുന്നിട്ടുകൂടി ബ്രാഹ്മണ-ക്ഷത്രിയ-കായസ്ഥിതാദി സവർണ്ണമേധാവിത്വമുള്ള ബ്രാഹ്മണ മത പുനരുദ്ധാരണത്തോടാണ് ഇൻഡ്യൻ ദേശീയവാദം കൂടുതൽ താദാത്മ്യപ്പെട്ടുനിന്നത്. ●

(*വർഗ്ഗീയതാപ്രശ്നം* - സഖാവ് ശിബ്ദാസ് ഘോഷ്)

# സംസ്ഥാനമെമ്പാടും പാലസ്തീൻ ഐക്യ

**അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ പിന്തുണയോടെ സയണിസ്റ്റ് ഇസ്രയേൽ ഗാസയിൽ നടത്തുന്ന കൂട്ടക്കുരുതിയിൽ പ്രതിഷേധിച്ചുകൊണ്ടും പൊരുതുന്ന പാലസ്തീൻ ജനതയോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ടും ആർ.എം.പി, എസ്.യു.സി.ഐ(സി), എം.സി.പി.ഐ(യു) എന്നീ പാർട്ടികളുൾപ്പെടുന്ന ഇടതുപക്ഷ ഐക്യമുന്നണി (LUF) ജൂലായ് 30 പാലസ്തീൻ ഐക്യദാർഢ്യ ദിനമായി ആചരിച്ചു. സംസ്ഥാനവ്യാപകമായി ജില്ലാകേന്ദ്രങ്ങളിൽ പ്രതിഷേധ പ്രകടനങ്ങൾ, പാലസ്തീൻ ഐക്യദാർഢ്യ സംഗമങ്ങൾ തുടങ്ങിയ പരിപാടികൾ നടന്നു. എസ്.യു.സി.ഐ(സി)യുടെയും ആർ.എം.പിയുടെയും എം.സി.പി.ഐ(യു)-വിന്റെയും സംസ്ഥാന ജില്ലാ നേതാക്കൾ ഈ പരിപാടികളിൽ പങ്കെടുത്തു പ്രസംഗിച്ചു.**

**അ**മേരിക്കൻ പിന്തുണയോടെ സയണിസ്റ്റ് ഇസ്രയേൽ ഗാസയിൽ നടത്തുന്ന കൂട്ടക്കുരുതി അവസാനിപ്പിക്കുക, അക്രമികളായ ഇസ്രയേലിനോട് മൃദുസമീപനം പുലർത്തുന്ന മോദി സർക്കാരിന്റെ നിലപാടിനെ അപലപിക്കുക എന്നീ മുദ്രാവാക്യങ്ങൾ ഉയർത്തപ്പെട്ടു. സോവിയറ്റ് സമാധാന ചേരിയുടെ തകർച്ചയെത്തുടർന്നുണ്ടായിരിക്കുന്ന ലോകസാഹചര്യത്തിൽ അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ നേതൃത്വത്തിലുള്ള സാമ്രാജ്യത്വ യുദ്ധശക്തികൾ ലോകജനതയുടെ സ്വാതന്ത്ര്യത്തിനും സമാധാനത്തിനുമെതിരെ ഉയർത്തുന്ന ഭീഷണിയെ നേരിടാൻ കരുത്തുറ്റ ലോകസമാധാന പ്രസ്ഥാനം വളർത്തിയെടുക്കേണ്ട ആവശ്യകതയും ചർച്ച ചെയ്യപ്പെട്ടു. ഇൻഡ്യൻ കുത്തക മൂലധനത്തിന്റെ താല്പര്യം മാത്രം പരിഗണിച്ചുകൊണ്ട് സാമ്രാജ്യത്വ ആക്രമണകാരികളുടെ പങ്കാളിയാകാൻ ശ്രമിക്കുന്ന ഇൻഡ്യൻ ഭരണാധികാരികൾ നമ്മുടെ ജനതയുടെ ഉജ്ജ്വലമായ സാമ്രാജ്യത്വവിരുദ്ധ സമരപാരമ്പര്യത്തെ അവഹേളിക്കുകയാണെന്നും ചൂണ്ടിക്കാണിക്കപ്പെട്ടു. ഇൻഡ്യാ ഗവണ്മെന്റിന്റെ ഈ വിനാശകരമായ നയം തിരുത്തിക്കാൻ പോന്ന സമ്മർദ്ദം ജനകീയാഭിപ്രായരൂപീകരണത്തിലൂടെ വളർത്തിയെടുക്കേണ്ടതാണെന്നും പ്രസംഗകർ അഭിപ്രായപ്പെട്ടു.

തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റിന് മുന്നിൽ പാലസ്തീൻ ഐക്യദാർഢ്യസംഗമം നടന്നു. എം.സി.പി.ഐ(യു) ജില്ലാ സെക്രട്ടറി സ.സി.ശ്രീനിവാസദാസ് അദ്ധ്യക്ഷത വഹിച്ചു. എസ്.യു.സി.ഐ(സി) സംസ്ഥാന സെക്രട്ടേറിയറ്റംഗം സ.ജി.എസ് പത്മകുമാർ ഉദ്ഘാടനം ചെയ്തു. അഡ്വ.വി.പ്രതാപ് സിംഗ്, ആർ.ബിജു, എം.ഷാജർഖാൻ എന്നിവർ പ്രസംഗിച്ചു. ഡി.സുന്ദരേശൻ, മുകുന്ദേഷ്, വി.കെ സുരേഷ്, ബെന്നി ജോസഫ്, ജി.ആർ സുഭാഷ് എന്നിവർ നേതൃത്വം നൽകി.

കൊല്ലം: ഐക്യദാർഢ്യ പ്രകടനവും പൊതുയോഗവും നടന്നു. കൊല്ലം റെസ്റ്റ്ഹൗസിന് മുന്നിൽ നിന്നാരംഭിച്ച പ്രകടനം ചിന്നക്കടയിൽ സമാപിച്ചു. തുടർന്ന് നടന്ന പൊതുയോഗം ഇടതുപക്ഷ ഐക്യമുന്നണി കൺവീനർ ഡോ.വി.വേണുഗോപാൽ ഉദ്ഘാടനം ചെയ്തു. എം.സി.പി.ഐ(യു) ജില്ലാസെക്രട്ടേറിയറ്റംഗം സ.വി.എസ്.മോഹൻലാൽ അദ്ധ്യക്ഷത വഹിച്ചു. സഖാക്കൾ അഡ്വ.എസ്.രാജാദാസ്, വി.എസ്.രാജേന്ദ്രൻ, എ.ജെയിംസ്, ജ്യോതികൃഷ്ണൻ എന്നിവർ പ്രസംഗിച്ചു. പ്രകടനത്തിന് സഖാക്കൾ ഷൈല കെ. ജോൺ, എസ്.രാധാകൃഷ്ണൻ, എം.എൻ.ദാമോദരൻ എന്നിവർ നേതൃത്വം നൽകി.

ആലപ്പുഴ: ഇടതുപക്ഷ ഐക്യമുന്നണി പാലസ്തീൻ ഐക്യദാർഢ്യപ്രകടനവും പൊതുസമ്മേളനവും നടത്തി. കായംകുളം മിനി സിവിൽസ്റ്റേഷനിൽ നിന്നാരംഭിച്ച പ്രകടനം സസ്യമാർക്കറ്റ് വഴി കെ.എസ്.ആർ.ടി.സി ബസ്സ്റ്റേഷന് സമീപം സമാപിച്ചു. തുടർന്നു നടന്ന പൊതുസമ്മേളനം എസ്.യു.സി.ഐ(കമ്മ്യൂണിസ്റ്റ്) ആലപ്പുഴ ജില്ലാസെക്രട്ടേറിയറ്റംഗം സ.ആർ.പാർത്ഥസാരഥി വർമ്മ ഉദ്ഘാടനം ചെയ്തു. എം.സി.പി.ഐ(യു) സംസ്ഥാനകമ്മിറ്റിയംഗം സ.ഇ.പി.ശശി അദ്ധ്യക്ഷത വഹിച്ചു. എസ്.യു.സി.ഐ(സി) സംസ്ഥാന കമ്മിറ്റിയംഗം സ.വർഗ്ഗീസ് എം.ജേക്കബ്ബ്, അഡ്വ.എം.എ.ബിന്ദു, സഖാക്കൾ കെ.ശിവൻകുട്ടി, എൻ.ആർ.അജയകുമാർ എന്നിവർ പ്രസംഗിച്ചു. പ്രകടനത്തിന് സഖാക്കൾ ടി.കോശി, ഓമനക്കുട്ടൻ, കെ.പി.മനോഹരൻ, എൻ.കെ.ശശികുമാർ, പി.ആർ.സതീശൻ, എ.മുഹമ്മദ്, എസ്.അനിൽപ്രസാദ്, ബിമൽജി, തത്ത ഗോപിനാഥ് എന്നിവർ നേതൃത്വം നൽകി.

എറണാകുളം: പാലസ്തീനുനേരെ ഇസ്രായേൽ നടത്തുന്ന കിരാതമായ ആക്രമണത്തെ അപലപിച്ചുകൊണ്ട് എൽ.യു.എഫ് എറണാകുളം ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ പാലസ്തീൻ ഐക്യദാർഢ്യ റാലിയും സമ്മേളനവും സംഘടിപ്പിച്ചു. ആലുവ ബാങ്ക് ജംഗ്ഷനിൽ നിന്നാരംഭിച്ച റാലി കെഎസ്ആർടിസി സ്റ്റാൻഡിനുമുന്നിൽ സമാപിച്ചു. തുടർന്ന് അവിടെ നടന്ന ഐക്യദാർഢ്യ സമ്മേളനം എൽയുഎഫ് സംസ്ഥാന നേതാക്കളിലൊരാളും എംസിപിഐ(യു) കേന്ദ്രകമ്മിറ്റിയംഗവുമായ സഖാവ് ടി.എസ്.നാരായണൻമാസ്റ്റർ ഉദ്ഘാടനം ചെയ്തു. എൽയുഎഫ് എറണാകുളം ജില്ലാ ചെയർമാനും എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാസെക്രട്ടറിയുമായ സഖാവ് ടി.കെ.സുധീർകുമാർ അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ സഖാക്കൾ കെ.ആർ.സദാനന്ദൻ(എൽയുഎഫ് സംസ്ഥാന വൈസ്ചെയർമാൻ), ബിനോജ് കാലായിൽ(ആർഎംപി), എൻ.ആർ.മോഹൻകുമാർ, ഇടപ്പള്ളി ബഷീർ തുടങ്ങിയവർ പ്രസംഗിച്ചു. സഖാവ് ഇ.കെ.മുരളി സ്വാഗ




എൽ.യു.എഫ് തിരുവനന്തപുരത്ത് ഐക്യദാർഢ്യദിനത്തോടനുബന്ധിച്ച് സംഘടിപ്പിച്ച യോഗം എസ്‌യുസിഐ(സി) സംസ്ഥാന സെക്രട്ടേറിയറ്റംഗം സഖാവ് ജി.എ.പത്മകുമാർ ഉദ്ഘാടനം ചെയ്യുന്നു .എം.സി.പി.ഐ(യു) ജില്ലാ സെക്രട്ടറി സ.സി.ശ്രീനിവാസദാസ് അദ്ധ്യക്ഷത വഹിച്ചു. അഡ്വ.വി.പ്രതാപ് സിംഗ്, ആർ.ബിജു, എം.ഷാജർഖാൻ എന്നിവർ പ്രസംഗിച്ചു.




എൽയുഎഫ് കായംകുളത്ത് പ്രകടനത്തിനുശേഷം നടത്തിയ യോഗം എസ്‌യുസിഐ(സി) ജില്ലാസെക്രട്ടേറിയറ്റംഗം സ.ആർ.പാർത്ഥസാരഥി വർമ്മ ഉദ്ഘാടനം ചെയ്യുന്നു.




എൽയുഎഫ് എറണാകുളം ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ആലുവയിൽ നടത്തിയ പ്രകടനത്തിൽ നിന്ന് ഒരു ദൃശ്യം.




ഐക്യദാർഢ്യദിനത്തോടനുബന്ധിച്ച് പാലക്കാട് പ്രതിഷേധപ്രകടനത്തിനുശേഷം നടന്ന യോഗം സഖാവ് അബ്ദുൾ അസീസ് ഉദ്ഘാടനം ചെയ്യുന്നു




തൃശൂർ കോർപ്പറേഷനുമുന്നിൽ സംഘടിപ്പിച്ച പ്രതിഷേധ സയാഹ്നത്തിൽ എൽയുഎഫ് സംസ്ഥാന ചെയർമാൻ സഖാവ് കെ.എസ്.ഹരിഹരൻ മുഖ്യപ്രഭാഷണം നടത്തുന്നു.

# ദാർഢ്യപരിപാടികൾ സംഘടിപ്പിക്കപ്പെട്ടു




വയനാട് സുൽത്താൻബത്തേരിയിൽ നടന്ന ഐക്യദാർഢ്യയോഗത്തിൽ എസ്‌യുസിഐ (സി) ജില്ലാ കമ്മിറ്റിയംഗം സഖാവ് സി.എൻ.മുകുന്ദൻ പ്രസംഗിക്കുന്നു



കണ്ണൂർ മുൻസിപ്പൽ സ്റ്റാൻഡിൽ നടന്ന പ്രതിഷേധ യോഗം ആന്റി ഇംപീരിയലിസ്റ്റ് ഫോറം സംസ്ഥാന ജനറൽ സെക്രട്ടറി ഡോ.ഡി.സുരേന്ദ്രനാഥ് ഉദ്ഘാടനം ചെയ്യുന്നു

തവും സഖാവ് കെ.പി.സാൽവിൻ നന്ദിയും പറഞ്ഞു.

റാലിക്ക് സഖാക്കൾ ഡി.ആർ.പിഷാരടി, പി.എം.ദിനേശൻ, പി.പി.സാജു, സി.ബി.അശോകൻ, പി.പി.അഗസ്റ്റിൻ, വി.പി.നാരായണപിള്ള, മെയ്തീൻപിള്ള, എ.സി.പോളി, കെ.കെ.ശോഭ തുടങ്ങിയവർ നേതൃത്വം നൽകി.

തൃശ്ശൂർ: എൽ.യു.എഫ്. ആഭിമുഖ്യത്തിൽ ചാവക്കാട് സെന്ററിൽ പൊതുയോഗം നടന്നു. എസ്.യു.സി.ഐ(സി) ജില്ലാകമ്മിറ്റിയംഗം സി.കെ.ശിവദാസൻ അദ്ധ്യക്ഷത വഹിച്ചു. എസ്.യു.സി.ഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ സെക്രട്ടറി ഡോ:പി.എസ്.ബാബു, ആർ.എം.പി ജില്ലാകമ്മിറ്റിയംഗം സ.ബിനോജ് എന്നിവർ പ്രസംഗിച്ചു. ആർ.എം.പി ജില്ലാകമ്മിറ്റിയംഗം സ.ഷംസു നന്ദി പറഞ്ഞു.

എൽയുഎഫ് ആഭിമുഖ്യത്തിൽ ചാവക്കാട് സെന്ററിൽ പൊതുയോഗം നടന്നു. എസ്‌യുസിഐ(സി) ജില്ലാകമ്മിറ്റിയംഗം സി.കെ.ശിവദാസൻ അദ്ധ്യക്ഷത വഹിച്ചു. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ സെക്രട്ടറി ഡോ:പി.എസ്.ബാബു, ആർഎംപി ജില്ലാകമ്മിറ്റിയംഗം ബിനോജ് എന്നിവർ പ്രസംഗിച്ചു. ആർഎംപി ജില്ലാകമ്മിറ്റിയംഗം ഷംസു നന്ദി പറഞ്ഞു.

പാലക്കാട്: എസ്.യു.സി.ഐ(സി) പാലക്കാട് ജില്ലാക്കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ പാലക്കാട് ടൗണിൽ പ്രകടനവും പൊതുയോഗവും നടന്നു. പൊതുയോഗം പാർട്ടി ജില്ലാ സെക്രട്ടറി സ.കെ.അബ്ദുൾ അസീസ് ഉദ്ഘാടനം ചെയ്തു. ജില്ലാക്കമ്മിറ്റിയംഗം സ.കെ.എം.ബീവി അദ്ധ്യക്ഷത വഹിച്ചു. ജില്ലാക്കമ്മിറ്റിയംഗങ്ങളായ സഖാക്കൾ എ.റജീന, കെ.പ്രദീപ് എന്നിവർ സംസാരിച്ചു. സഖാക്കൾ ആർ.രാജേഷ്, കെ.പ്രസാദ്, സി.രാജൻ, എൻ.സുഗന്ധി എന്നിവർ പ്രകടനത്തിന് നേതൃത്വം നൽകി.

വയനാട്: എസ്.യു.സി.ഐ (കമ്മ്യൂണിസ്റ്റ്) സുൽത്താൻ ബത്തേരിയിൽ ഐക്യദാർഢ്യ സംഗമം നടത്തി. ജില്ലാ സെക്രട്ടറി സ.വി.കെ.സദാനന്ദൻ ഉദ്ഘാടനം ചെയ്തു. ജില്ലാ കമ്മിറ്റി അംഗം സ.സി.എൻ.മുകുന്ദൻ അദ്ധ്യക്ഷത വഹിച്ചു. സ.കെ.മധുസൂദനൻ സ്വാഗതം പറഞ്ഞു.

കണ്ണൂർ: അമേരിക്കൻ പിന്തുണയോടെ ഇസ്രായേൽ പാലസ്തീനിൽ നടത്തുന്ന കൂട്ടക്കുരുതിക്കെതിരെ ഇടതുപക്ഷ ഐക്യമുന്നണിയുടെ ആഭിമുഖ്യത്തിൽ ജൂലൈ 30 ന് കണ്ണൂർ മുൻസിപ്പൽ ബസ്സ്റ്റാൻഡിൽ പ്രതിഷേധയോഗം നടന്നു. ഓൾ ഇന്ത്യാ ആന്റി ഇംപീരിയലിസ്റ്റ് ഫോറം സംസ്ഥാന ജനറൽ സെക്രട്ടറി ഡോ.ഡി.സുരേന്ദ്രനാഥ് യോഗം ഉദ്ഘാടനം ചെയ്തു. പാലസ്തീനിലെ പിഞ്ചുകുട്ടികളെപോലും നിഷ്ഠുരമായി കൊലചെയ്യുന്ന ഈ കിരാതനടപടിയെ ഇന്ത്യാഗവൺമെന്റ് ശക്തമായി അപലപിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. ആർഎംപി ജില്ലാ സെക്രട്ടറി സഖാവ് പി.പി.മോഹനൻ അദ്ധ്യക്ഷത വഹിച്ചു. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാകമ്മിറ്റിയംഗങ്ങളായ സഖാവ് പോൾ.ടി.സാമുവൽ, കെ.കെ.ജയരാജൻ എന്നിവർ പ്രസംഗിച്ചു. ●

## പാലസ്തീൻ ഐക്യദാർഢ്യ സമ്മേളനങ്ങളും സംഘചിത്രരചനയും

പത്തനംതിട്ട

**ആ**ൾ ഇന്ത്യാ ആന്റി-ഇംപീരിയലിസ്റ്റ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ ജൂലൈ 31 ന് തിരുവല്ലയിലും ആഗസ്റ്റ് 1 ന് പത്തനംതിട്ടയിലും പാലസ്തീൻ ഐക്യദാർഢ്യ സമ്മേളനങ്ങൾ നടന്നു.

തിരുവല്ലയിൽ നടന്ന സമ്മേളനം ഡോ. ഗീവർഗ്ഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. ഡോ സൈമൺ ജോൺ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ പ്രൊഫ. ഫിലിപ്പ് എൻ. തോമസ്, പ്രൊഫ. ബിജി ഏബ്രഹാം എസ്. രാജീവൻ, ബിജു വി. ജേക്കബ്, സോമൻ അയിരൂർ സോമൻ, ബാബു ജോസഫ്, കെ. ബിമൽജി, പി. ആർ. വിജയൻ, കെ. ബിജിരാജ് എന്നിവർ പ്രസംഗിച്ചു.

പത്തനംതിട്ടയിൽ നടന്ന ഐക്യദാർഢ്യ സമ്മേളനം കാതോലിക്കേറ്റ് ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പാൾ ജേക്കബ് ജോൺ ചിത്രം വരച്ച് ഉദ്ഘാടനം ചെയ്തു. കെ. ജി. അനിൽ കുമാർ അദ്ധ്യക്ഷത വഹിച്ചു. അഡ്വ. റ്റി. എച്ച്. സിറാജുദ്ദീൻ, എം. എസ്. മധു, എസ്. രാജീവൻ, റജി മലയാലപ്പുഴ, രാജേന്ദ്രൻ വയലാ, എസ് രാധാമണി, ബിനുബേബി, സനില ജോർജ്ജ്, ലക്ഷ്മി ആർ ശേഖർ ജ്യോജിത്ത് എസ് എന്നിവർ പ്രസംഗിച്ചു. കെ. ജി. അനിൽ കുമാർ, ബിനുബേബി, വി.ഡി. സന്തോഷ്, ജ്യോജിത്ത് എസ്, സനിൽ ആനന്ദൻ എന്നിവർ സംഘചിത്രരചനയിൽ പങ്കെടുത്തു. ●

## വിദ്യാർത്ഥികൾ പാലസ്തീൻ ഐക്യദാർഢ്യപ്രകടനം നടത്തി




എഐഡിഎസ്ഒയുടെ ആഭിമുഖ്യത്തിൽ അലപ്പുഴയിൽ പാലസ്തീൻ ജനതയ്ക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചു നടത്തിയ വിദ്യാർത്ഥിപ്രകടനം എഐഡിഎസ്ഒ സംസ്ഥാന വൈസ് പ്രസിഡന്റ് കെ.ബിമൽജി ഉദ്ഘാടനം ചെയ്യുന്നു. ●

## ബെന്യാമിൻ നെതന്യാഹുവിന്റെ കോലംകത്തിച്ചു.

കൊച്ചി, 2014 ജൂലൈ 24,

**ഇ**സ്രായേൽ പാലസ്തീനുനേരെ നടത്തുന്ന കിരാതമായ അക്രമണത്തിൽ പ്രതിഷേധിച്ച് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പ്രവർത്തകർ നഗരത്തിൽ ഇസ്രായേൽ പ്രസിഡന്റ് ബെന്യാമിൻ നെതന്യാഹുവിന്റെ കോലംകത്തിച്ചുകൊണ്ട് പ്രകടനം നടത്തി. സയണിസ്റ്റ് ഇസ്രായേലിനെ കടിഞ്ഞാണൂരിവിട്ട് മേഖലയിൽ അസമാധാനം വിതയ്ക്കുന്ന ഐക്യരാഷ്ട്രസഭയുടെ നിലപാട് അപലപനീയമാണെന്നും അമേരിക്കൻ സാമ്രാജ്യത്വത്തിനുവേണ്ടി ഗൂണ്ടാപ്പണിയാണ് ഇസ്രായേൽ ഗൾഫ് മേഖലയിൽ ചെയ്തുകൊണ്ടിരിക്കുന്നതെന്നും പ്രകടനത്തെ തുടർന്നു മേനക ജംഗ്ഷനിൽ നടന്ന യോഗം ഉദ്ഘാടനം ചെയ്തുകൊണ്ട് എസ്‌യുസിഐ(സി) ജില്ലാ സെക്രട്ടറി ടി.കെ.സുധീർകുമാർ അഭിപ്രായപ്പെട്ടു. അമേരിക്കൻ സാമ്രാജ്യത്വവും കൂട്ടാളികളും പ്രതിസന്ധിഗ്രസ്തവും അടിമുടി സൈനികവൽക്കരിക്കപ്പെട്ടതുമായ തങ്ങളുടെ സമ്പദ്‌വ്യവസ്ഥകളെ നിലനിർത്താൻ ലോകം മുഴുവൻ അക്രമണങ്ങളും അശാന്തിയും വിതയ്ക്കുകയാണിന്ന്. ഇത്തരമൊരു സാഹചര്യത്തിൽ സമാധാനകാംഷികളായ ജനങ്ങൾ സാമ്രാജ്യത്വയുദ്ധവിപത്തിനെതിരെ സുശക്തമായ യുദ്ധവിരുദ്ധ പ്രസ്ഥാനത്തിൽ അണിചേരണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

യോഗത്തിൽ പാർട്ടി ജില്ലാ കമ്മിറ്റിയംഗം സി.ബി.അശോകൻ അദ്ധ്യക്ഷത വഹിച്ചു. ജില്ലാ സെക്രട്ടേറിയറ്റംഗം പി.എം.ദിനേശൻ പ്രസംഗിച്ചു. ഹൈക്കോടതി ജംഗ്ഷനിൽ നിന്നാരംഭിച്ച പ്രകടനത്തിന് കെ.കെ.ശോഭ, കെ.ഒ.ഷാൻ, കെ.ഒ.സുധീർ, കെ.പി.സാൽവിൻ തുടങ്ങിയവർ നേതൃത്വം നൽകി.




ഇസ്രായേലിന്റെ ഗാസയിലെ കിരാത അക്രമണത്തിൽ പ്രതിഷേധിച്ച് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) എറണാകുളം ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ കൊച്ചിയിൽ നടന്ന പ്രതിഷേധ പ്രകടനത്തോടനുബന്ധിച്ച് ഇസ്രായേൽ പ്രസിഡന്റ് ബെന്യാമിൻ നെതന്യാഹുവിന്റെ കോലംകത്തിക്കുന്നു. തുടർന്നു നടന്ന യോഗം പാർട്ടി ജില്ലാ സെക്രട്ടറി സഖാവ് ടി.കെ.സുധീർകുമാർ ഉദ്ഘാടനം ചെയ്തു. ●

# സഖാവ് എം.ജെ.ജോസഫിന് ലാൽസലാം




തൃശൂർ സാഹിത്യ അക്കാദമി ഹാളിൽ നടന്ന സഖാവ് എം.ജെ. ജോസഫ് അനുസ്മരണ സമ്മേളനത്തിൽ പാർവ്വതി പവനൻ പ്രസംഗിക്കുന്നു.



എസ്.യു.സി.ഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ മുതിർന്ന സംഘാടകരിലൊരാളായ സഖാവ് എം.ജെ ജോസഫ് ജൂലൈ 10-ന് പാലക്കാട്ട് സ്വകാര്യആശുപത്രിയിൽ വച്ച് അന്തരിച്ചു. ശ്വാസകോശസംബന്ധമായ അസുഖത്തെതുടർന്ന് രണ്ടാഴ്ചയിലേറെയായി അദ്ദേഹം തീവ്രപരിചരണ വിഭാഗത്തിൽ പ്രവേശിപ്പിക്കപ്പെട്ടിരിക്കുകയായിരുന്നു. എഴുപത്തിയാറ് വയസ്സായെങ്കിലും തികഞ്ഞ ചുറുചുറുക്കോടെ പൊതുരംഗത്ത് ഇടപെട്ടുകൊണ്ടിരുന്ന സ.എം.ജെ.ജോസഫിന്റെ പൊടുന്നനെയുള്ള വിയോഗം കേരളത്തിലെ, വിശിഷ്യ തൃശ്ശൂർ പാലക്കാട് ജില്ലകളിലെ, പുരോഗമന ജനാധിപത്യ പ്രസ്ഥാനങ്ങളെ സംബന്ധിച്ചിടത്തോളം വലിയൊരു നഷ്ടമാണ് സൃഷ്ടിച്ചിരിക്കുന്നത്.

1950-കളിൽ ഇടതുപക്ഷ വിദ്യാർത്ഥി പ്രസ്ഥാനവുമായി ബന്ധപ്പെട്ട് പൊതുജീവിതമാരംഭിച്ച അദ്ദേഹം, തുടർന്ന് തൊഴിലാളി പ്രസ്ഥാനങ്ങളിലും പുരോഗമന സാംസ്കാരികപ്രസ്ഥാനങ്ങളിലും ശ്രദ്ധേയമായ പങ്ക് വഹിച്ചു. നല്ലൊരു വാഗ്മിയായിരുന്നു. ഒരു കാലത്ത് ഗ്രാമീണ സാംസ്കാരിക സംരംഭങ്ങളുടെ ഭാഗമായി നാടകങ്ങളുടെ രചനയും അവതരണവുമുൾപ്പെടെയുള്ള കലാപ്രവർത്തനങ്ങളിൽ സജീവമായിരുന്നു. ഗ്രന്ഥശാലാപ്രസ്ഥാനം, മദ്യവിരുദ്ധ പ്രസ്ഥാനം, സാക്ഷരതാ പ്രവർത്തനം തുടങ്ങിയ മേഖലകളിലെല്ലാം കൈമെയ് മറന്ന് പ്രവർത്തിച്ചിരുന്നു. മിശ്ര വിവാഹ- യുക്തിവാദി പ്രസ്ഥാനത്തിലും നേതൃത്വപരമായ പങ്കുവഹിച്ചു. പരന്ന വായനയുണ്ടായിരുന്ന സഖാവ് എം. ജെ.ജോസഫ് വിജ്ഞാനത്തെയും വിദ്യാഭ്യാസത്തെയും ഗാഢമായി സ്നേഹിച്ചു. ജീവിതക്ലേശങ്ങൾ മൂലം പഠിപ്പ് മുന്നോട്ട് കൊണ്ടുപോകാൻ ബുദ്ധിമുട്ടിയ എത്രയോ കുട്ടികൾക്ക് വിദ്യാഭ്യാസം തുടരാൻ വേണ്ട സഹായം അദ്ദേഹം രഹസ്യമായി ചെയ്തിരുന്നു.

1994-ൽ ഐ.ആർ.ഡി.പി ഓഫീസർ ആയി റിട്ടയർ ചെയ്ത അദ്ദേഹം, തന്റെ ദീർഘമായ ഔദ്യോഗിക ജീവിതത്തിലും അതിനു പുറത്തും, സമൂഹത്തിലെ ഏറ്റവും താഴെക്കിടയിലുള്ളവരുടെ പക്ഷത്തുനിന്ന് പ്രവർത്തിച്ചു. തന്റെ കാലഘട്ടത്തിലെ പുരോഗമനപരമായ ചലനങ്ങളോട് ഒന്നിച്ച് നിൽക്കുകയും അവയ്ക്ക് വേണ്ടി തന്നാലാവുന്നതെല്ലാം പൂർണ്ണമനസ്സോടെ പ്രവർത്തിക്കുകയും ചെയ്തു. 1990-കളുടെ ആദ്യം അദ്ദേഹം സമുന്നത മാർക്സിസ്റ്റ് ദാർശനികനും തൊഴിലാളിവർഗ്ഗത്തിന്റെ മഹാനായ നേതാവുമായ സഖാവ് ശിബ്ദാസ്ഘോഷിന്റെ ചിന്തകളുമായി പരിചയപ്പെട്ടു. അതു മുതൽ അദ്ദേഹം സഖാവ് ശിബ്ദാസ്ഘോഷ് സ്ഥാപിച്ച തൊഴിലാളിവർഗ്ഗ വിപ്ലവപ്പാർട്ടിയായ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്)പാർട്ടിയുടെ സജീവസംഘാടകനായി. 2001-ലും 2006-ലും നിയമസഭാ തെരഞ്ഞെടുപ്പുകളിൽ പാലക്കാട് മണ്ഡലത്തിലെ എസ്.യു.സി.ഐ (സി) സ്ഥാനാർത്ഥിയായിരുന്നു. കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതി, ആൾ ഇൻഡ്യ ആന്റി ഇംപീരിയലിസ്റ്റ് ഫോറം, ബാനർ സാംസ്കാരിക സമിതി, മഹാനായ അയ്യൻകാളി നയിച്ച കാർഷിക പണിമുടക്കിന്റെ ശതാബ്ദി ആചരണ കമ്മിറ്റി എന്നീ പ്രസ്ഥാനങ്ങളുടെ സംസ്ഥാന സമിതികളിൽ അംഗമായിരുന്നു. തൃശ്ശൂർ പാലക്കാട് ജില്ലകളിൽ നടന്നിട്ടുള്ള ചെറുതും വലുതുമായ നിരവധി ജനകീയ സമരങ്ങളിൽ സജീവസാന്നിദ്ധ്യമായിരുന്നു. അനാരോഗ്യം മൂലം വലിയ ക്ലേശം അനുഭവിച്ചുകൊണ്ടിരുന്ന നാളുകളിലാണ് അദ്ദേഹം, ദേശീയപാത 47-ന്റെ ഓരങ്ങളിൽ നിന്ന് കുടിയൊഴിപ്പിക്കൽ ഭീഷണി നേരിട്ടിരുന്ന വടക്കഞ്ചേരിയിലെ സാധാരണക്കാരായ ജനങ്ങളുടെ അതിജീവനം സമരം വളർത്തിയെടുക്കാൻ മുന്നിട്ടിറങ്ങിയത്.

അദ്ദേഹം തന്റെ ആദർശങ്ങൾ വ്യക്തിജീവിതത്തിൽ പ്രാവർത്തികമാക്കുന്നതിൽ മാതൃകാപരമായ നിഷ്കർഷ പുലർത്തി. ജാതിമതങ്ങളുടെ വിഭജനങ്ങൾ മറികടന്ന് മനുഷ്യരൊന്നിക്കണമെന്ന ആദർശം ഉയർത്തിപ്പിടിച്ചു. അതിന് തടസ്സമായി വരുന്ന മതവിശ്വാസങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കുമെതിരെ വിട്ടു വീഴ്ചയില്ലാതെ പോരാടി. തന്റെ കുടുംബാംഗങ്ങളേയും ഈ ആദർശത്തിലേക്ക് കൊണ്ടുവരാൻ ശ്രമിച്ചു. അദ്ദേഹത്തിന്റെ താല്പര്യപ്രകാരം മരണാനന്തരം കണ്ണുകൾ ദാനം ചെയ്യുകയും മൃതദേഹം മതപരമായ ചടങ്ങൊന്നുമില്ലാതെ വൈദ്യുതശ്മശാനത്തിൽ സംസ്കരിക്കുകയും ചെയ്തു.

സ.എം.ജെ.ജോസഫിന്റെ ചരമവാർത്തയറിഞ്ഞ് പാർട്ടി സഖാക്കളും വിവിധ തുറകളിലെ അദ്ദേഹത്തിന്റെ സഹപ്രവർത്തകരും തൃശ്ശൂർ ജില്ലയിലെ ഇളനാടുള്ള അദ്ദേഹത്തിന്റെ വീട്ടിൽ അന്ത്യോപചാരമർപ്പിക്കാനെത്തി. എസ്.യു.സി.ഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാനകമ്മിറ്റിയംഗവും തൃശ്ശൂർ ജില്ലാസെക്രട്ടറിയുമായ ഡോ.പി.എസ്.ബാബു മൃതദേഹത്തിൽ പാർട്ടി പതാക പുതപ്പിച്ചു. പിറ്റേന്ന് ഉച്ചയ്ക്ക് 12 മണിക്ക് പാലക്കാട് വൈദ്യുതശ്മശാനത്തിൽ മൃതദേഹം സംസ്കരിച്ചു. കേരള സംസ്ഥാന ജനകീയ പ്രതിരോധസമിതി ജില്ലാപ്രസിഡന്റ് ഡോ.പി.എസ്.പണിക്കർ, എസ്.യു.സി.ഐ(സി) സംസ്ഥാനകമ്മിറ്റിയംഗം സ.കെ.കെ.സുരേഷ്, അഖിലേന്ത്യാ മഹിളാ സാംസ്കാരിക സംഘടന പാലക്കാട് ജില്ലാസെക്രട്ടറി സ.കെ.എം.ബീവി, ബാനർ സാംസ്കാരികസമിതി സംഘാടകനായ ബാലു തൈക്കാട്ടുശ്ശേരി, എ.ഐ.ഡി.എസ്.ഒ സംസ്ഥാനസെക്രട്ടേറിയറ്റംഗം സാൽവിൻ. കെ.പി, എ.ഐ.ഡി.വൈ.ഒ സംസ്ഥാനകമ്മിറ്റിയംഗം പി.മണികണ്ഠൻ, കോംസൊമോൾ സംസ്ഥാനസെക്രട്ടറി എ.റജീന, എ.ഐ.യു.റ്റി.യു.സി ജില്ലാസെക്രട്ടറി കെ.പ്രദീപ്, എന്നിവരുൾപ്പെടെ വിവിധ സംഘടനാനേതാക്കളും പാലക്കാട് തൃശ്ശൂർ ജില്ലകളിലെ എസ്.യു.സി. ഐ(സി) സഖാക്കളും സ.എം.ജെ.ജോസഫിന്റെ കുടുംബാംഗങ്ങളും അവിടെ അന്തിമോപചാരമർപ്പിച്ചു.

ജൂലൈ 16 ന് ഇളനാട് വച്ച് കേരള യുക്തിവാദി സംഘത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന അനുസ്മരണയോഗത്തിൽ യുക്തിവാദി സംഘം നേതാക്കൾക്കുപുറമെ സി.പി.ഐ, സി.പി.ഐ(എം), സി.എം.പി, കോൺഗ്രസ്സ്, ബി.ജെ.പി എന്നീ രാഷ്ട്രീയപ്പാർട്ടികളുടെ നേതാക്കളും പങ്കെടുത്തു സംസാരിച്ചു. എസ്.യു.സി.ഐ(സി) സംസ്ഥാനസെക്രട്ടേറിയറ്റംഗം സ.ജി.എസ്.പത്മകുമാർ, തൃശ്ശൂർ ജില്ലാസെക്രട്ടറി ഡോ.പി.എസ്.ബാബു എന്നിവരും സംസാരിച്ചു.

എസ്.യു.സി.ഐ(സി) തൃശ്ശൂർ ജില്ലാക്കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ജൂലൈ 18 ന് തൃശ്ശൂർ സാഹിത്യ അക്കാദമി ഹാളിൽ വച്ച് അനുസ്മരണസമ്മേളനം നടന്നു. സ.ജി.എസ്. പത്മകുമാർ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ എസ്.യു.സി.ഐ(സി) സംസ്ഥാനസെക്രട്ടേറിയറ്റംഗം സ.വി.വേണുഗോപാൽ മുഖ്യപ്രസംഗം നടത്തി. പാർവ്വതി പവനൻ, ജനകീയ പ്രതിരോധസമിതി ജില്ലാ പ്രസിഡന്റ് പ്രൊഫ.കെ.ബി.ഉണ്ണിത്താൻ, ആർ.എം.പി ജില്ലാസെക്രട്ടറി സ.പി.ജെ.മോൺസി, സി.പി.ഐ(എം.എൽ) നേതാവ് സ.കെ.ശിവരാമൻ, ടി.കെ.വാസു, കേരള യുക്തിവാദിസംഘം സംസ്ഥാനസെക്രട്ടറി ശക്തിധരൻ, വി.ടി.ട്രസ്റ്റ് സെക്രട്ടറി സി.ബി.എസ്.മണി, എസ്.യു.സി.ഐ(സി) പാലക്കാട് ജില്ലാസെക്രട്ടറി സ.കെ.അബ്ദുൾ അസീസ്, ജോയിന്റ് ക്രിസ്ത്യൻകൗൺസിൽ നേതാവ് ആന്റണികൊക്കാട്, ഡോ.പി.എസ്.ബാബു, ഡോ.കെ.ചന്ദ്രശേഖരൻ, യുക്തിവിചാരം ജോസ്, സ.എം.ജെ.ജോസഫിന്റെ സഹോദരന്മാരായ മത്തച്ചൻ മാമ്പിള്ളി, ആന്റണി ജോസഫ് മാമ്പിള്ളി, മിശ്രവിവാഹസംഘം നേതാവ് സുബ്രഹ്മണ്യൻ, ഡേവിസ് വളർകാവ്, സ.കെ.എം. ബീവി തുടങ്ങിയവർ സംസാരിച്ചു. ●

# സഖാവ് ജി.രവീന്ദ്രൻ അനുസ്മരണം




സഖാവ് ജി.രവീന്ദ്രൻ അനുസ്മരണസമ്മേളനത്തിൽ സഖാവ് സി.കെ.ലൂക്കോസ് മുഖ്യപ്രഭാഷണം നടത്തുന്നു. വേദിയിൽ സഖാവ് വി.വേണുഗോപാൽ, എ.ജെയിംസ്, വി.ആന്റണി, ജി.എസ്.പത്മകുമാർ, മോഹൻലാൽ തുടങ്ങിയവർ

കുണ്ടറ. ജൂലൈ 22,

കൊല്ലം ജില്ലയിലെ എസ്‌യുസിഐ(സി) സംഘാടകനും പ്രമുഖ സാമൂഹ്യ-സാംസ്കാരിക പ്രവർത്തകനുമായ സഖാവ് ജി.രവീന്ദ്രനെ അനുസ്മരിച്ചുകൊണ്ട് ജൂലൈ 22 ന് കുണ്ടറയിൽ അനുസ്മരണ സമ്മേളനം നടന്നു. അനുസ്മരണ സമ്മേളനത്തിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടറി സി.കെ. ലൂക്കോസ് മുഖ്യപ്രഭാഷണം നടത്തി.

നോമ്പുനോക്കുന്ന വിശ്വാസിയുടെ വായിൽ ചപ്പാത്തി തിരുകി കയറ്റുന്ന ശിവസേന എം.പിയുടെ ചെയ്തിയും സാനിയമിർസയെന്ന ഇന്ത്യൻ കായികതാരത്തെ പാകിസ്ഥാന്റെ മരുമകളാണെന്ന് ആക്ഷേപിക്കുന്ന ബിജെപി മന്ത്രിയുടെ പ്രവൃത്തിയും ഇന്ത്യയിൽ ഫാസിസത്തിന്റെ കടന്നുവരവറിയിക്കുന്ന ആപൽസൂചനകളാണെന്ന് സഖാവ് അഭിപ്രായപ്പെട്ടു. അനുസ്മരണ സമിതി പ്രസിഡന്റ് എ. ജെയിംസ് അദ്ധ്യക്ഷത വഹിച്ചു.

സമ്പദ്ഘടനയിലെ പുതിയ പ്രവണതകൾ എന്ന വിഷയത്തിൽ ഇ.എം.എസ്.പഠനകേന്ദ്രം ഡയറക്ടർ വി.കെ. പ്രസാദ് പ്രഭാഷണം നടത്തി. ഡോ.വി.വേണുഗോപാൽ, കെ.ഒ. മാത്യു പണിക്കർ, ഫാ. ഗീവർഗ്ഗീസ് തരകൻ, റോബർട്ട്, കോശി അലക്സ്, മോഹൻലാൽ, ജ്യോതികൃഷ്ണൻ, വി.ആന്റണി, രാഘവൻ തുടങ്ങിയവർ സംസാരിച്ചു. ●

# കോഴ മണക്കുന്ന പുതിയ പ്ലസ്ടു സ്കൂളുകൾ

**കേരളത്തിൽ വീണ്ടും പ്ലസ്ടു സ്കൂൾ അനുമതിയിൽ കോഴ മണക്കുന്നു. മാനദണ്ഡങ്ങൾ ലംഘിച്ചുകൊണ്ടാണ് യുഡിഎഫ് സർക്കാർ 700 അധിക ബാച്ചുകൾ അനുവദിച്ചതെന്ന ആരോപണം ഉയർന്നുവന്നിരിക്കുന്നു. പ്ലസ്ടു സ്കൂളുകളില്ലാത്ത 131 പഞ്ചായത്തുകളിൽ പുതുതായി പ്ലസ്ടു സ്കൂൾ സർക്കാർ അനുവദിച്ചു. സർക്കാർ മേഖലയിൽ 43 ഉം എയ്ഡഡ് മേഖലയിൽ 88 ഉം സ്കൂളുകളാണ് അനുവദിക്കപ്പെട്ടത്. ഏതായാലും 35,000 അധിക സീറ്റുകൾ കൂടി ഈ വർഷം പുതുതായി സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ഇങ്ങനെ സ്കൂളുകൾ അനുവദിച്ചത് ഏതു മാനദണ്ഡം അനുസരിച്ചാണെന്ന് വ്യക്തമാക്കാൻ കേരള ഹൈക്കോടതി ആവശ്യപ്പെട്ടതോടെ പ്രശ്നം കോടതി കയറുകയും ചെയ്തു.**

എസ്എസ്എൽസി പാസ്സായ ഒരു കുട്ടിക്കുപോലും ഉപരിപഠനത്തിന് അവസരം നഷ്ടപ്പെടരുതെന്ന സദുദ്ദേശ്യത്തോടെയാണ് ഇത്രയധികം സ്കൂളുകൾ ഒറ്റയടിക്ക് അനുവദിച്ചതെന്നാണ് മുഖ്യമന്ത്രി ഉമ്മൻചാണ്ടി അവകാശപ്പെടുന്നത്. മലബാർ മേഖലയുടെ വിദ്യാഭ്യാസപരമായ പിന്നാക്കാവസ്ഥയും പ്ലസ്ടു സീറ്റുകളുടെ കുറവുമാണ് സ്കൂൾ അനുമതിക്കു ന്യായമായി വിദ്യാഭ്യാസ വകുപ്പ് ചൂണ്ടിക്കാണിക്കുന്ന കാര്യങ്ങൾ.

ആ വസ്തുതകളും വാദങ്ങളും തത്ത്വത്തിൽ അംഗീകരിച്ചുകൊണ്ടുതന്നെ സ്കൂൾ അനുവദിക്കാൻ സർക്കാർ സ്വീകരിച്ച മാനദണ്ഡങ്ങൾ ശരിയോ തെറ്റോ എന്ന് പരിശോധിക്കണം. അതിലേറ്റവും പ്രധാനപ്പെട്ട കാര്യം കഴിഞ്ഞ അധ്യായനവർഷം 25,000 പ്ലസ്വൺ സീറ്റുകൾ സംസ്ഥാനത്ത് ഒഴിഞ്ഞു കിടന്നുവെന്ന വസ്തുതയാണ്. പത്തനംതിട്ടയും തിരുവനന്തപുരവുമുൾപ്പെടെയുള്ള ജില്ലകളിൽ സീറ്റുകൾ ഒഴിഞ്ഞുകിടക്കുമ്പോഴും പുതിയ ബാച്ചുകളും സ്കൂളുകളും അനുവദിക്കുന്നതിനെ സംബന്ധിച്ച് യാതൊരു പഠനവും നടത്താൻ വിദ്യാഭ്യാസ വകുപ്പ് തയ്യാറായില്ല. ശാസ്ത്രീയമായ ഒരു പഠനം നടത്തിയതിനു ശേഷം പുതിയ സ്കൂളുകളും ബാച്ചുകളും എവിടെയൊക്കെയാണ് അനുവദിക്കേണ്ടത് എന്ന് കൃത്യമായി തീരുമാനിക്കാനാകൂയെന്ന് ചൂണ്ടിക്കാണിക്കപ്പെട്ടിട്ടും വിദ്യാഭ്യാസ വകുപ്പ് യാതൊരു നടപടിക്കും താൽപ്പര്യമെടുത്തില്ല. പകരം, വിവിധ വിഭാഗം മാനേജുമെന്റുകളുമായി പ്ലസ്ടു അനുവദിക്കുന്നതിനെ സംബന്ധിച്ച് ധാരണയുണ്ടാക്കുകയും ആ സ്ഥാപനങ്ങൾക്ക് സ്കൂൾ അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. ആ ഇടപാടുകളിലും അതിനുവേണ്ടി നടന്ന ചരടുവലികളിലും കോടികളുടെ കോഴ ഒഴുകിയിട്ടുണ്ട്. അതിനുള്ള തെളിവുകൾ ഹാജരാക്കാനാണ് മുഖ്യമന്ത്രി ആവശ്യപ്പെട്ടിട്ടുള്ളത്. ആ തെളിവുകൾ ഓരോന്നായി പുറത്തുവന്നുകൊണ്ടിരിക്കുന്നു. എം.ഇ.എസ്. മാനേജുമെന്റ് ഡയറക്ടർ ഫസൽ ഗഫൂർ മാത്രമല്ല, ചില സ്കൂൾ പ്രിൻസിപ്പാൾമാരും ഇടനിലക്കാർ കോഴ ചോദിച്ചതിന് സാക്ഷ്യം പറഞ്ഞുകൊണ്ടിരിക്കുന്ന സ്ഥിതിയാണുള്ളത്. കോഴയുടെയും അഴിമതിയുടെയും ഒരു ശൃംഖലപോലെയാണ് പ്ലസ്ടു സ്കൂൾ നിലവിൽ വരുന്നത് വരെ പ്രവർത്തിക്കുക. പ്ലസ്ടു അനുവദിക്കാൻ മാനേജുമെന്റ്, രാഷ്ട്രീയ- ഉദ്യോഗസ്ഥ മേലധികാരികൾക്കു കോഴ നൽകും. നിയമനങ്ങൾക്ക് അധ്യാപകരും ജീവനക്കാരും മാനേജുമെന്റിന് കോഴ നൽകാൻ നിർബന്ധിതരാകും. അതിനു ശേഷം പ്രവേശനത്തിന് കുട്ടികളുടെ രക്ഷിതാക്കൾ വൻതുക കൈക്കൂലി നൽകണം. അതിനാണ് പുതിയ പ്ലസ്ടു സ്കൂളുകൾ വഴി തുറന്നിരിക്കുന്നത്.

ഈ വർഷം എസ്എസ്എൽസി പാസ്സായ ആകെ വിദ്യാർത്ഥികൾ 4,42,678 പേരാണ്. അവരിൽ ഉപരിപഠനാർഹർ നാലുലക്ഷംപേരെയുള്ളൂ. പുതുതായി അനുവദിച്ച സീറ്റുകളുടെ എണ്ണം കൂടി കൂട്ടുമ്പോൾ ഇത്തവണ ആകെ പ്ലസ്വൺ സീറ്റുകൾ 4,22,640 വരും. അതുകൂടാതെ വിഎച്ച്എസ്ഇ, ഐടിഐ, പോളിടെക്നിക് തുടങ്ങിയ കോഴ്സുകളിലായി 98,000 സീറ്റുകൾ കൂടെയുണ്ട്. അതായത് 5,20,000 സീറ്റുകൾ ആകെയുണ്ട്. പ്ലസ്വൺ കോഴ്സിന് മൂന്നര ലക്ഷം കുട്ടികളാണ് പ്രവേശനം നേടാനുള്ളത്. നാലു ലക്ഷം കുട്ടികൾ ചേർന്നാൽ പോലും 25,000 സീറ്റുകൾ ഒഴിഞ്ഞു കിടക്കും. ഒരു വിഭാഗം കുട്ടികൾ വൊക്കേഷണൽ/ടെക്നിക്കൽ/ഓപ്പൺ സ്കൂൾ കോഴ്സുകളിലേക്ക് പോകുന്നതോടെ അരലക്ഷം സീറ്റുകൾ ഇത്തവണ ബാക്കികിടക്കാനാണിട! അപ്പോൾ പിന്നെ എന്ത് ന്യായീകരണമാണ് പുതിയ സ്കൂളുകൾ ആരംഭിച്ചതിന് സർക്കാരിന് നിരത്താനുണ്ടാവുക?

ശ്രീ. കേശവേന്ദ്രകുമാർ ഹയർസെക്കണ്ടറി ഡയറക്ടറായിരുന്ന കാലയളവിൽ 2011-ൽ പുതിയ ബാച്ചുകളും സ്കൂളുകളും ആരംഭിക്കുന്നതിനെ സംബന്ധിച്ച് ഒരു റിപ്പോർട്ട് നൽകിയിരുന്നു. അതിൽ അദ്ദേഹം പറഞ്ഞ കാര്യം ആവശ്യകത നിർണ്ണയിച്ചതിന് ശേഷം മാത്രമേ ബാച്ചുകളും കോഴ്സുകളും അനുവദിക്കാവൂയെന്നാണ്. മലബാർ മേഖലയിലെ ഏതൊക്കെ സ്കൂളുകളിൽ, എത്രയൊക്കെ സീറ്റുകൾ, ബാച്ചുകൾ ആവശ്യമുണ്ട് എന്ന ഒരു കണക്കെടുപ്പുപോലും നടത്തിയിട്ടില്ല. അതുകൊണ്ടുതന്നെ പുതിയ 699 ബാച്ചുകൾ അനുവദിച്ചിട്ടും പ്രാദേശികമായ അസന്തുലിതാവസ്ഥയ്ക്ക് പരിഹാരം കാണാനായിട്ടില്ല. ആവശ്യമായ എല്ലാ സ്കൂളുകൾക്കും ആവശ്യമായ ബാച്ചുകൾ ലഭിച്ചിട്ടില്ല. എന്നാൽ അതേ സമയം പതിനായിരക്കണക്കിന് സീറ്റുകൾ മറ്റു സ്ഥലങ്ങളിൽ ഒഴിഞ്ഞു കിടക്കുകയും ചെയ്യുന്നു. അതുകൊണ്ടാണ് മാനദണ്ഡം വിശദീകരിക്കാൻ ഹൈക്കോടതി ആവശ്യപ്പെട്ടത്.

മുൻവർഷങ്ങളെ അപേക്ഷിച്ച് സ്റ്റേറ്റ് സിലബസ് പ്ലസ്ടു കോഴ്സുകളിലേക്ക് കുട്ടികളുടെ ഒഴുക്ക് വർദ്ധിച്ചിട്ടുണ്ട്. അതിന് പ്രധാനകാരണം ഉദാരമായ മാർക്ക് ദാനമാണ്. പ്രൊഫഷണൽ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിന് പ്ലസ്ടു മാർക്കുകൂടി പരിഗണിക്കുമെന്ന സ്ഥിതി വന്നപ്പോൾ അൺ എയ്ഡഡ്, സിബിഎസ്ഇ/ഐസിഎസ്ഇ സിലബസ് വിദ്യാർത്ഥികളിൽ ഒരു വിഭാഗം കൂടുതൽ മാർക്ക്/ഗ്രേഡ് കരസ്ഥമാക്കാൻ മാത്രം, എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകൾ ഓപ്റ്റ് ചെയ്യുന്നു. അതൊരു വലിയ ബിസിനസ്സായി നടത്താൻ, വിദ്യാഭ്യാസ വകുപ്പ് അവസരം പ്രയോജനപ്പെടുത്താൻ ശ്രമിക്കുന്നതിനാൽ, വിശാലമായ ഒരു 'പ്ലസ്ടു മാർക്കറ്റ്' സൃഷ്ടിക്കപ്പെടുകയാണിപ്പോൾ. അതുകൊണ്ടാണ് കുറെ സ്കൂളുകൾ ഒഴിഞ്ഞുകിടന്നാലും വിൽക്കുന്ന സീറ്റുകളിൽ നല്ല ലാഭക്കൊയ്ത്തു നടത്താമെന്ന് മാനേജുമെന്റുകൾ കണക്കുകൂട്ടുന്നത്.

അധ്യാപക നിയമനങ്ങളിലാകട്ടെ, 20 ലക്ഷം രൂപ മുതൽ 70 ലക്ഷം രൂപവരെയാണ് കോഴ. തിരുവനന്തപുരത്ത് നെല്ലിമൂട് ഒരു സ്കൂളിൽ അധ്യാപക നിയമനത്തിന് 70 ലക്ഷം വാങ്ങിയെന്ന ആരോപണം ഇതിനകം ഉയർന്നുവന്നിട്ടുണ്ട്. പുതുതായി ആരംഭിക്കുന്ന സ്കൂളുകളിൽ ശരാശരി 12 പേരെവരെ നിയമിക്കാം. ഈ വർഷം മാത്രമാണ് പുതിയ തസ്തികകൾ അനുവദിക്കാത്തത്. അടുത്ത വർഷം അത് വേണ്ടിവരും. കുട്ടികളുണ്ടെങ്കിൽ ആനുപാതികമായി അധ്യാപകരെ നിയമിക്കുകതന്നെ വേണം. പക്ഷേ, ബാച്ചുകൾ നിലനിർത്താൻ കഴിയുന്നില്ലെങ്കിൽ അതൊരു പ്രശ്നമായി വരും. ഇപ്പോൾതന്നെ കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ 12,000 അധ്യാപകർ അധികമാണ്. പ്രൊട്ടക്ടഡ് അധ്യാപകരെ പുനർവിന്യസിച്ചുകൊണ്ട് ജോലി സുരക്ഷ ഉറപ്പാക്കാൻ സർക്കാർ ബാധ്യസ്ഥമാണ്. എല്ലാ പുതിയ നിയമനങ്ങളിലും മെറിറ്റ് പാലിക്കാനും മാനദണ്ഡങ്ങൾ ഉറപ്പാക്കാനും കോഴ ഒഴിവാക്കി സുതാര്യമാക്കാനും സർക്കാർ നടപടി സ്വീകരിക്കണം.

എന്തായാലും, ഇപ്പോൾ ഉണ്ടായിരിക്കുന്ന പ്രതിസന്ധികൾക്ക് പരിഹാരം കാണാൻ താഴെപ്പറയുന്ന കാര്യങ്ങൾ നടപ്പാക്കാൻ സർക്കാർ തയ്യാറാവണം.

1. കേരളത്തിലെ ഏതൊക്കെ വിദ്യാലയങ്ങളിലാണ് പ്ലസ്വൺ ബാച്ചുകൾ ആവശ്യമുള്ളത്, എവിടെയൊക്കെയാണ് സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്നത് എന്നതിനെ സംബന്ധിച്ച് കൃത്യമായ ഒരു പഠനം നടത്താൻ ഒരു വിദഗ്ധ സമിതിയെ നിയോഗിക്കണം.
2. അങ്ങനെ കണ്ടെത്തുന്ന സ്കൂളുകളിൽ മാത്രം ആവശ്യമായ ബാച്ചുകൾ അനുവദിക്കാൻ തീരുമാനിക്കുക.
3. എല്ലാ പഞ്ചായത്തുകളിലും പ്ലസ്ടു സ്കൂളുകൾ അനുവദിക്കണമെന്ന മാനദണ്ഡം ശാസ്ത്രീയമാണോയെന്ന് പരിശോധിക്കുക.
4. അധ്യാപക നിയമനങ്ങളിലും വിദ്യാർത്ഥി പ്രവേശനത്തിലും കോഴയും തലവരിയും നിരോധിക്കാൻ ഫലപ്രദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുക.

പൊതുവിദ്യാലയങ്ങൾ അനാദായകരമാണെന്ന പേരിൽ അടച്ചുപൂട്ടാനുള്ള എല്ലാ നീക്കങ്ങൾക്കും തടയിടാൻ കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതോടൊപ്പം തന്നെ അക്കാദമിക നിലവാരം മെച്ചപ്പെടുത്താൻ, ബോധന സമ്പ്രദായങ്ങളിലെ ഗുരുതരമായ പിഴവുകൾ പരിഹരിക്കാൻ പൊളിച്ചെഴുത്തു നടത്താൻ വിദ്യാഭ്യാസ വകുപ്പ് മുന്നോട്ടുവരണം. അധ്യാപനം മെച്ചപ്പെടുത്തണം. തീരെ നിലവാരമില്ലാത്ത പാഠ്യക്രമം പൊളിച്ചെഴുതണം. സിലബസ്സും പാഠപുസ്തകങ്ങളും കാലോചിതം ശാസ്ത്രീയമായി പരിഷ്ക്കരിക്കണം. എസ്എസ്എ, ആർഎംഎസ്എ തുടങ്ങിയ ലോകബാങ്ക് സ്കീമുകളിൽ നിന്ന് പൊതുവിദ്യാഭ്യാസത്തെ മോചിപ്പിച്ചാൽ മാത്രമേ ഇതൊക്കെ സാധ്യമാകൂ. താഴ്ന്ന ക്ലാസ്സുകളിലെ തലതിരിഞ്ഞ മൂല്യനിർണ്ണയ സമ്പ്രദായം മാറ്റി പ്രതിഷ്ഠിക്കുകയും ജയം-തോൽവി സമ്പ്രദായം പുനഃസ്ഥാപിക്കുകയും മറ്റും ചെയ്താൽ മാത്രമേ ഹയർസെക്കണ്ടറിയിലും ഗുണപരമായ പരിവർത്തനങ്ങൾ യാഥാർത്ഥ്യമാക്കാൻ കഴിയൂ. വിദ്യാഭ്യാസ രംഗത്തെ സ്വകാര്യവൽക്കരണ-വാണിജ്യവൽക്കരണ നയങ്ങൾക്കെതിരെ അതിശക്തമായ പ്രക്ഷോഭവും ഇതോടൊപ്പം വളർത്തിയെടുക്കാൻ കഴിഞ്ഞാൽ പ്ലസ്ടു രംഗത്തെ കച്ചവടത്തിന് അറുതിവരുത്താൻ കഴിയും. ●

## മഹാരാജാസ് കോളേജിന്റെ സ്വയംഭരണത്തിനെതിരെ വിദ്യാർത്ഥികളുടെ കൂട്ടായ്മ

കൊച്ചി, ജൂലൈ 25, മഹാരാജാസിനെ സ്വയംഭരണകോളേജാക്കുന്നതിനെതിരെ എഐഡിഎസ്ഒ സംരക്ഷണ കൂട്ടായ്മ സംഘടിപ്പിച്ചു. മേനക ജംഗ്ഷനിൽ നടന്ന വിദ്യാർത്ഥി കൂട്ടായ്മ സംസ്ഥാന പ്രസിഡന്റ് അഡ്വ. ഇ.എൻ.ശാന്തിരാജ് ഉദ്ഘാടനം ചെയ്തു. രാജ്യത്ത് നടന്നുവരുന്ന സാമ്പത്തികപരിഷ്ക്കരങ്ങളുടെ ഭാഗമായി വിദ്യാഭ്യാസ രംഗം സ്വദേശ-വിദേശ മൂലധനനിക്ഷേപകർക്ക് ലാഭക്കൊയ്ത്ത് നടത്താൻ കഴിയുംവിധം പുനഃസംഘടിപ്പിക്കുകയാണെന്ന് അവർ ചൂണ്ടിക്കാട്ടി. വിദ്യാഭ്യാസത്തിന്റെ സാമ്പത്തികബാധ്യതയിൽ നിന്ന് സർക്കാർ പൂർണ്ണമായും പിൻമാറുകയാണ്. ലോകബാങ്കിന്റെ പദ്ധതിയായ ഡിപിഇപി വഴി സർക്കാർ വിദ്യാഭ്യാസത്തിന്റെ നിലവാരം തകർത്ത് സ്വകാര്യമേഖലയിൽ പണം നൽകാൻ കഴിയുന്നവർക്ക് മാത്രമായി വിദ്യാഭ്യാസം പരിമിതപ്പെടുത്തപ്പെട്ടു. അതിന്റെ തുടർച്ചയായി ഉന്നതവിദ്യാഭ്യാസരംഗത്ത് നടപ്പാക്കുന്ന ആർയുഎസ്എ പദ്ധതി സർവ്വകലാശാലകളുടെ സ്വയംഭരണം ഇല്ലാതാക്കുകയും അഫിലിയേഷൻ തന്നെയില്ലാതാക്കി കോളേജുകളെ സ്വാശ്രയ-കച്ചവടകേന്ദ്രങ്ങളാക്കി അധഃപതപ്പിക്കുകയും ചെയ്യുകയാണിന്ന്.

വൈജ്ഞാനികമായ ധാരണകളെ വികസിപ്പിച്ച് ഉദാത്ത മനുഷ്യനെ സൃഷ്ടിക്കാൻ ഉപകരിക്കുന്ന വിദ്യാഭ്യാസത്തിന്റെ സ്ഥാനത്ത്, ചില തൊഴിൽശേഷികൾ ആർജ്ജിക്കുകയെന്ന നിലയിൽ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യത്തെ തന്നെ വഴിതിരിച്ചുവിടുകയാണിന്ന്. സ്വകാര്യ-സ്വാശ്രയ സ്ഥാപനങ്ങളിലേക്ക് കുട്ടികളെ ആട്ടിത്തെളിക്കാനും സ്ഥാപനങ്ങളുടെ ലാഭകരമായ നടത്തിപ്പും ലക്ഷ്യംവച്ച് നൽകിയ വിദ്യാഭ്യാസവായ്പകെണി ഗുരുതരമായ സാമൂഹ്യപ്രശ്നമായി ഉയർന്നുവന്നിരിക്കുന്നു. മഹാരാജാസ് കോളേജ് പോലുള്ള മഹത്തായ പാരമ്പര്യമുള്ള കലാലയങ്ങളെ സംരക്ഷിക്കാൻ വിദ്യാഭ്യാസസംരക്ഷണ പ്രസ്ഥാനം രൂപപ്പെടുത്തിയെടുക്കാൻ വിദ്യാഭ്യാസ സ്നേഹികൾ മുന്നോട്ടുവരണമെന്ന് ഇ.എൻ.ശാന്തിരാജ് അഭ്യർത്ഥിച്ചു.

എഐഡിഎസ്ഒ ജില്ലാ പ്രസിഡന്റ് കെ.പി.സാൽവിൻ അദ്ധ്യക്ഷത വഹിച്ചു. എഐഡിവൈഒ ജില്ലാ സെക്രട്ടറി കെ.ഒ.സുധീർ, എഐഡിഎസ്ഒ സംസ്ഥാന സെക്രട്ടേറിയറ്റംഗങ്ങളായ വി.ഡി.സന്തോഷ്, എ.റജീന, സംസ്ഥാന കൗൺസിലംഗങ്ങളായ എം.കെ.ഷഹസാദ്, എ.ഷൈജു, അനില ബോസ്, രശ്മി രവി, അകിൽ മുരളി, ആർ. അപർണ്ണ, അലീന എസ്, രേവതി തോമസ് എന്നിവർ പ്രസംഗിച്ചു. ●



എഐഡിഎസ്ഒ സംഘടിപ്പിച്ച മഹാരാജാസ് സംരക്ഷണ കൂട്ടായ്മ സഖാവ് ഇ.എൻ.ശാന്തിരാജ് ഉദ്ഘാടനം ചെയ്യുന്നു

## കേന്ദ്ര ബജറ്റ്

# പ്രതിരോധ രംഗത്തേയ്ക്കും വിദേശ നിക്ഷേപത്തിന് വഴിയൊരുക്കുന്നു

(ഒന്നാം പേജിന്റെ തുടർച്ച)

ആശ്വാസങ്ങളാണ്. സാധാരണക്കാരന്റെ അവസാനതുള്ളി രക്തവും ഊറ്റിയെടുത്താണത്രേ സമ്പദ്ഘടനയുടെ പുനരുദ്ധാരണം നടത്തേണ്ടത്. ജനങ്ങൾക്കുമേൽ ഏൽപ്പിക്കുന്ന പ്രഹരം മൂടിവയ്ക്കാനാണ് 'സാമ്പത്തിക ശാസ്ത്ര'ത്തിന്റെ പേരിലുള്ള ഈ കസർത്ത്. ചുരുക്കത്തിൽ, സാധാരണക്കാരന് ബജറ്റിൽ നിന്ന് ഒന്നും പ്രതീക്ഷിക്കാനില്ലെന്ന് വ്യക്തമായിരുന്നു. കുത്തകകളും 'പണ്ഡിതന്മാരും' ഉന്നതങ്ങളിൽ വിരാജിക്കുന്ന നയരൂപീകർത്താക്കളുമൊക്കെയാണ് സാമ്പത്തിക ശാസ്ത്രജ്ഞരായി സ്വയം അവതരിക്കുന്നത്. ഇവരുടെ പരിഗണനയിൽ സാധാരണക്കാരന്റെ ആവലാതികളും അഭിലാഷങ്ങളുമൊന്നും വരുന്നതേയില്ല. മുഖ്യധാരാ പത്രങ്ങളും ടി.വി.ചാനലുകളുമൊക്കെ നടത്തിയ ബജറ്റ് വിശകലനം ശ്രദ്ധിച്ചിട്ടുള്ളവർക്ക് ഇത് ബോദ്ധ്യമാകും.

സാധാരണക്കാരുടെ കാഴ്ചപ്പാടിൽ ബജറ്റിനെ സമീപിക്കാനാണ് ഞങ്ങൾ ശ്രമിക്കുന്നത്. മുതലാളിത്ത നുകത്തിൻ കീഴിൽ ഞെരിഞ്ഞമരുന്ന, വൻതോതിലുള്ള സാമ്പത്തിക ആക്രമണങ്ങൾക്ക് ഇരയായിക്കൊണ്ടിരിക്കുന്ന, തൊണ്ണൂറുശതമാനം വരുന്ന ദരിദ്രരുടെയും പണിയെടുക്കുന്നവരുടെയും പാപ്പരായ കൃഷിക്കാരുടെയും ദുരിതമനുഭവിക്കുന്ന ഇടത്തരക്കാരും താഴെ ഇടത്തരക്കാരുമായ ജനങ്ങളുടെയും ചേരികളിൽ കഴിയുന്നവരുടെയുമൊക്കെ കാര്യമാണ് നമ്മൾ പരിഗണിക്കുന്നത്. അവരെ സംബന്ധിച്ചിടത്തോളം ബജറ്റ് എന്തായിരുന്നുവെന്നും ഭക്ഷണം, വസ്ത്രം, പാർപ്പിടം, തൊഴിൽ തുടങ്ങിയ അടിസ്ഥാന പ്രശ്നങ്ങളെ ബജറ്റ് എങ്ങനെ സമീപിക്കുന്നുവെന്നും നമുക്ക് നോക്കാം.

**ധനകാര്യമന്ത്രിയുടെ അഭിമുഖം.**

"ദരിദ്ര്യത്തിൽനിന്ന് മുക്തരാകാൻ വെമ്പൽക്കൊള്ളുന്ന ദരിദ്രർ", "തൊഴിലില്ലായ്മയും അടിസ്ഥാന സൗകര്യങ്ങളുടെ കുറവും അടിസ്ഥാനഘടനയുടെ അപര്യാപ്തതയും നിസ്സംഗമായ ഭരണവും മടുത്തു" തുടങ്ങിയ വശ്യമായ വാക്കുകളോടെയാണ് ധനകാര്യമന്ത്രി ബജറ്റ് പ്രസംഗം തുടങ്ങുന്നത്.

"ദരിദ്രരാണ് ഏറ്റവുമധികം ബുദ്ധിമുട്ടുന്നത്", " നമ്മുടെ ദാരിദ്ര്യനിർമ്മാർജ്ജന പരിപാടികൾ ലക്ഷ്യവേധിയായിരിക്കണം" എന്നും അദ്ദേഹം ഉരുവിടുന്നു. ബജറ്റിന്റെ ബീഭത്സത മറച്ചുവയ്ക്കാനാണ് തുടക്കത്തിൽ ഇങ്ങനെയൊക്കെ തട്ടിവിടുന്നത്. പെട്ടെന്നുതന്നെ, "കയ്യടി വാങ്ങാനുള്ള നടപടികളും ധൂർത്തും" ഒഴിവാക്കേണ്ടതല്ലേ എന്ന ചോദ്യത്തിലേക്ക് കടക്കുന്നു. അങ്ങനെ നേരിട്ട് ഒരു 'ബിസിനസ്സ് ആഭിമുഖ്യ'ത്തിലുള്ള ബജറ്റ് അവതരിപ്പിക്കുന്നു. "തന്റെ ഗവൺമെന്റ് ഒരു ബിസിനസ്സ് ആഭിമുഖ്യത്തിലുള്ളതാണെന്നും അത്, ദരിദ്രരോട് ആഭിമുഖ്യം പുലർത്തുന്നതിന് എതിരായിട്ടുള്ള കാര്യമല്ലെന്നും" അദ്ദേഹം പ്രഖ്യാപിക്കുന്നു. "ബിസിനസ്സ് നിലച്ചാൽ പിന്നെ ദരിദ്രരെ സേവിക്കാൻ വിഭവങ്ങളുണ്ടാകില്ല" കൂടുതൽ സ്വകാര്യവൽക്കരണ നടപടികൾ സ്വീകരിക്കുകയും കൂടുതൽ മേഖലകളിൽ വിദേശ നിക്ഷേപത്തിന് അവസരമൊരുക്കുകയും ചെയ്തില്ലെങ്കിൽ സാമ്പത്തിക കുരുക്കിൽ നിന്ന് രക്ഷപെടാനാവില്ല എന്നാണ് ഈ പറഞ്ഞതിനർത്ഥം. വെറുക്കപ്പെട്ട "ഒലിച്ചിറങ്ങൽ സിദ്ധാന്ത"മാണിത്. അതായത് മുതലാളിമാർ അഭിവൃദ്ധിപ്പെടുമ്പോൾ എന്തെങ്കിലുമൊക്കെ താഴോട്ട് അരിച്ചിറങ്ങി ദരിദ്രർക്കും കിട്ടും എന്നർത്ഥം. അതായത്, സമ്പന്നന്റെ എച്ചിൽകൊണ്ട് സാധാരണക്കാർ തൃപ്തിപ്പെട്ടുകൊള്ളണമെന്ന് സാരം. എത്ര സുന്ദരമായ പരിഹാരമാർഗ്ഗം! ബജറ്റിലുടനീളം ഈ മനോഹര സിദ്ധാന്തം അന്തർധാരയായി വർത്തിക്കുന്നു. ബജറ്റ് പണമുള്ളവർക്കും അവരുടെ ശിങ്കിടികൾക്കും വേണ്ടിയുള്ളതാണ്. സാധാരണക്കാർ അവരുടെ ദയാദാക്ഷിണ്യങ്ങൾക്കാത്ത് കഴിഞ്ഞുകൊള്ളണം.

**ബജറ്റിലെ ഊന്നലുകൾ**

കുറഞ്ഞ ജിഡിപി വളർച്ച, ഏതാണ്ട് നിശ്ചലമായ വ്യവസായ വളർച്ച, പരോക്ഷ നികുതിയിൽ നേരിയ വർദ്ധന വമ്പിച്ച സബ്സിഡി ഭാരം, നികുതിവരുമാന മേഖലയിലെ ഉന്മേഷക്കുറവ് എന്നിവയൊക്കെയായിരുന്നു കഴിഞ്ഞ രണ്ടുവർഷത്തെ സ്ഥിതി എന്ന് ധനകാര്യമന്ത്രി പറയുന്നു. സ്വദേശ-വിദേശ മൂലധനത്തിന് സുപ്രധാനരംഗങ്ങളിലൊക്കെ പ്രവേശനം ഉറപ്പാക്കുക, വിൽപ്പനനികുതിയിലും ഇറക്കുമതിച്ചുങ്കത്തിലും വമ്പിച്ച ഇളവുകൾ മുതലാളിമാർക്ക് നൽകുക, പ്രത്യേക സാമ്പത്തിക മേഖലകൾ പുനരുജ്ജീവിപ്പിക്കുക തുടങ്ങിയ കോർപ്പറേറ്റുവൽക്കരണ നടപടികളാണ് പരിഹാരമെന്നോണം അദ്ദേഹം നിർദ്ദേശിക്കുന്നത്. പൊതു-സ്വകാര്യ പങ്കാളിത്തത്തിന്റെ ലോകത്തെ ഏറ്റവും വലിയ കമ്പോളമാണ് ഇന്നിന്ത്യ എന്ന് പ്രധാനമന്ത്രിതന്നെ പ്രഖ്യാപിക്കുന്ന തരത്തിൽ ലക്കുകെട്ട സ്വകാര്യവൽക്കരണ പ്രക്രിയ തിമിർത്താടുകയാണ്. സ്വകാര്യ മൂലധനത്തെ പിൻവാതിലിലൂടെ ആനയിക്കുന്നതിനെയാണ് പൊതു-സ്വകാര്യങ്കാളിത്തം എന്ന് പറയുന്നതെന്ന് എല്ലാവർക്കുമറിയാം. അദ്ദേഹത്തിന്റെ പ്രഖ്യാപനങ്ങൾ ഇവിടെ അക്കമിട്ട് നിരത്താം.

1. പ്രതിരോധ, ഇൻഷ്വറൻസ് രംഗങ്ങളിൽ നേരിട്ടുള്ള വിദേശ നിക്ഷേപം 49 ശതമാനമായി ഉയർത്തി.

2. നിർമ്മാണരംഗത്ത് കൂടുതൽ ഉദാരമായ വ്യവസ്ഥയിലുള്ള പ്രത്യക്ഷ വിദേശ നിക്ഷേപം.

3. പ്രതിരോധ ബജറ്റ് 2,29,000 കോടി രൂപയാക്കി ഉയർത്തി.

4. വൻകിട നഗരങ്ങളുടെ ഉപഗ്രഹങ്ങളെന്ന നിലയിൽ നൂറ് സ്മാർട്ട്സിറ്റികൾ

5. പൊതുമേഖലാ സ്ഥാപനങ്ങളുടെയും ദേശസാൽകൃത ബാങ്കുകളുടെയും ഓഹരിവിറ്റഴിക്കും.

6. വ്യവസായികോൽപ്പാദനം, സാമ്പത്തികവളർച്ച, കയറ്റുമതി പ്രോത്സാഹനം എന്നിവയുടെ ഫലപ്രദമായ ഉപകരണമെന്ന നിലയിൽ പ്രത്യേക സാമ്പത്തിക മേഖലകളുടെ പുനരുജ്ജീവനം.

7. ചെലവിന്റെ മുൻഗണനാക്രമം അഴിച്ചുപണിയുന്നതിനും ഭക്ഷ്യ, ഇന്ധന സബ്സിഡികളടക്കം സബ്സിഡി സമ്പ്രദായമാകെ ലക്ഷ്യവേധിയാക്കുംവിധം പരിഷ്ക്കരിക്കുന്നതിനുമായി എക്സ്പെൻഡിച്ചർ മാനേജ്മെന്റ് കമ്മീഷനെ നിയമിക്കും.

8. കാലാവസ്ഥ വ്യതിയാനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനും ജല സംരക്ഷണത്തിനുള്ള നൂതനപദ്ധതികൾക്ക് ഉത്തേജനം നൽകുന്നതിനും ഹൈബ്രിഡ് വിത്തിനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും ചെക്ക്ഡാമുകൾ, കുളങ്ങൾ, ജല സംഭരണികൾ എന്നിവ നിർമ്മിച്ച് വരൾച്ചാക്കാലത്തും കൃഷിചെയ്യുന്നതിനും മറ്റുമായി ഒരു നിധി രൂപീകരിക്കും.

9. കാർഷികോൽപ്പാദന കമ്പോളത്തിലെ വിലവ്യതിയാനവും അനിശ്ചിതത്വങ്ങളും മൂലമുള്ള ദുരിതങ്ങൾക്ക് ശമനം വരുത്തുന്നതിനായി 500 കോടി രൂപയുടെ നിധി രൂപീകരിക്കും.

10. എക്സൈസ് ഡ്യൂട്ടി, കസ്റ്റംസ് ഡ്യൂട്ടി എന്നിവ കുത്തനെ കുറയ്ക്കും.

11. വരുമാന നികുതിയടയ്ക്കുന്നതിനുള്ള പരിധി ഉയർത്തും.

കുതിച്ചുയരുന്ന വിലക്കയറ്റം നിയന്ത്രിക്കുന്നതിനെക്കുറിച്ചോ, തൊഴിലവസരങ്ങൾ സൃഷ്ടിച്ചുകൊണ്ട് പെരുകുന്ന തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണുന്നതിനെക്കുറിച്ചോ, വർദ്ധിച്ചുവരുന്ന ദാരിദ്ര്യത്തിന് ശമനമുണ്ടാക്കുന്നതിനെക്കുറിച്ചോ ബജറ്റ് ഒരക്ഷരം ഉരിയാടുന്നില്ല. മുൻഗാമികളായ കോൺഗ്രസ്സ് നേതാക്കളെപ്പോലെ തന്നെ ബിജെപിയുടെ ധനകാര്യമന്ത്രിക്കും ഇതൊന്നും ബജറ്റിൽ പരിഗണിക്കേണ്ടുന്ന കാര്യങ്ങളല്ല. ഇനി, പ്രധാനപ്പെട്ട ബജറ്റ് നിർദ്ദേശങ്ങളുടെ പ്രത്യാഘാതങ്ങൾ വിശകലനം ചെയ്യാം.

**പ്രതിരോധ രംഗത്തെ പ്രത്യക്ഷ വിദേശ നിക്ഷേപം**

പ്രത്യക്ഷ വിദേശനിക്ഷേപം വർദ്ധിപ്പിക്കത്തക്കവിധം അതിന്റെ വ്യവസ്ഥകൾ പരിഷ്ക്കരിച്ചില്ലെങ്കിൽ, പ്രതിരോധ സാമഗ്രികൾ നൽകുന്ന വമ്പൻ കമ്പനികൾക്ക് ഇന്ത്യയിൽ വിതരണകേന്ദ്രങ്ങൾ തുടങ്ങാൻ താൽപ്പര്യമുണ്ടാകില്ല എന്നാണ് സർക്കാർ വൃത്തങ്ങളുടെ വാദഗതി. എഫ്ഡിഐ പരിധി ഉയർത്തുന്നതോടെ ഇന്ത്യയിലെ പ്രതിരോധ സാമഗ്രികളുടെ ഉൽപ്പാദനരംഗത്ത് വിദേശത്തുനിന്ന് ആധുനിക സാങ്കേതികവിദ്യ ലഭ്യമാകുമെന്ന് മാത്രമല്ല, ഇന്ന് ഇന്ത്യ ഇറക്കുമതി ചെയ്യുന്ന പല സൈനിക സാമഗ്രികളും ആഭ്യന്തരമായി ഉൽപ്പാദിപ്പിച്ച് വിദേശനാണ്യശേഖരം സംരക്ഷിക്കാനും വർദ്ധിപ്പിക്കാനും കൂടി കഴിയുമത്രെ.

ഇന്ത്യയിലെ ഭരണവർഗ്ഗം അതിന്റെ ആകമാനതാൽപ്പര്യം കണക്കിലെടുത്ത് ഇന്ത്യൻ പ്രതിരോധ രംഗത്ത് വൻതോതിലുള്ള വിദേശ കുത്തക മൂലധന നിക്ഷേപത്തിന് അനുമതി നൽകാൻ മടിക്കുന്നില്ല. ടാറ്റ, എൽ&ടി, മഹീന്ദ്ര & മഹീന്ദ്ര തുടങ്ങിയ ഇന്ത്യൻ കുത്തകകൾ പ്രതിരോധ രംഗത്ത് വൻകിട വിദേശ മൂലധനവുമായി കൈ കോർക്കാൻ താൽപ്പര്യപ്പെടുന്നുണ്ട്. അവരുടെ മത്സരശേഷി വർദ്ധിപ്പിക്കാനും അന്തർദ്ദേശീയ ആയുധവ്യാപാരരംഗത്ത് വമ്പൻമാരായി ഉയർന്നുവരാനുമുള്ള പദ്ധതിയാണിതിനുപിന്നിൽ. സമ്പദ്ഘടനയുടെ സൈനികവൽക്കരണം ഇന്ന് എല്ലാ മുതലാളിത്ത-സാമ്രാജ്യത്വ രാജ്യങ്ങളുടെയും പൊതുസ്വഭാവമാണ്. അപരിഹാര്യവും രൂക്ഷവുമായ കമ്പോള പ്രതിസന്ധിയിൽപ്പെട്ടിരിക്കുന്ന ഭരണമുതലാളിവർഗ്ഗം സമ്പദ്ഘടനയെയാകെ സൈനിക സമ്പദ്ഘടനയുമായി കൂട്ടിക്കെട്ടുകയാണ്. ഡിമാന്റിൽ കൃത്രിമമായ വർദ്ധനയുണ്ടാക്കുന്നതിനായി ഗവൺമെന്റുതന്നെ ഇവിടെ വാങ്ങൽക്കാരനായി മാറുകയാണ്. എന്നാൽ എന്താണവർ വാങ്ങുക. ജനങ്ങളുടെ നികുതിപ്പണം പ്രതിരോധ ബജറ്റിൽപ്പെടുത്തി അവർ ആയുധങ്ങൾ വാങ്ങിക്കൂട്ടുന്നു. സൈനികസാമഗ്രികൾ വാങ്ങുന്നതിനും സൈനികശേഷി വർദ്ധിപ്പിക്കുന്നതിനും പ്രതിരോധ വ്യവസായം ആധുനികവൽക്കരിക്കുന്നതിനുമൊക്കെ അതുവഴി ഊന്നൽകൈവരുന്നു. ഇതിനെയാണ് സമ്പദ്ഘടനയുടെ സൈനികവൽക്കണം എന്നുപറയുന്നത്. അന്താരാഷ്ട്ര ആയുധക്കച്ചവടക്കാരെ പ്രലോഭിപ്പിക്കുന്ന കമ്പോളമാണ് ഇന്ത്യയുടേത്. പ്രതിരോധച്ചെലവിന്റെ കാര്യത്തിൽ, അടുത്തവർഷം, അമേരിക്കയ്ക്കും ചൈനയ്ക്കും പിന്നിൽ മൂന്നാംസ്ഥാനത്തായിരിക്കും ഇന്ത്യ. അടുത്ത അഞ്ചുവർഷക്കാലയളവിൽ ഈ രംഗത്തെ ഇന്ത്യയുടെ ചെലവ് 80 -100 ബില്യൺ ഡോളർ ആയിരിക്കുമെന്നാണ് കണക്കാക്കപ്പെടുന്നത്. അതുകൊണ്ടാണ് ആയുധവ്യാപാരരംഗത്തെ അന്താരാഷ്ട്രഭീമന്മാർ ഇന്ത്യൻ പ്രതിരോധ രംഗത്ത് പ്രവേശിക്കാൻ അതീവ താൽപ്പര്യമായിരിക്കുന്നത്. ഇന്ത്യ, എഫ്ഡിഐ പരിധി ഉയർത്തുകയാണെങ്കിൽ ആഗോള നിക്ഷേപകർക്ക് കൂടുതൽ നിക്ഷേപിക്കാൻ അത് പ്രോത്സാഹനം നൽകുമെന്ന് അമേരിക്കയുടെ ഡെപ്യൂട്ടി ഡിഫൻസ് സെക്രട്ടറി ആഷ്ടൺകാർട്ടർ ഏതാനും മാസങ്ങൾക്കുമുമ്പ് അഭിപ്രായപ്പെട്ടിരിക്കുന്നു. എന്നാൽ, യുദ്ധവെറിയൻ അമേരിക്കൻ സാമ്രാജ്യത്വമടക്കമുള്ള വൻശക്തികൾ ഇന്ത്യൻ പ്രതിരോധരംഗത്ത് സ്വാധീനമുറപ്പിച്ചുകഴിഞ്ഞാൽ അത് രാജ്യസുരക്ഷയ്ക്ക് വലിയ ഭീഷണിയായിരിക്കുമെന്നതാണ് ഏറ്റവും ഭീതിജനകമായ കാര്യം. അമേരിക്കയിലെയും മറ്റ് സാമ്രാജ്യത്വരാജ്യങ്ങളിലെയും ബഹുരാഷ്ട്രകുത്തകകൾക്ക് ഇന്ത്യൻ പ്രതിരോധരംഗം തുറന്നുകൊടുത്തു കഴിഞ്ഞാൽ എല്ലാ സൈനികരഹസ്യങ്ങളും ആയുധശേഖരമുൾപ്പെടെയുള്ള വിവരങ്ങളുമൊക്കെ അവർക്ക് ലഭ്യമാകും. സർക്കാരിന്റെ മേൽ രഹസ്യനിരീക്ഷണം നടത്താനും സർക്കാർ സംവിധാനത്തിൽ നുഴഞ്ഞുകയറാനും അട്ടിമറി നടത്താനുമൊക്കെ ഇന്ത്യയിൽ സ്ഥാനമുറപ്പിക്കുന്ന ഈ വിദേശകമ്പനികളെ ഉപയോഗിക്കാൻ കഴിയും. സ്വാഭാവികമായും രാജ്യസുരക്ഷ അപകടത്തിലാകും. എഫ്ഡിഐ ആധുനിക സാങ്കേതികവിദ്യ ലഭ്യമാക്കാൻ ഉപകരിക്കുമെന്നാണ് 'പരിഷ്ക്കരണ' വാദികളുടെ നിലപാട്. നേരായ മാർഗ്ഗത്തിലൂടെ ഈ സാങ്കേതികവിദ്യ കരസ്ഥമാക്കാനാവില്ലെന്നു തോന്നും കേട്ടാൽ. ആധുനിക യുദ്ധസാമഗ്രികൾക്കുവേണ്ടി ബലികഴിക്കാവുന്നതാണോ രാജ്യസുരക്ഷ. എന്നുമാത്രമല്ല ആയുധ ഇടപാടിലൂടെ വൻതോതിലുള്ള അഴിമതിക്കും കൈക്കൂലിക്കും കോഴയ്ക്കുമൊക്കെ അവസരമൊരുങ്ങും. ഉന്നത സൈനിക മേധാവികളും മന്ത്രിമാരുമൊക്കെ ഇന്ന് ഇത്തരം അഴിമതികളിലും കുംഭകോണങ്ങളിലും പങ്കാളികളാകുന്നത് വളരെ വർദ്ധിച്ചിട്ടുണ്ട്. വിദേശ സംരംഭങ്ങൾ മൂലധനാധിക്യാടിസ്ഥാനത്തിൽ, ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് പ്രവർത്തിക്കുന്നതാകയാൽ അവിടെ തൊഴിലവസരങ്ങൾ അങ്ങേയറ്റം വിരളമായിരിക്കും. സർക്കാർ ഉടമസ്ഥതയിലുള്ള ആയുധഫാക്ടറികൾ ഇതോടെ പൂട്ടപ്പെടുകയും അവിടെയുണ്ടായിരുന്ന തൊഴിലവസരങ്ങൾകൂടി നഷ്ടമാകുകയും ചെയ്യും. ഇന്ത്യൻ പ്രതിരോധരംഗം അമേരിക്കൻ സാമ്രാജ്യത്വത്തിന് തുറന്നുകൊടുക്കുന്നതിന്റെ പിന്നിൽ ഇന്ത്യൻ മുതലാളിവർഗ്ഗത്തിന്റെ രാഷ്ട്രീയതാൽപ്പര്യങ്ങളുമുണ്ട്. ഏഷ്യയിലെ വൻശക്തിയായി ഉയർന്നുവരാൻ വെമ്പൽകൊള്ളുന്ന ഇന്ത്യൻ മുതലാളിവർഗ്ഗം അമേരിക്കയുമായി ചങ്ങാത്തം സ്ഥാപിക്കാൻ പ്രത്യേക താൽപ്പര്യം കാണിക്കുന്നുണ്ട്. സാമ്പത്തിക ഇടപാടുകളിലൂടെയും ആണവക്കരാറിലൂടെയും, അവർക്ക് ആനുകൂല്യങ്ങളും അവസരങ്ങളും ഒരുക്കിയും അവരുടെ ഹീനപദ്ധതികൾക്ക് കൂട്ടുനിന്നുമൊക്കെയാണ് ഇതിനുള്ള വഴികൾ തേടുന്നത്. അമേരിക്കൻ ആയുധവ്യാപാരികളെ ഇന്ത്യയിലേക്ക് ആനയിക്കുന്നതും ഈ ഹീനപദ്ധതിയുടെ ഭാഗമായിത്തന്നെയാണ്.

**ഇൻഷ്വറൻസ് മേഖലയിലെ എഫ്ഡിഐ**

അടുത്തത് ഇൻഷ്വറൻസിൽ 49 ശതമാനം എഫ്ഡിഐ അനുവദിക്കുന്ന കാര്യമാണ്. അതുവഴി 20 ബില്യൺ ഡോളർ നിക്ഷേപം വരുമെന്നാണ് കണക്കുകൂട്ടുന്നത്. ഇന്ത്യയിൽ ഇൻഷ്വർ ചെയ്തവർക്ക് സ്വകാര്യഇൻഷ്വറൻസ് കമ്പനികളിൽനിന്നുണ്ടായ തിക്താനുഭവങ്ങളുടെയും നേരിടേണ്ടിവന്ന വഞ്ചനയുടെയുമൊക്കെ പശ്ചാത്തലത്തിലാണ് 1956-ൽ ഇന്ത്യാഗവൺമെന്റ് എല്ലാ സ്വകാര്യകമ്പനികളെയും ദേശസാൽക്കരിച്ച് എൽഐസിഐക്ക് രൂപം കൊടുത്തത് എന്ന കാര്യം ഏവർക്കുമറിയാം. എന്നാൽ, ഇൻഷ്വറൻസ് രംഗം 'പരിഷ്ക്കരിക്കുന്നതിന്റെയും വൈദഗ്ദ്ധ്യം നേടുന്നതിന്റെ'യുമൊക്കെ പേരിൽ സ്വദേശമൂലധനഗതികളെയും വിദേശ മൂലധനശക്തികളെയും ഈ രംഗത്തേയ്ക്ക് ആനയിച്ചിരിക്കുന്നതിലൂടെ നയപരമായ ഒരു തിരിച്ചുപോക്കാണ് ഉണ്ടായിരിക്കുന്നത്. 1999 മുതൽ ഇതിന്റെ ചുവടുപിടിച്ച് ലൈഫ് ഇൻഷ്വറൻസ് രംഗത്തും ജനറൽ ഇൻഷ്വറൻസ് രംഗത്തും സ്വകാര്യകമ്പനികൾ പ്രവർത്തിക്കുന്നുണ്ട്. ഇൻഷ്വറൻസ് മേഖലയിലെ വിഭവദാരിദ്ര്യംകൊണ്ടാണ് എഫ്ഡിഐ അനുവദിച്ചത് എന്നാണ് മന്ത്രിപറഞ്ഞത്. ഇത് പച്ചക്കള്ളമാണ്. ഇന്നും ഇൻഷ്വറൻസ് മേഖലയിലെ ഭൂരിഭാഗം ബിസിനസ്സും ചെയ്യുന്നത് എൽഐസിഐയും ജിഐസിഐയുമാണ്. ഇവയ്ക്ക് ഭദ്രമായ സാമ്പത്തിക അടിത്തറയുമുണ്ട്. ഇനി അഥവാ കുറച്ചുമൂലധനം ആവശ്യമായിവന്നാൽതന്നെ സർക്കാരിനുപകരം വിദേശസ്വകാര്യമൂലധന ശക്തികൾ കടന്നുവരുന്നതെങ്ങനെ? എഫ്ഡിഐ, മെച്ചപ്പെട്ട സേവനവും കുറഞ്ഞ പ്രീമിയവും കൂടിയ പ്രതിഫലവും കൃത്യവും ഫലപ്രദവുമായ സേവനവും പ്രദാനം ചെയ്യും എന്നാണ് 'പരിഷ്ക്കരണ'ക്കാർ വാദിക്കുന്നത്. എന്നാൽ കഴിഞ്ഞ രണ്ട് ദശാബ്ദക്കാലത്തെ സ്വകാര്യ കമ്പനികളുടെ പ്രവർത്തനാനുഭവത്തിൽ നിന്ന് ഇതിൽനിന്ന് വ്യത്യ

*(ശേഷം 13-ാം പേജിൽ)*

## കേന്ദ്ര ബജറ്റ്

# കർഷകരെ വിപണിയുടെ ശക്തികൾക്ക് എറിഞ്ഞു കൊടുക്കുന്നു

(12-ാം പേജിന്റെ തുടർച്ച)

സ്തമായ നിഗമനത്തിലേ എത്താനാവൂ. ഈ വിദേശ കമ്പനികൾ എഫ്ഡിഐ പരിധി ഉയർത്തുന്നതിലൂടെ ഇൻഷ്വുറൻസ് രംഗത്ത് പങ്കാളിത്തം വർദ്ധിപ്പിച്ചാൽ അവർ പ്രീമിയം വർദ്ധിപ്പിച്ച് ലാഭം വർദ്ധിപ്പിക്കുമെന്നും സാധാരണക്കാരന് മനസ്സിലാകാത്ത തരത്തിലുള്ള നിക്ഷേപ പദ്ധതികൾ ആവിഷ്ക്കരിച്ച് നഷ്ടം വരുത്തുമെന്നും ഉറപ്പാണ്. വിദേശ രാജ്യങ്ങളിൽ, വോളന്ററി ഹെൽത്ത് ഇൻഷ്വുറൻസ് സ്കീമിൽ പ്രീമിയംതുക കുത്തനെ കൂട്ടിയത് കുടുംബങ്ങളുടെ ആരോഗ്യബജറ്റിനെ തകിടം മറിച്ചിരിക്കുകയാണ്. മെച്ചപ്പെട്ട സേവനത്തിന്റെ കാര്യമാണെങ്കിൽ, പൊതുമേഖല ഒരു ശതമാനം ക്ലെയിമുകൾ നിരാകരിക്കുമ്പോൾ സ്വകാര്യമേഖല 8.9 ശതമാനമാണ് നിരാകരിക്കുന്നത്. ക്ലെയിംസെറ്റിൽ ചെയ്യുന്നകാര്യത്തിൽ സ്വകാര്യമേഖലയുടെ വിശ്വാസ്യതതന്നെ ചോദ്യം ചെയ്യപ്പെട്ടിരിക്കുകയാണ്. ഇനി പ്രതിഫലത്തിന്റെ കാര്യം. എൽഐസിയും ജിഐസിയും നിക്ഷേപിക്കപ്പെട്ട പ്രീമിയംതുക താരതമ്യേന അനിശ്ചിതത്വം കുറഞ്ഞ തരത്തിലാണ് നിക്ഷേപിക്കുന്നത്. എന്നാൽ സ്വകാര്യമേഖല ഉയർന്ന പ്രതിഫലം വാഗ്ദാനം ചെയ്ത് പോളിസി ഉടമകളെ വശീകരിച്ചുകൊണ്ട് വലിയ അനിശ്ചിതത്വം നിറഞ്ഞ മൂലധന കമ്പോളത്തിലാണ് പണം നിക്ഷേപിക്കുന്നത്. അടച്ച തുക നഷ്ടപ്പെടാൻവരെ ഇത് ഇടയാക്കും. ആഗോളമാന്ദ്യത്തെതുടർന്ന് അമേരിക്കയിലെ പടുകൂറ്റൻ ഇൻഷുറൻസ് കമ്പനിയായ എഐജി അടക്കം പാശ്ചാത്യ ലോകത്തെ പല ഇൻഷ്വുറൻസ് കമ്പനികളും പാപ്പരാകുകയും ഗവണ്മെന്റുകൾ പൊതു ഖജനാവിൽനിന്ന് പണമൊഴുക്കി ഇവയെ നിലനിർത്തേണ്ടിവരികയും ചെയ്തു. ഇന്ത്യൻ ഭരണാധികാരികളുടെ രോഗാതുരമായ ഇന്ത്യൻ സമ്പദ്ഘടനയുടെ രക്ഷയ്ക്കെന്നുപറഞ്ഞ് വഞ്ചനാപരമായി എഫ്ഡിഐയെ ആനയിക്കുന്നതിലൂടെ ഇന്ത്യയിലെ പോളിസി ഉടമകളെ ഇതേ ഗതികേടിലേക്കാണ് തള്ളിവിടുന്നത്.

### നൂറ് സ്മാർട്സിറ്റികളും നിർമ്മാണ രംഗത്തെ എഫ്ഡിഐയും.

റിയൽ എസ്റ്റേറ്റ് ബിസിനസ്സ് ഉത്തേജിപ്പിക്കാമായി 76,00 കോടി രൂപ ബജറ്റിൽ വകകൊള്ളിച്ച് കേന്ദ്രഗവണ്മെന്റ് 100 സ്മാർട് സിറ്റികൾ നിർമ്മിക്കാൻ പോകുകയാണ്. ഒരു സിറ്റിക്ക് 76 കോടിരൂപ. ഇതുകൊണ്ട് കാര്യൾ നടക്കില്ലെന്നും സ്വകാര്യ മൂലധനത്തിന്റെ സഹായം തേടേണ്ടിവരുമെന്നും സർക്കാരിനറിയാം. റിയൽ എസ്റ്റേറ്റ് ബിസിനസ്സിലേക്ക് സ്വകാര്യ മൂലധനം ചാലു തിരിച്ചു വിടുന്നതിനായി റിയൽ എസ്റ്റേറ്റ് ആന്റ് ഇഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ട്രസ്റ്റ്സ് രൂപീകരിക്കുകയും ചെയ്തു. ഈ ട്രസ്റ്റിലൂടെയായിരിക്കും പണം ഒഴുകിയെത്തുന്നത്. നിക്ഷേപർക്ക് നികുതിയിളവും നികുതി രഹിത ഡിവിഡന്റും വാഗ്ദാനം ചെയ്തിട്ടുണ്ട്. പുൻ മധ്യവർഗ്ഗത്തിന്റെ താമസത്തിനുകൂടി ഏർപ്പാടുള്ളതുകൊണ്ട് ഈ സിറ്റികൾ യാഥാർത്ഥ്യമാക്കാൻ പണത്തിന്റെ ദൗർലഭ്യം ഉണ്ടാകില്ലെന്നും ഗവണ്മെന്റ് കണക്കുകൂട്ടുന്നു. ഇതുകൂടാതെ,നിർമ്മാണരംഗത്തേക്ക് എഫ്ഡിഐയെയും ആനയിക്കുന്നുണ്ട്. വിദേശമൂലധനത്തിന്റെ ഒഴുക്ക് ഉറപ്പാക്കാനായി എഫ്ഡിഐ വ്യവസ്ഥകളും ഉദാരമാക്കിയിട്ടുണ്ട്. 50,000 സ്ക്വയർ മീറ്റർ സ്ഥലം എന്ന നിബന്ധനയും ഒഴിവാക്കി 20,000 സ്ക്വയർ മീറ്റർ ആക്കി. 10 മില്യൺ ഡോളർ നിക്ഷേപം എന്ന വ്യവസ്ഥയും പരിഷ്കരിച്ച് 5 മില്യൺ ഡോളർ എന്നാക്കി. റിയൽ എസ്റ്റേറ്റ് ബിസിനസ്സിൽ നികുതി രഹിത നിക്ഷേപത്തിന് സ്വദേശവിദേശ കുത്തകകൾക്ക് അവസരമൊരുക്കുന്നതിനായിരുന്നിത്.

### പൊതുമേഖലയുടെയും ദേശസാൽകൃത ബാങ്കുകളുടെയും ഓഹരിവിറ്റഴിക്കൽ

ബജറ്റ് കമ്മി നികത്താനുള്ള എളുപ്പവഴിയായി ഗവൺമെന്റ് കാണുന്നത് പൊതുമേഖലയുടെ ഓഹരിവിറ്റഴിക്കലാണ്. സുപ്രധാന മേഖലകളിൽ തൊഴിലാധിക്യ വ്യവസായങ്ങൾ എന്ന നിലയിൽ പൊതുജനങ്ങളുടെ പണം സ്വരൂപിച്ചാണ് ഒരിക്കൽ പൊതുമേഖല കെട്ടിപ്പടുത്തത്. ഇപ്പോൾ വിഭവസമാഹരണത്തിന്റെ പേരുപറഞ്ഞ് ഈ പൊതുമേഖലാ യൂണിറ്റുകൾ സ്വകാര്യമൂലധനശക്തികളെ ഏൽപ്പിച്ചുകൊടുക്കുകയാണ്. ഈ ബജറ്റിൽ പൊതുമേഖലയിലും അല്ലാതെയുമായി സർക്കാരിന്റെ ഓഹരിവിറ്റഴിച്ച് 63,000 കോടി രൂപ സമാഹരിക്കാനാണ് പദ്ധതിയിട്ടിരിക്കുന്നത്. 2018 ഓടെ ദേശസാൽകൃത ബാങ്കുകൾക്ക് 2.4 ലക്ഷംകോടിരൂപയുടെ പുതിയ മൂലധനം വേണ്ടിവരുമെന്നാണ് സർക്കാർ പറയുന്നത്. ബജറ്റ് വിഹിതമായി 11,200 കോടി നൽകും. ബാക്കിതുക കമ്പോളത്തിൽ ഓഹരിവിറ്റ് സമാഹരിക്കണം. ബാങ്കുകൾ ദേശസാൽക്കരിച്ചത് സർക്കാർ സംരക്ഷണയിൽ അവ മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കും എന്നുള്ളതുകൊണ്ടാണ്. ഇപ്പോൾ മൂലധനം ആവശ്യമായി വന്നിരിക്കുന്നു എന്നു പറഞ്ഞുകൊണ്ട് സ്വകാര്യവൽക്കരണത്തിന്റെ പാത പിന്തുടരുകയാണ്. ബാങ്കുകൾക്ക് ഇതിന്റെ ആവശ്യമുണ്ടോ? ബാങ്കുകളുടെ കിട്ടാക്കടം പെരുകിക്കൊണ്ടിരിക്കുകയാണ്. ഇത് രണ്ടു ലക്ഷം കോടി കഴിഞ്ഞിരിക്കുന്നു. ഇതിൽ കോർപ്പേറേറ്റുകൾക്ക് കൊടുത്ത ഒരു ലക്ഷം കോടി ദേശസാൽകൃത ബാങ്കുകൾ എഴുതിത്തള്ളിയെന്ന് പറയുന്നു. അതായത് വമ്പന്മാർ വായ്പയെടുത്തിട്ട് തിരിച്ചടയ്ക്കാതിരിക്കുന്നു. അങ്ങനെ പൊതുജനങ്ങളുടെ പണം കവർന്നെടുക്കുന്നു. ഈ നഷ്ടം നികത്താൻ ബാങ്കുകൾ അവരുടെ ഓഹരികൾ കുത്തകകൾക്ക് വിറ്റഴിക്കുന്നു.

### പ്രത്യേക സാമ്പത്തിക മേഖലകളുടെ പുനരുജ്ജീവനം

പ്രത്യേക സാമ്പത്തിക മേഖലകൾ പുനരുജ്ജീവിപ്പിക്കുന്നതിനെക്കുറിച്ചും ധനകാര്യമന്ത്രി പറയുന്നുണ്ട്. നിക്ഷേപകർക്ക് പലവിധ ഇളവുകളും ആനുകൂല്യങ്ങളും സൗകര്യങ്ങളുമൊക്കെ അനുഭവിക്കാൻ കഴിയുന്ന പ്രത്യേക സാമ്പത്തിക മേഖലകൾ ഇപ്പോൾ തന്നെ രാജ്യത്തുണ്ട്. അതുകൊണ്ടാണ് ധനകാര്യമന്ത്രി പുനരുജ്ജീവനം എന്ന വാക്കുപയോഗിച്ചത്. മെച്ചപ്പെട്ട അടിസ്ഥാന ഘടന രൂപപ്പെടുത്തുന്നതിന് ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി ഉപയോഗപ്പെടുത്തി സംരംഭങ്ങൾ ഏറ്റെടുക്കാൻ നിക്ഷേപകർക്ക് താൽപ്പര്യം ഉണ്ടാകത്തക്കവിധമുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കുക എന്നതാണ് മന്ത്രി ഉദ്ദേശിക്കുന്നത്. അങ്ങനെ വ്യവസായികോൽപ്പാദനത്തിന്റെയും സാമ്പത്തിക വളർച്ചയുടെയും കയറ്റുമതി വർദ്ധിപ്പിക്കുന്നതിന്റെയും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന്റെയും ഉപാധിയാക്കി ഇവയെ മാറ്റുമെന്നാണ് പറയുന്നത്. അതായത് അധികമായ ഒരു മുതൽമുടക്കുമില്ലാതെ സ്വദേശ-വിദേശ സംരംഭകർക്ക് അവസരമൊരുക്കുകയാണ് ചെയ്യുക. റിയൽ എസ്റ്റേറ്റ്, ഐ.ടി, കയറ്റുമതി ലക്ഷ്യം വയ്ക്കുന്ന ചില ബിസിനസ്സ് എന്നീ മേഖലകൾക്കാണ് ഊന്നൽ. രാജ്യത്തെ തൊഴിൽനിയമങ്ങൾ പ്രത്യേക സാമ്പത്തിക മേഖലകൾക്ക് ബാധകമാകാത്തവിധം പ്രത്യേകം തൊഴിൽ നിയമങ്ങൾ പടച്ചുണ്ടാക്കാൻ വാണിജ്യമന്ത്രാലയം നിർബ്ബന്ധം ചെലുത്തുന്നതിൽനിന്ന് കാര്യങ്ങൾ കുറച്ചുകൂടി വ്യക്തമാകുന്നുണ്ട്. ശരാശരി കൂലിയിൽ താഴെ കൂലി കൊടുത്തും പ്രവൃത്തി സമയം ദീർഘിപ്പിച്ചും അനാരോഗ്യകരമായ സാഹചര്യങ്ങളിൽ പണിയെടുപ്പിച്ചുമുള്ള കരാർതൊഴിൽ സമ്പ്രദായം ഇപ്പോൾതന്നെ നിലവിലുണ്ട്. തൊഴിലാളികൾക്ക് ഇവിടെ ഒരു അവകാശവുമില്ല. ട്രേഡ് യൂണിയൻ അവകാശങ്ങളില്ലാത്ത, നിയമപരമായി പ്രതിഷേധിക്കാൻ അവകാശമില്ലാത്ത, എല്ലാ അംഗീകൃത തൊഴിൽനിയമങ്ങളും കാറ്റിൽപ്പറത്തുന്ന കൊടിയ ചൂഷണത്തിന്റെ കേന്ദ്രങ്ങളാണ് ഇവ. ഏതാണ്ടെല്ലാ നിക്ഷേപകരും ഐ.ടി.മേഖലയിലാണ് നിക്ഷേപം നടത്താൻ താൽപ്പര്യം കാണിക്കുന്നത്. എന്നതുകൊണ്ടുതന്നെ കാര്യമായ തൊഴിൽ അവകാശങ്ങൾ സൃഷ്ടിക്കപ്പെടുന്നുമില്ല. മൂലധനാധിക്യ സംരംഭങ്ങളായതുകൊണ്ട് വളരെക്കുറച്ച് തൊഴിലാളികളെയേ ആവശ്യമുള്ളൂ. ഉള്ള തൊഴിൽതന്നെ വൈദഗ്ദ്ധ്യം നേടിയവർക്കുള്ളതായിരിക്കും. മിക്ക സ്ഥാപനങ്ങളും ഔട്ട്സോഴ്സിംഗ് അഥവാ പുറംതൊഴിൽ കരാർ പ്രകാരം പ്രവർത്തിക്കുന്ന സ്ഥാപനങ്ങളായിരിക്കും. വികസിത മുതലാളിത്ത രാജ്യങ്ങളിൽനിന്നുള്ള ഓർഡറുകളെ ആശ്രയിച്ചായിരിക്കും ഇതിന്റെ നിലനിൽപ്പ്. ഒരു പ്രത്യേക സമയത്ത് ഏറ്റവും വിലകുറച്ചുകിട്ടുന്ന തൊഴിൽശക്തിയെയും വിഭവങ്ങളെയും ആയിരിക്കും ഈ ബഹുരാഷ്ട്ര കുത്തകകൾ ഉപയോഗപ്പെടുത്തുക. നാളെ മറ്റൊരു രാജ്യത്ത് ചെലവു കുറഞ്ഞ തൊഴിൽസേന ഉണ്ടെന്നുകണ്ടാൽ ഇന്ത്യയെ ഉപേക്ഷിച്ച് അവർ അങ്ങോട്ടുതിരിയും. അതോടെ ഈ കേന്ദ്രങ്ങൾ അനാഥമാകും. ചുരുക്കത്തിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നു എന്നുപറയുന്നത് ഒരു തട്ടിപ്പാണ്. തൊഴിലാളികളെ നിർദ്ദയം ചൂഷണം ചെയ്യാനുള്ള, പ്രതിസന്ധിഗ്രസ്തമായ മുതലാളിത്തത്തിന്റെ ഹീനപദ്ധതിയാണ് ഈ പ്രത്യേക സാമ്പത്തിക മേഖലകൾ. സാമ്പത്തിക വികസനം എന്ന മുദ്രാവാക്യമുയർത്തിക്കൊണ്ട് റിയൽഎസ്റ്റേറ്റ് ബിസിനസ്സും, മൂലധനാധിക്യവും ആധുനിക സാങ്കേതികവിദ്യാധിഷ്ഠിതവുമായ സംരംഭങ്ങളും തുടങ്ങി ബഹുരാഷ്ട്രകുത്തകകൾക്ക് കൊള്ളലാഭം ഉറപ്പാക്കാനുള്ള ഹീനപദ്ധതിയാണിത്. ലക്ഷക്കണക്കിന് ദരിദ്ര കർഷകരെ വഴിയാധാരമാക്കി, തൊഴിലാളികളുടെ ചോരയൂറ്റിയാണ് ഈ ലാഭം ഉറപ്പാക്കുന്നത്.

### എക്സ്പെൻഡിച്ചർ മാനേജുമെന്റ് കമ്മീഷൻ

ചെലവിന്റെ മുൻഗണനകൾ പുനഃക്രമീകരിക്കാനെന്ന പേരിൽ ഒരു മാനേജുമെന്റ് കമ്മീഷനെ നിയോഗിക്കാനുള്ള തീരുമാനം, സബ്സിഡികളും മറ്റ് ക്ഷേമ ചെലവുകളും വെട്ടിക്കുറയ്ക്കാനും അത് ബജറ്റേതരമായി, പാർലമെന്റിനെ മറികടന്നുകൊണ്ട് ചെയ്യുന്നത് വ്യവസ്ഥാപിതമാക്കാനുമുള്ള കൗശലപൂർവ്വമായ നീക്കമാണ്. റെയിൽവേ ചാർജ്ജും സർചാർജ്ജുകളുമൊക്കെ തീരുമാനിക്കാൻ റെയിൽവെ താരിഫ് അതോറിട്ടിക്ക് രൂപംകൊടുത്ത അതേ അപലപനീയമായ നടപടിയുടെ ചുവടുപിടിച്ചുള്ളതാണിത്. ഇവരുടെ നിർദ്ദേശങ്ങൾ റെയിൽവേ ബജറ്റിൽ ഉൾപ്പെടുത്തുകയോ പാർലമെന്റിന്റെ അനുമതി വാങ്ങുകയോ ചെയ്യേണ്ടതില്ല. ഭക്ഷ്യ, ഇന്ധന, രാസവള സബ്സിഡികളൊക്കെ യഥേഷ്ടം വെട്ടിക്കുറയ്ക്കാൻ ഇനി സാധിക്കും. ഒരു മുതലാളിത്ത സാമ്പത്തിക വിദഗ്ദ്ധൻ ഇതിനെ ന്യായീകരിച്ചുകൊണ്ട് ഒരു ചൈനീസ് പഴമൊഴി ഉദ്ധരിച്ചു. നിങ്ങൾ ഒരാൾക്ക് ഒരു മീൻ കൊടുത്താൽ അയാളുടെ ഒരു ദിവസത്തെ ഭക്ഷണമായി, എന്നാൽ അയാളെ മീൻപിടിക്കാൻ പഠിപ്പിച്ചാൽ അയാൾക്ക് ജീവിതകാലം മുഴുവൻ ഭക്ഷണം കണ്ടെത്താനാകുമത്രെ. സബ്സിഡി നൽകുന്നത് മീൻ കൊടുക്കുന്നതുപോലെയാണ്. എന്നാൽ ഉൽപ്പാദനക്ഷമമായ ചെലവുകളോ മീൻപിടിക്കാൻ പഠിപ്പിക്കുന്നതുപോലെയും. സാധാരണക്കാരുടെ സബ്സിഡികൾ വെട്ടിക്കുറയ്ക്കാനും അതേ സമയം സാമ്പത്തിക ഉത്തേജന നടപടികൾ എന്നപേരിൽ കോർപ്പറേറ്റുകൾക്ക് ആനുകൂല്യങ്ങൾ ചൊരിയാനുമുള്ള ഗവൺമെന്റ് നിലപാടാണ് ഇതിലൂടെ വ്യക്തമാകുന്നത്.

### ഗ്രാമീണ തൊഴിലുറപ്പുപദ്ധതി

ഓരോ ഗ്രാമീണ ഭവനത്തിലെയും ഒരാൾക്ക് നൂറുദിവസത്തെ വേതനത്തോടുകൂടിയ തൊഴിൽ ഉറപ്പാക്കുന്ന ഈ പദ്ധതി വലിയ ദുരുപയോഗത്തിനും അഴിമതിക്കും വേദിയായിരുന്നു. എന്നാൽ ആ പഴുതുകളടച്ച് മിനിമം വേതനമെങ്കിലും ഗ്രാമീണർക്ക് ലഭ്യമാകുന്നു എന്നുറപ്പാക്കാനുള്ള ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. ഇപ്പോൾ സർക്കാർ പറയുന്നത്, കൂടുതൽ ഉൽപ്പാദനക്ഷമമായതും സമ്പത്തുൽപ്പാദിപ്പിക്കുന്നതും കൃഷിയും അനുബന്ധ മേഖലകളുമായി ബന്ധപ്പെട്ടതുമായിരിക്കും ഈ പദ്ധതി എന്നാണ്. അതായത് വേതനം ഉൽപ്പാദനക്ഷമതയുമായി ബന്ധപ്പെടുത്തുമെന്നർത്ഥം. സ്വാഭാവികമായും, തൊഴിൽ നൽകുന്നതിലും ഉൽപ്പാദനക്ഷമമല്ല എന്ന പേരിൽ അർഹമായ വേതനം നിഷേധിക്കുന്നതിലുമൊക്കെ കൂടുതൽ കൃത്രിമങ്ങൾക്കും തിരിമറികൾക്കുമൊക്കെ സാദ്ധ്യത കൈവന്നിരിക്കുകയാണ്. ദരിദ്രഗ്രാമീണരിലെ ചെറിയൊരു ഭാഗത്തിനു മാത്രമേ ഈ പദ്ധതിവഴി പ്രയോജനം ലഭിച്ചിട്ടുള്ളൂ എന്നിരിക്കെ ഇതിനുവേണ്ടി നീക്കിവച്ചിട്ടുള്ള തുക 33,000 കോടി രൂപയിൽനിന്ന് 34,000 കോടിയായി നേരിയൊരു വർദ്ധന മാത്രമേ വരുത്തിയിട്ടുള്ളൂ താനും.

### കൃഷിയും നാഷണൽ അഡാപ്റ്റേഷൻഫണ്ടും

കൃഷിയെ സംബന്ധിച്ചിടത്തോളം, മുൻ ബജറ്റുകളെപ്പോലെതന്നെ ഈ ബജറ്റും, കർഷകർക്ക് വായ്പ കൊടുക്കുന്ന കാര്യത്തിലേ താൽപ്പര്യം കാണിക്കുന്നുള്ളൂ. “കൃഷി ആദായകരമാക്കാൻ പൊതു-സ്വകാര്യ നിക്ഷേപം വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണ്. കാർഷിക സാങ്കേതിക വിദ്യാവികസനം, കാർഷിക-വ്യവസായ അടിസ്ഥാന ഘടനയുടെ ആധുനികവൽക്കരണം തുടങ്ങിയമേഖലകളിലാണ് ഇത് ആവശ്യമായിട്ടുള്ളത്”, എന്നുപറഞ്ഞ് ധനകാര്യമന്ത്രി ജോലി തീർക്കുന്നു. “വലിയൊരു വിഭാഗം ദരിദ്ര കർഷകർക്ക് അവരുടെ ഭൂമിയുടെ ആധാരം നൽകാൻ കഴിയാത്തതുകൊണ്ട് വ്യവസ്ഥാപിതമായ വായ്പ നിഷേധിക്കപ്പെടുന്നു. ഇവർ വട്ടിപ്പലിശക്കാരുടെ ചൂഷണത്തിന് ഇരയാകുന്നു. ഭൂരഹിതരായ കർഷകരുടെ 5 ലക്ഷം കൂട്ടുകൃഷി സംഘങ്ങൾക്ക് നബാർഡ് വഴി വായ്പ ലഭ്യമാക്കുന്നതാണ്”എന്നും മന്ത്രി പറയുന്നു.

കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായവില നൽകാനോ അവർക്ക് വിത്ത്, വളം, ഉപകരണങ്ങൾ എന്നിവ കുറഞ്ഞ വിലയ്ക്ക് നൽകാനോ ഒരു താൽപ്പര്യവുമില്ല. ഇതിന്റെയൊക്കെ ദൗർലഭ്യവും ഇടനിലക്കാരുടെ ചൂഷണവും മൂലം ലക്ഷക്കണക്കിന് കർഷകർ ആത്മഹത്യയെ അഭയം പ്രാപിക്കുന്നു. എന്നിട്ടും സർക്കാർ കർഷകർക്ക് വായ്പ ലഭ്യമാക്കുന്ന കാര്യം മാത്രം പറയുകയും നിയമ ഭേദഗതികളിലൂടെ കാർഷികോൽപ്പന്നങ്ങൾ സംഭരിക്കുന്ന കാര്യത്തിൽ സ്വകാര്യ ഏജൻസികളുടെ ദയാദാക്ഷിണ്യങ്ങൾക്ക് കർഷകരെകൊടുക്കുകയും ചെയ്യുന്നു. “കാർഷികോൽപ്പന്നങ്ങളുടെ വില അസ്ഥിരതമൂലം കർഷകർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്ന

*(ശേഷം 14-ാം പേജിൽ)*




കേന്ദ്ര ബജറ്റിനെതിരെ എൽയുഎഫ് ആലപ്പുഴ ജില്ലാകമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നടന്ന പ്രതിഷേധ പ്രകടനം

# കേന്ദ്ര ബജറ്റ്

## മൗനത്തിലൂടെ കള്ളപ്പണത്തിന് വീണ്ടും സംരക്ഷണ മതിൽ കെട്ടുന്നു

*(13-ാം പേജിന്റെ തുടർച്ച)*

തിനായി" 500 കോടിയുടെ വില സ്ഥിരതാഫണ്ടും പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ ഈ ഫണ്ട് ആര്, എങ്ങനെ വിനിയോഗിക്കണം എന്ന് വ്യവസ്ഥ ചെയ്തിട്ടില്ല. രാസവള സബ്സിഡി ഔദ്യോഗികമായി വെട്ടിക്കുറച്ചിട്ടില്ലെങ്കിലും ഇന്ധന സബ്സിഡി വർദ്ധമാനമായ അളവിൽ പടിപടിയായി വെട്ടിക്കുറയ്ക്കാൻ അനുമതി നൽകിയിരിക്കുന്നതിനാൽ, കർഷകർക്ക് ഏറ്റവും ആവശ്യമായിട്ടുള്ള യൂറിയയുടെ വില ഉയരും. കാലാവസ്ഥ വ്യതിയാനത്തെ അഭിമുഖീകരിക്കുന്നതിനുള്ള നാഷണൽ അഡാപ്റ്റേഷൻ ഫണ്ടാണ് അടുത്തത്. ഇതിനായി 100 കോടിരൂപ വകയിരുത്തിയിട്ടുണ്ട്. ജലസംരക്ഷണം, ഹൈബ്രിഡ് വിത്തുകളുടെ ഉപയോഗം ചെക്ക് ഡാമുകളും കുളങ്ങളും ജലസംഭരണികളും മറ്റും നിർമ്മിച്ച് വരൾച്ചയെ നേരിടാനുള്ള നടപടികൾ എന്നിവയ്ക്കാണ് ഈ ഫണ്ട് വിനിയോഗിക്കുക. ഇന്ത്യാ ഗവൺമെന്റ് ബഹിരാകാശ രംഗത്തും സൈനിക സന്നാഹങ്ങളുടെ കാര്യത്തിലുമൊക്കെ അഭിമാനകരമായ നേട്ടം കൈവരിക്കുന്നു എന്നവകാശപ്പെടുമ്പോഴും കൃഷിക്ക് ജലസേചനം നടത്താൻ ഇപ്പോഴും പ്രാകൃത മാർഗ്ഗങ്ങൾ അവലംബിക്കേണ്ടിവരുന്നത് പരിഹാസ്യമാണ്. സാങ്കേതിക വിദ്യാരംഗത്ത് കുതിച്ചുചാട്ടം നടത്തുമ്പോഴും കർഷകർ പ്രകൃതിയുടെ ദയാദാക്ഷിണ്യങ്ങൾക്ക് ഇരയായി തുടരുന്നു. സാമ്പത്തിക വിദഗ്ദ്ധർ കാലാവസ്ഥാപ്രവചനത്തിന് ഇന്നും വലിയ പ്രാധാന്യം നൽകുന്നത് ഇതുകൊണ്ടാണ്. കാലാവസ്ഥ നന്നായാൽ സമ്പദ്ഘടനയിൽ നേട്ടമുണ്ടാകും, അല്ലെങ്കിൽ എല്ലാം താഴോട്ട്.

### ആദായനികുതി , കോർപ്പറേറ്റ് നികുതി , ചുങ്കം

വ്യക്തികളുടെ ആദായനികുതിക്കുള്ള വരുമാനപരിധി ഉയർത്തിയതായി ധനകാര്യമന്ത്രി സാഭിമാനം പറഞ്ഞു. കോർപ്പറേറ്റ് നികുതിനിരക്കിൽ മാറ്റമില്ല. നികുതിദായകർക്ക് എന്തെങ്കിലും ആനുകൂല്യങ്ങൾ കിട്ടുന്നത് സ്വാഗതാർഹമാണ്. എന്നാൽ ജനസംഖ്യയുടെ മൂന്ന് ശതമാനംപോലും വരില്ല നികുതിദായകർ. അതുകൊണ്ടുതന്നെ ഈ നടപടിക്ക് നിസ്സാര ഫലമേയുള്ളൂ. സർക്കാരിന്റെ ചെലവ് കൂടിയതുകൊണ്ടല്ല, നികുതി വരുമാനത്തിലെ കുറവുകൊണ്ടാണ് ഏറെ സാമ്പത്തിക ബുദ്ധിമുട്ടുണ്ടാകുന്നതെന്നും ഗവൺമെന്റ് സമ്മതിക്കുന്നുണ്ട്. നികുതിയിളവുകളിലൂടെ കഴിഞ്ഞവർഷം സർക്കാരിന് നഷ്ടമായത് 5.73 ലക്ഷം കോടിരൂപയാണ്. ഇതിൽ നല്ലൊരു പങ്കും സാമ്പത്തിക ഉത്തേജന പരിപാടിയുടെ ഭാഗമായി വ്യവസായികൾക്ക് നൽകിയതും കോർപ്പറേറ്റുകളുംമറ്റും നികുതിയടയ്ക്കുന്നതിൽ വീഴ്ച വരുത്തിയതുമാണ്. 32.44 ശതമാനത്തിനുപകരം കോർപ്പറേറ്റുകൾ അടയ്ക്കുന്നത് ഫലത്തിൽ 22.44 ശതമാനമാണ്. ശരാശരിയിൽ താഴെയാണ് പല കമ്പനികളുടെയും നിരക്ക് നിശ്ചയിച്ചിരിക്കുന്നത്. നികുതിയടയ്ക്കുന്നതിനുമുമ്പുള്ള ലാഭം 500 കോടിയിൽ അധികമുള്ള 272 കമ്പനികളുണ്ട്. അവർക്ക് 33 ശതമാനത്തിനുപകരം 20.97 ശതമാനം അടച്ചാൽ മതി. 4 ലക്ഷം കോടി രൂപയുടെ കാര്യത്തിൽ കേസും തർക്കവും നിലനിൽക്കുന്നു. ഇതൊക്കെയാണ് നികുതി വരുമാനം കുറയാനുള്ള പ്രധാന കാരണങ്ങൾ.

ഇതിനുപുറമെ, വിലകുറയുമെന്ന ന്യായം പറഞ്ഞ് സർക്കാർ ഏക്സൈസ് തീരുയിലും വില്പനനികുതിയിലും ഗണ്യമായ കുറവു വരുത്തിയിട്ടുണ്ട്. ഇതും മറ്റൊരു തട്ടിപ്പാണ്. തീരുവ കുറയുന്നത് ഉല്പാദനച്ചെലവ് കുറയ്ക്കാൻ നിർമ്മാതാക്കൾക്ക് സഹായകമാകുമെങ്കിലും അതിന്റെ ഗുണം ഒരിക്കലും ഉപഭോക്താക്കൾക്ക് ലഭിക്കാറില്ല. ഉദാഹരണത്തിന്, സോപ്പുനിർമ്മാണത്തിന്റെ അസംസ്കൃതവസ്തുക്കളായ ഫാറ്റി ആസിഡിന്റെയും പാംസ്റ്റിയറിന്റെയും മറ്റും കസ്റ്റംസ് തീരുവ 7.5 ശതമാനവും ഗ്ലിസറിന്റേത് 12.5 ശതമാനവുമായിരുന്നു. ഇതുരണ്ടും എടുത്തു കളഞ്ഞു. എന്നിട്ട് സോപ്പിന് വിലകുറഞ്ഞോ ? ഇല്ലെന്നതാണ് അനുഭവം . നേരെമറിച്ച് , മധുരം ചേർത്ത് വാതകം നിറച്ച ദ്രാവകങ്ങൾക്ക് 5 ശതമാനം അധിക ഏക്സൈസ് തീരുവ ചുമത്തുമെന്ന സൂചന ബജറ്റിൽ വന്നപ്പോൾത്തന്നെ കൊക്കക്കോളപോലുള്ള പാനീയങ്ങളുടെ വില 10 ശതമാനം വർദ്ധിക്കുമെന്ന പ്രഖ്യാപനം വന്നു കഴിഞ്ഞു. പരോക്ഷ നികുതിയിനത്തിൽ 7,525 കോടി സമാഹരിക്കാനാണ് ബജറ്റ് ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാരം മുഴുവൻ ഉപഭോക്താക്കളുടെ തലയിലായിരിക്കും പതിക്കുക. ഇതാണ് മുതലാളിത്തനിയമം.

### പണപ്പെരുപ്പവും കള്ളപ്പണവും

സാധാരണക്കാർ വിലക്കയറ്റവും പണപ്പെരുപ്പവും മൂലം ഞെരിപിരികൊള്ളുമ്പോൾ ബിജെപി സർക്കാർ "കടുത്ത തീരുമാന"ങ്ങളുടെ ഭാഗമായുള്ള ചാർജ്ജ്, വർദ്ധനവുകളുമായി മുന്നേറുകയാണ്. റെയിൽവേ ചരക്ക്കടത്തുകൂലിയിൽ വൻവർദ്ധന വരുത്തി. ഇന്ധനവില നിരന്തരം ഉയർത്തുന്ന സമ്പ്രദായത്തിൽ ഉറച്ചു നിൽക്കുന്നു. ഇതെല്ലാം വിലക്കയറ്റത്തിന് ആക്കം വർദ്ധിപ്പിക്കുന്ന നടപടികളാണ്. വില സന്തുലനീകരണ നിധിയുടെ പൊള്ളത്തരം നേരത്തെ നമ്മൾ ചൂണ്ടിക്കാണിച്ചതാണ്. വിലക്കയറ്റത്തിന്റെ കാര്യം ബജറ്റ് പരിഗണിക്കുന്നതേയില്ല. ചുരുങ്ങിയപക്ഷം, റേഷൻ സംവിധാനത്തിലൂടെ മതിയായ അളവിൽ ആവശ്യസാധനങ്ങൾ ജനങ്ങളിലെത്തിക്കുന്നതിനും അവയുടെ ന്യായവില നിശ്ചയിക്കുന്നതിനുപോലും തയ്യാറാകുന്നില്ല. ജനങ്ങൾക്ക് അല്പം ആശ്വാസം പകരുന്ന നടപടികളൊന്നും അവരുടെ പരിഗണനയിലില്ല. കരിഞ്ചന്ത, പൂഴ്ത്തിവയ്പ്, വിലയിലെ തിരിമറി, ഭക്ഷ്യധാന്യങ്ങളുടെ ഊഹക്കച്ചവടം തുടങ്ങിയവയൊക്കെ വിലക്കയറ്റത്തിനിടയാക്കും എന്ന് ഏവർക്കുമറിയാം. എന്നാൽ കരിഞ്ചന്തയും പൂഴ്ത്തിവയ്പുമൊക്കെ നിയന്ത്രിക്കാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതിനെക്കുറിച്ച് ഒരു വാക്കുപോലും ധനമന്ത്രി ഉരിയാടിയില്ല. ഭക്ഷ്യധാന്യങ്ങളുടെ മേലുള്ള ഓഹരിക്കമ്പോളത്തിലെ ഊഹക്കച്ചവടം അവസാനിപ്പിക്കുന്നതിനുള്ള നീക്കങ്ങളുമില്ല. കരിഞ്ചന്തയും പൂഴ്ത്തിവയ്പുമൊക്കെ തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുള്ള അധികാരം സംസ്ഥാനസർക്കാരുകൾക്കായിരിക്കും എന്ന പ്രഖ്യാപനം ബജറ്റിനുമുമ്പ് നടത്തുക മാത്രമാണ് ചെയ്തത്.

അടുത്തത് കള്ളപ്പണത്തിന്റെ കാര്യം. വൻതോതിൽ കള്ളപ്പണം പ്രചാരത്തിലുള്ളതാണ് വിലക്കയറ്റത്തിന് ഒരു പ്രധാനകാരണം. "വിദേശ ബാങ്കുകളിൽ നിക്ഷേപിച്ചിരിക്കുന്ന കള്ളപ്പണം കണ്ടെത്തുന്നതിനും തിരികെ കൊണ്ടുവരുന്നതിനുമുള്ള നടപടികൾ തുടങ്ങിവയ്ക്കുമെന്ന് തെരഞ്ഞെടുപ്പ് പ്രകടനപത്രികയിൽ ബിജെപി പറഞ്ഞിരുന്നു. "അഴിമതിക്കുള്ള സാദ്ധ്യത പരമാവധി കുറച്ച് കള്ളപ്പണത്തിന്റെ സ്രോതസ്സ് അടയ്ക്കുമെന്നും പ്രഖ്യാപിച്ചിരുന്നു. എന്നാൽ, ബജറ്റ് പ്രസംഗത്തിൽ ധനമന്ത്രി പറഞ്ഞത്, "സമ്പദ്ഘടനയുടെ ശാപമായ കള്ളപ്പണത്തിന്റെ പ്രശ്നം പൂർണ്ണമായും പരിഹരിക്കേണ്ടതുണ്ട്". എന്നു മാത്രമാണ്. ഈ വാക്കുകൾ ഹൃദയഹാരിതന്നെ, പക്ഷേ കള്ളപ്പണം തടയാനും കണക്കിൽപ്പെടാത്ത പണം കണ്ടെത്താനും എന്തെങ്കിലും കർമ്മപദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ? ബജറ്റ് ഇക്കാര്യത്തിൽ മൗനം പാലിക്കുകയാണ്. നേരെമറിച്ച്, കിസാൻ വികാസ്പത്ര പുനഃസ്ഥാപിക്കുകയാണ് സർക്കാർ ചെയ്തത്. കണക്കിൽപ്പെടാത്ത പണം നിക്ഷേപിക്കാനും നിയമവിരുദ്ധമായ ഇടപാടുകൾ നടത്താനും ഇത് അവസരമൊരുക്കുകയാണ് ചെയ്യുന്നത്. സ്വിസ്സ് ബാങ്കിലുള്ള 10,000 കോടി കള്ളപ്പണം വീണ്ടെടുത്തതായി ബജറ്റ് അവതരണത്തിന് തൊട്ടുമുമ്പ് ബിജെപി സർക്കാർ വീമ്പിളക്കുകയുണ്ടായി. ഇത് സമുദ്രത്തിലെ ഒരു തുള്ളിക്ക് സമമാണെന്നകാര്യം പറയേണ്ടതില്ലല്ലോ. സ്വിസ്സ് ബാങ്കിലുള്ള കള്ളപ്പണം കണ്ടുകെട്ടാൻ മോഡി സർക്കാരിന് യഥാർത്ഥത്തിൽ താൽപര്യമുണ്ടെങ്കിൽ ചെയ്യേണ്ടത്, വിദേശത്ത്, നികുതി വെട്ടിച്ച് ഇന്ത്യൻ പൗരന്മാർ നിക്ഷേപിച്ചിരിക്കുന്ന പണം കണ്ടുകെട്ടുന്നതിനും അത് ഇന്ത്യൻ സാമ്പത്തിക സംവിധാനത്തിലേയ്ക്ക് തിരിച്ചു കൊണ്ടുവരുന്നതിനും ഉതുകുന്ന ഒരു ഓർഡിനൻസ് പുറപ്പെടുവിക്കുകയാണ്. ആ ഓർഡിനൻസ്, സ്വിസ്സ് ഗവൺമെന്റ് 2010 ഒക്ടോബർ 1ന് പാസ്സാക്കിയ നിയമവുമായി പൊരുത്തപ്പെടുന്നതായിരിക്കണം. ആ നിയമപ്രകാരം അവരുടെ രാജ്യത്ത് നിക്ഷേപിച്ചിട്ടുള്ള നിയമവിരുദ്ധമായ സ്വത്തുക്കൾ തിരിച്ചു കൊടുക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. രാജ്യത്തുണ്ടാകുന്ന കള്ളപ്പണം ഹവാല ഇടപാടുവഴി വിദേശത്തു പോകുന്നതും പാർട്ടിസിപ്പേറ്ററി നോട്ട് സംവിധാനം വഴി തിരിച്ചുവരുന്നതുമൊക്കെ ഇതിലൂടെ തടയാൻ കഴിയും. ഓഹരിക്കമ്പോളത്തിലെ കയറ്റിറക്കങ്ങൾക്ക് കാരണമാകുന്നത് ഈ ഇടപാടുകളാണ്. ഇന്ത്യയും മൗറീഷ്യസും തമ്മിൽ, രണ്ടുവട്ടം നികുതി ചുമത്തുന്നത് ഒഴിവാക്കാൻ വേണ്ടി, ഒപ്പുവച്ച ഇൻഡോ മൗറീഷ്യസ് ഡബിൾ ടാക്സേഷൻ അവോയ്ഡൻസ് ട്രീറ്റി ആണ് കള്ളപ്പണത്തിന് വഴിവയ്ക്കുന്ന മറ്റൊരു മാർഗ്ഗം. എന്നാൽ, ഇത്തരത്തിൽ മൂർത്തമായ നടപടികൾ കൈക്കൊള്ളാൻ കോൺഗ്രസ്സ് സർക്കാരുകളെപ്പോലെ ബിജെപി സർക്കാരും താൽപര്യം കാണിക്കുന്നില്ല. വാചകമടിയിൽ മാത്രമാണ് അവർക്ക് താൽപര്യം. സ്വിസ്സ് ബാങ്ക് അധികൃതർ പറയുന്ന കണക്കുപ്രകാരം വ്യവസായികളും രാഷ്ട്രീയക്കാരും ഉദ്യോഗസ്ഥപ്രമാണികളുമായ ഇന്ത്യക്കാരുടെ പേരിൽ 72ലക്ഷം കോടി രൂപയുടെ കള്ളപ്പണമാണ് സ്വിസ്സ് ബാങ്കുകളിൽ നിക്ഷേപിച്ചിട്ടുള്ളത്. ഈ പണം തിരിച്ചു കൊണ്ടു വരാനായാൽ ഇന്ത്യയുടെ വിദേശകടമാകെ 24 മണിക്കൂറിനുള്ളിൽ കൊടുത്തു തീർക്കാനാകും. മുഴുവൻ കടവും കൊടുത്തു തീർത്താലും അതിന്റെ 12 ഇരട്ടി വരുന്ന തുക മിച്ചംവരും. ഈ തുക നിക്ഷേപിച്ചാൽ കേന്ദ്രസർക്കാരിന്റെ വാർഷിക ബജറ്റിനേക്കാൾ വലിയതുക പലിശയായികിട്ടും. അങ്ങനെ ചെയ്താൽ ജനങ്ങൾക്കുമേൽ ചുമത്തുന്ന മുഴുവൻ നികുതികളും ഒഴിവാക്കിക്കൊണ്ട് സർക്കാരിന് സുഗമമായി പ്രവർത്തിക്കാൻ കഴിയും. രാജ്യത്തെ കോടിക്കണക്കിന് ദരിദ്രർക്ക് ഒരു ലക്ഷം രൂപവീതം നൽകാൻ ഇതുവഴി സാധിക്കും. ഈ തുകയുടെ ഒരു ഭാഗം ചെലവഴിച്ചാൽ, ശുദ്ധജലവിതരണം, ശുചിത്വം ഉറപ്പാക്കൽ, മാലിന്യ നിർമ്മാർജ്ജനം, ആവർത്തനക്ഷമമായ ഊർജ്ജം, ആരോഗ്യം, വിദ്യാഭ്യാസം, നഗരങ്ങളിലെ അടിസ്ഥാനഘടനാ വികസനം തുടങ്ങി ഒട്ടേറെ മേഖലകളിലെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ കഴിയും. അതുപോലെതന്നെ, പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്താനും പട്ടിണി തുടച്ചുനീക്കാനും ഉന്നത വിദ്യാഭ്യാസത്തിനും ശാസ്ത്ര-സാമൂഹ്യ ഗവേഷണത്തിനുമൊക്കെ ആവശ്യമായ തുക കണ്ടെത്താനും കഴിയും. എന്നാൽ, ജീർണ്ണമായ മുതലാളിത്ത വ്യവസ്ഥയുടെ അഭേദ്യ ഭാഗമായ കള്ളപ്പണം ഉണ്ടാകുന്നത് തടയാനോ, കണ്ടെത്താനോ ഒന്നും മുതലാളിവർഗ്ഗ സേവകരായ ബിജെപി സർക്കാർ ഉദ്ദേശിക്കുന്നില്ല.

### വിദ്യാഭ്യാസവും ആരോഗ്യപരിരക്ഷയും

മിനിമം ആരോഗ്യപരിരക്ഷപോലും ലഭിക്കാതെ ആയിരങ്ങളാണ് ഓരോ വർഷവും രാജ്യത്ത് മരിച്ചുകൊണ്ടിരിക്കുന്നത്. അതുപോലെതന്നെയാണ് വിദ്യാഭ്യാസത്തിന്റെ കാര്യവും. ഭൂരിപക്ഷത്തിനും യഥാർത്ഥ വിദ്യാഭ്യാസം പ്രാപ്തമല്ല. എന്നിട്ടും, ഈ രണ്ടു മേഖലകളെയും ഇത്തവണത്തെ ബജറ്റ് പൂർണ്ണമായും മറന്നു കളഞ്ഞു. ആരോഗ്യ പരിപാലന സംവിധാനം വിപുലപ്പെടുത്തുന്നതിനായി സർക്കാർ എന്തെങ്കിലും ശ്രമം നടത്തുന്നതിനെക്കുറിച്ച് ഒരു പരാമർശം പോലുമില്ല. വിദ്യാഭ്യാസം വാണിജ്യാടിസ്ഥാനത്തിൽ നടത്താൻ സ്വകാര്യ സംരംഭകരെ ഏല്പിച്ചു കൊടുത്തിരിക്കുകയാണ്. അഞ്ച് ഐഐടികളും അഞ്ച് ഐഐഎംകളും കൂടി ആരംഭിക്കുമെന്ന് ബജറ്റ് പറയുന്നു. (ഇവിടെ പഠിക്കാൻ ലക്ഷങ്ങൾ വേണ്ടിവരും). ഇതിനായി നീക്കിവച്ചിരിക്കുന്നത് 500 കോടി രൂപയാണ്. എന്നാൽ ഇതിനു രണ്ടിനുംകൂടി 2750 കോടിയെങ്കിലും വേണ്ടിവരും, അപ്പോൾ ഇവിടെയും സ്വകാര്യ സംരംഭകർ കടന്നുവരുമോ ?

### ബജറ്റിലെ കണക്കുകൾ

ഇനി ബജറ്റിലെ കണക്കുകൾ നോക്കാം. മൊത്തം ചെലവ് പ്രതീക്ഷിക്കുന്നത് 17,94,892 കോടിയാണ്. വരുമാനത്തിൽ 13,64, 524 കോടി നികുതിയിൽ നിന്നാണ്. നികുതിയേതര വരുമാനം 2,21,505 കോടി. വായ്പ ഒഴികെയുള്ള മൂലധനവരവ് 73,952 കോടി. ധനക്കമ്മി ജിഡിപിയുടെ 4.1 ശതമാനം. റവന്യൂ കമ്മി 2.9 ശതമാനം. ബാക്കിവരുന്ന അന്തരം എങ്ങനെ നികത്തും. നികുതി വർദ്ധിപ്പിക്കുന്നതിന് ഒരു പരിധിയുള്ളതുകൊണ്ട് നികുതിയേതര വരുമാനം വർദ്ധിപ്പിക്കാനായിരിക്കും ഗവൺമെന്റ് ശ്രമിക്കുക. 5.3 ലക്ഷം കോടി കടമെടുക്കാനാണ് സർക്കാർ ആലോചിക്കുന്നത്. നിലവിലുള്ള വായ്പകളുടെ പലിശ കൊടുക്കാൻ നികുതി വരുമാനത്തിന്റെ 44 ശതമാനംഇപ്പോൾത്തന്നെ ചെലവഴിച്ചുകൊണ്ടിരിക്കുകയാണ്. ഇനിയും കടം വാങ്ങിയാൽ ഇതിന്റെ ഭാരം കൂടും . റിസർവ്വ് ബാങ്ക് നല്ലൊരുതുക തരുമെന്ന്സർക്കാർ പറയുന്നു. എന്തായാലും ബജറ്റിലെ വിടവു നികത്താൻ എത്ര പണം അടിച്ചിറക്കും എന്ന് ഗവൺമെന്റ് വ്യക്തമാക്കുന്നില്ല. ആ മാർഗ്ഗം, പണപ്പെരുപ്പമുണ്ടാക്കുന്നതാണെങ്കിലും, സർക്കാർ അവലംബിച്ചേക്കും.

### കോർപ്പറേറ്റുകളുടെ ബജറ്റ്

അപ്പോൾ, ഈ ബജറ്റിന്റെ ലക്ഷ്യം സംബന്ധിച്ച് ഒരു അവ്യക്തതയുമില്ല. മുതലാളിത്ത ചൂഷണംമൂലം പൊറുതിമുട്ടിയ ജനങ്ങൾ അല്പം ആശ്വാസത്തിനുവേണ്ടി കേഴുമ്പോൾ, ജനജീവിതത്തിലെ നീറുന്ന പ്രശ്നങ്ങളൊന്നും പരിഗണിക്കാതെ, മുതലാളിവർഗ്ഗത്തിന്റെ താല്പര്യങ്ങൾ ഉയർത്തിപ്പിടിക്കുകയാണ് സർക്കാർ ചെയ്യുന്നത്. വൻകിട വ്യവസായികളുടെയും കോർപ്പറേറ്റുകളുടെയും കാഴ്ചപ്പാടിലാണ് സർക്കാർ സമ്പദ്‌രംഗത്തെ പ്രശ്നങ്ങളവതരിപ്പിക്കുന്നതും തദനുസൃതമായ നയങ്ങളും നടപടികളും കൈക്കൊള്ളുന്നതും. മുതലാളിത്ത വ്യവസ്ഥ നിലനില്ക്കുവോളം ജനങ്ങളുടെ ദുരിതങ്ങൾക്ക് പരിഹാരമില്ല എന്ന കാര്യത്തിൽ സംശയമില്ല. എന്നാൽ, ഈ വ്യവസ്ഥയ്ക്കുള്ളിലും ജനങ്ങൾക്ക് ആശ്വാസം പകരുന്ന നടപടികൾ കൈക്കൊള്ളാൻ സർക്കാരിനാകും. വിലക്കയറ്റം നിയന്ത്രിക്കാൻ നടപടികളെടുക്കാം. പരോക്ഷനികുതിയുടെ ഭാരം ജനങ്ങൾക്കുമേൽ പതിക്കാതിരിക്കാനുള്ള മുൻകരുതലെടുക്കാം. ഫലപ്രദമായ പൊതുവിതരണ സംവിധാനത്തിലൂടെ അവശ്യസാധനങ്ങൾ മതിയായ അളവിൽ, മിതമായ വിലയ്ക്ക് ജനങ്ങളിലെത്തിക്കാം. കർഷകർക്ക് കുറഞ്ഞ വിലയ്ക്ക് വിത്തും വളവും വൈദ്യുതിയും നൽകുകയും ജയസേചന സൗകര്യങ്ങൾ ഒരുക്കുകയും കാർഷികോല്പന്നങ്ങൾക്ക് താങ്ങുവില ഏർപ്പെടുത്തുകയും ചെയ്യാം. പൊതുമേഖലയിൽ തൊഴിലാധിക്യ വ്യവസായങ്ങൾ തുടങ്ങാം. ഗവൺമെന്റിന് ഇക്കാര്യങ്ങളിലൊക്കെ നിർണ്ണായക പങ്കുവഹിക്കാൻ കഴിയും. എന്നാൽ, സ്വകാര്യമൂലധനം വ്യാപിപ്പിക്കുന്നതിനും അതിന് പൊതുമേഖലയിൽകൂടി ഇടം നൽകുന്നതിനുമാണ് സർക്കാർ എല്ലാ ശ്രദ്ധയും ചെലുത്തുന്നത്. എല്ലാ ഉത്തരവാദിത്വങ്ങളും കയ്യൊഴിഞ്ഞ് സമ്പദ്ഘടനയെ വലിയൊരളവിൽ കോർപ്പറേറ്റ് വൽക്കരിക്കുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത്. മുതലാളിത്ത ചൂഷണവ്യവസ്ഥ, ഒരു വശത്ത് ദരിദ്രരെ സൃഷ്ടിച്ചു കൊണ്ടിരിക്കുന്നു. വ്യവസ്ഥിതിയുടെ നടത്തിപ്പുകാരാകട്ടെ, ദരിദ്രർക്ക് ചില നക്കാപ്പിച്ചകൾ എറിഞ്ഞു കൊടുത്ത് ഖ്യാതി നേടുന്നു. ജനങ്ങൾ ഇതൊക്കെക്കൊണ്ട് തൃപ്തിപ്പെടണം. അവർക്ക് അതിനേ അർഹതയുള്ളൂ, അതുകൊണ്ടുതന്നെ ജനങ്ങളുടെ ദുരിതങ്ങൾ വർദ്ധിപ്പിക്കുന്നതല്ലാതെ ഒന്നും ഈ ബജറ്റിൽനിന്നും പ്രതീക്ഷിക്കേണ്ടതില്ല. ●

# ചെങ്ങറ ഭൂസമരം ഏഴു വർഷം പിന്നിട്ടു

സാധുജന വിമോചന സംയുക്ത വേദിയുടെ ആഭിമുഖ്യത്തിൽ 2007 ആഗസ്റ്റ് നാലിന് ആരംഭിച്ച ഐതിഹാസികമായ ചെങ്ങറ ഭൂസമരം 2014 ആഗസ്റ്റ് 4 ന് 7 വർഷം പിന്നിട്ടു. ദുഷ്പ്രചാരണങ്ങളേയും നിരന്തര ആക്രമണങ്ങളേയും പോലീസ് നടപടികളേയുമെല്ലാം അതിജീവിച്ചു മുന്നേറിയ സമരത്തിന് മുന്നിൽ ഭരണവർഗ്ഗം കീഴടങ്ങുകയും പാക്കേജ് പ്രഖ്യാപിക്കുകയും ചെയ്തു. കൃഷിയോഗ്യമോ താമസയോഗ്യമോ അല്ലാത്ത ഭൂമിയുടെ പട്ടയം വിവിധ ജില്ലകളിൽ വിതരണം ചെയ്ത് സമരത്തെ ശിഥിലീകരിക്കുവാനുള്ള നീക്കമാണ് അധികാരികളുടെ ഭാഗത്തുനിന്നുണ്ടായത്. ഭൂരഹിതരായ മുഴുവൻ പേർക്കും കൃഷിയോഗ്യമായ ഭൂമി നൽകുന്നതുവരെ ചെങ്ങറ സമരഭൂമി വിട്ടു നൽകില്ല എന്ന് പ്രഖ്യാപിച്ചുകൊണ്ട് കാർഷിക വിളകൾ ഉൽപ്പാദിപ്പിച്ച് സ്വന്തം നിലയിൽ ജീവിത ഭദ്രത കൈവരിക്കുവാനുള്ള അക്ഷീണമായ ശ്രമത്തിലാണ് ചെങ്ങറ സമരക്കാർ. അൻപത് സെന്റിൽ ഒരു കുടുംബം എന്ന കണക്കിൽ 750 ഓളം കുടുബങ്ങൾ ഇന്നവിടെ താമസിക്കുന്നു. ഈ പ്രദേശം സമ്പൂർണ്ണ മദ്യനിരോധിത മേഖലയാണ്. വന്യമൃഗങ്ങളിൽ നിന്നും രക്ഷനേടാൻ ഏഴു കിലോമീറ്റർ ചുറ്റളവിൽ മതിൽ നിർമ്മിച്ചു. എസ്‌വിഎസ്‌വിയുടെ അഞ്ച് ശാഖകൾ പ്രവർത്തിക്കുന്നു. നൂറുകണക്കിന് കുട്ടികൾ സമീപത്തുള്ള സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്നു. അംബേദ്ക്കർ മാതൃകാ കോളനി (ജനറൽ) എന്ന് സമരഭൂമിക്ക് നാമകരണം ചെയ്തിരിക്കുന്നു. മാതൃകാ ജനവാസകേന്ദ്രമാക്കി മാറ്റാനുള്ള പരിശ്രമം നടന്നുകൊണ്ടിരിക്കുന്ന വേളയിലാണ് ഏഴാം വാർഷികം വിപുലമായി ആഘോഷിച്ചത്.

ആഘോഷങ്ങളുടെ ഭാഗമായി ആയിരങ്ങൾ പങ്കെടുത്ത പ്രകടനവും പൊതുസമ്മേളനവും കോന്നിയിൽ നടന്നു. പ്രമുഖ പരിസ്ഥിതി പ്രവർത്തകൻ സി.ആർ. നീലകണ്ഠൻ അദ്ധ്യക്ഷത വഹിച്ചു. പ്ലാനിംഗ് ബോർഡ് മെമ്പർ സി.പി.ജോൺ ഉദ്ഘാടനം ചെയ്തു. ചെങ്ങറ സമാനതകളില്ലാത്ത സമരമാണെന്നും സമരഭൂമിയിലുള്ളവർക്ക് പട്ടയം നൽകണമെന്നും വൈദ്യുതിയും ശുദ്ധജലവും തുടങ്ങി എല്ലാ വികസന പ്രവർത്തനങ്ങളും ചെങ്ങറ സമരക്കാർക്ക് അവകാശപ്പെട്ടതാണെന്നും സി.പി.ജോൺ പറഞ്ഞു. ചെങ്ങറ സമരനായകൻ ളാഹ ഗോപാലൻ മുഖ്യ പ്രഭാഷണം നടത്തി. ഗാന്ധിജിയെ വിമർശിച്ചതിന്റെ പേരിൽ അരുന്ധതി റോയിക്കെതിരെ കോൺഗ്രസുകാർ കോലാഹലമുണ്ടാക്കുന്നത് ചരിത്രമറിയാത്തതുകൊണ്ടാണെന്നും ഇന്ത്യയിലെ ദലിത് ജനവിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർന്ന് വരാൻ അനുവദിക്കാതിരുന്നത് ഗാന്ധിജിയുടെ തെറ്റായ നിലപാടുകളാണെന്നും കേരളത്തിലെ ദളിത് ജനവിഭാഗങ്ങൾ അരുന്ധതി റോയിയുടെ പിന്നിൽ അണിനിരക്കുമെന്നും ളാഹഗോപാലൻ പറഞ്ഞു. തനിക്കെതിരെ സിപിഐ(എം) നടത്തുന്ന പ്രചാരണങ്ങൾ പട്ടികജാതിക്കാരെ ഭിന്നിപ്പിച്ച് മുതലെടുക്കാനാണെന്നും അദ്ദേഹം പറഞ്ഞു.

ചെങ്ങറ സമരസഹായ സമിതി കൺവീനർ എസ്. രാജീവൻ സ്വാഗതം ആശംസിച്ചു. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടേറിയറ്റംഗം ഡോ.വി.വേണുഗോപാൽ, ഫാദർ ഏബ്രഹാം ജോസഫ്, വിളപ്പിൽശാല സമരസമിതി പ്രസിഡന്റ് എസ്. ബുർഹാൻ, സോളിഡാരിറ്റി സെക്രട്ടറി കെ.സജീദ്, പ്രൊഫ. ഫിലിപ്പ് എൻ. തോമസ്, ഐഎൻപിഎ ജില്ലാ പ്രസിഡന്റ് എം.വി.ചെറിയാൻ, അനധികൃത ക്വാറിവിരുദ്ധ സമരസമിതി കൺവീനർ എം.ജി.സന്തോഷ്കുമാർ, ഡൈനമിക് ആക്ഷൻ സെക്രട്ടറി റ്റി.എം.സത്യൻ, ഹോട്ടൽ ആന്റ് റസ്റ്റോറന്റ് അസോസിയേഷൻ ജില്ലാ സെക്രട്ടറി കെ.എം.രാജ, പശ്ചിമഘട്ട സംരക്ഷണ സമിതി സെക്രട്ടറി റെജി മലയാലപ്പുഴ, പത്തനംതിട്ട പൗരസമിതി ജനറൽ സെക്രട്ടറി പി.രാമചന്ദ്രൻ നായർ, ഡോ. സൈമൺ ജോൺ, ജനകീയ പ്രതിരോധ സമിതി ജില്ലാ സെക്രട്ടറി കെ.ജി.അനിൽകുമാർ, വിനോദ് കോശി, എസ്.രാധാമണി, അഡ്വ. റ്റി.എച്ച്.സിറാജുദ്ദീൻ, എസ്‌വിഎസ്‌വി രക്ഷാധികാരി എൻ.തങ്കപ്പൻ, ബേബി ചെരിപ്പിട്ടകാവ്, അയ്യപ്പൻ കൈതക്കര, മാണികുളം അച്യുതൻ, സോമരാജൻ, റ്റി.ആർ.ശശി, വിജയൻ തേക്കുതോട്, തുടങ്ങിയവർ സംസാരിച്ചു. ചെങ്ങറ സമരനായകൻ ളാഹ ഗോപാലനേയും സഹായ സമിതി കൺവീനർ എസ്. രാജീവനെയും പൊന്നാട അണിയിച്ച് ആദരിച്ചു. പാലസ്തീൻ ജനതയ്ക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ടുള്ള പ്രമേയവും അരുന്ധതി റോയിക്ക് പിന്തുണ പ്രഖ്യാപിച്ചുകൊണ്ടുള്ള പ്രമേയവും സമ്മേളനത്തിൽ അവതരിപ്പിച്ചു. ചെങ്ങറ സമര ഭൂമിയിലെ കാർഷിക വിഭവങ്ങൾ ഏന്തിക്കൊണ്ടും വിവിധ നാടൻ കലാരൂപങ്ങൾ അവതരിപ്പിച്ചുകൊണ്ടുമുള്ള പ്രകടനം പൊതുജനങ്ങളിൽ ഏറെ കൗതുകമുണർത്തി. ●

# അയ്യൻകാളി നയിച്ച കർഷകത്തൊഴിലാളി സമരത്തിന്റെ ശതാബ്ദി ആചരണക്കമ്മിറ്റി രൂപീകരിച്ചു



ഡോ. പി.എസ്.പണിക്കർ അദ്ധ്യക്ഷപ്രസംഗം നടത്തുന്നു

പാലക്കാട്, ജൂലൈ 27

ശതാബ്ദിയാചരണക്കമ്മിറ്റിയുടെ പാലക്കാട് ജില്ലാഘടകം രൂപീകരിച്ചു. പാലക്കാട് ഗവണ്മെന്റ് വിക്ടോറിയ കോളേജിൽ ഒ.വി. വിജയൻ ഹാളിൽ നടന്ന യോഗത്തിൽ വച്ച് ഡോ.പി.എസ്.പണിക്കർ ചെയർമാനും, ഇൻഡ്യനൂർ ഗോപി, പ്രൊഫ.കെ.മോഹൻദാസ്, അഡ്വ.പി.ജയപാലമേനോൻ, കാളിദാസ് പുതുമന, പ്രൊഫ.ടി.വി.ശശി, പ്രൊഫ.കെ. ശശികുമാർ, ഷഡാനനൻ ആനിക്കത്ത്, മുതലാംതോട് മണി, വിളയോടി വേണുഗോപാൽ, കെ.രാജൻ, പി.പരമേശ്വരൻ, ടി.സി.ഭാസ്കരൻ, കെ.പി.എസ്.പയ്യനെടം, പി.ആർ.ജയശീലൻ, എം.ശിവകുമാർ, വൈ.പത്മനാഭൻ, ബാലു തൈക്കാട്ടുശ്ശേരി, മേജർ പി.എം.രവീന്ദ്രൻ, കെ. എം.ബീവി, പി.മണികണ്ഠൻ, എ.റജീന തുടങ്ങിയവർ അംഗങ്ങളും കെ.അബ്ദുൾ അസീസ് കൺവീനറുമായ കമ്മിറ്റിയാണ് രൂപീകരിച്ചത്.

അതിന് മുന്നോടിയായി, നേതാജി സാമൂഹ്യ സാംസ്കാരിക പഠനകേന്ദ്രം പ്രസിദ്ധീകരിച്ചിട്ടുള്ള " അയ്യൻകാളിയും കേരളനവോത്ഥാനവും" എന്ന കൃതിയെ അടിസ്ഥാനപ്പെടുത്തി ചർച്ചയും നടന്നു. ഡോ.പി.എസ്.പണിക്കർ അദ്ധ്യക്ഷത വഹിച്ചു. ആചരണക്കമ്മിറ്റി സംസ്ഥാനകൺവീനർ ജി.എസ്. പത്മകുമാർ വിഷയാവതരണം നടത്തി. പ്രൊഫ.കെ.മോഹൻദാസ്, വിക്ടോറിയ കോളേജ് ചരിത്രവിഭാഗം മേധാവി കെ.രാജൻ, പി.പരമേശ്വരൻ, കെ.പി.എസ്.പയ്യനെടം, ചന്ദ്രൻ തച്ചമ്പാറ, കെ.എം.ബീവി, കെ. കേശവൻകുട്ടി തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു. കേരളത്തിന്റെ നവോത്ഥാന ചരിത്രത്തിലെ ഉജ്ജ്വലമായ ഒരേടാണ് അയ്യൻകാളി നയിച്ച കർഷകത്തൊഴിലാളി സമരമെന്നും, സമൂഹം ഇന്ന് നേരിടുന്ന സാംസ്കാരികാപചയത്തെ പ്രതിരോധിക്കാൻ അയ്യൻകാളിയെപ്പോലുള്ള നവോത്ഥാന നായകന്മാർ ഉയർത്തിപ്പിടിച്ചിരുന്ന ധാർമ്മിക മൂല്യങ്ങൾ സമൂഹത്തിൽ സംസ്ഥാപിക്കേണ്ടതാവശ്യമാണെന്നും, അദ്ധ്യക്ഷപ്രസംഗത്തിൽ ഡോ.പി.എസ്.പണിക്കർ പറഞ്ഞു. കെ.അബ്ദുൾ അസീസ് സ്വാഗതവും എ.റജീന നന്ദിയും പറഞ്ഞു.

നവോത്ഥാനശക്തി ഫോട്ടോ പോസ്റ്റർ പ്രദർശനം, നാടകം. സിനിമ, സെമിനാറുകൾ, ചർച്ചകൾ തുടങ്ങിയ വിവിധ മാർഗ്ഗങ്ങളിലൂടെ മഹാനായ അയ്യൻകാളിയുടെ ജീവിതവും ദർശനവും ജനങ്ങൾക്ക്, വിശിഷ്യ യുവതലമുറയ്ക്ക് പരിചയപ്പെടുത്താനുള്ള പരിപാടികൾ ആചരണക്കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കും. ●

# പീലിംഗ് തൊഴിലാളികളുടെ പ്രതിഷേധം ആഞ്ഞടിക്കുന്നു

വർഷങ്ങളായി മത്സ്യ സംസ്കരണ മേഖലയിൽ നിലനിൽക്കുന്ന കടുത്ത ചൂഷണത്തിനെതിരെ ചെമ്മീൻ പീലിംഗ് ഷെഡ്ഡിൽ പണിയെടുക്കുന്ന ആയിരക്കണക്കിന് സ്ത്രീകൾ കഴിഞ്ഞ മൂന്ന് ദിവസങ്ങളായി പണിമുടക്കിയിരിക്കുകയാണ്. 2010-ൽ സർക്കാർ പ്രഖ്യാപിച്ച മിനിമം കൂലി നടപ്പിലാക്കുവാൻ തയ്യാറാകാതെ വെറും ഒരു രൂപയിൽ മാത്രം കൂലിയിൽ വർദ്ധനവ് വരുത്തുവാനാണ് മുതലാളിമാർ തീരുമാനിച്ചിട്ടുള്ളത്. ഇത് തങ്ങൾക്ക് സ്വീകാര്യമല്ലെന്നുള്ള നിലപാട് പ്രഖ്യാപിച്ചുകൊണ്ടാണ് സ്ത്രീ തൊഴിലാളികൾ മൂന്നു ദിവസമായി ഈ മേഖലയിൽ പണിമുടക്ക് ആരംഭിച്ചിട്ടുള്ളത്. കഴിഞ്ഞ മൂന്നുവർഷമായി തൊഴിലാളികൾ നിരവധി നിവേദനങ്ങളും അപേക്ഷകളും നൽകിയിട്ടും ലേബർ ഓഫീസറും, ജില്ലാ കളക്ടറും ചർച്ചയ്ക്ക് ക്ഷണിച്ചിട്ടുപോലും മുതലാളിമാർ ഹാജരാകാതിരുന്ന സാഹചര്യത്തിലാണ് തൊഴിലാളികൾ പ്രക്ഷോഭണത്തിലേക്ക് വന്നത്. 6-ാം തീയതി വല്ലേത്തോട്ടിൽ നിന്നും കരുമാഞ്ചേരിയിലേക്ക് നീങ്ങിയ പ്രകടനത്തിൽ ആയിരക്കണക്കിന് സ്ത്രീകൾ പങ്കെടുത്തു. തുറന്നുപ്രവർത്തിച്ച പീലിംഗ് ഷെഡ്ഡുകൾ അടപ്പിച്ചുകൊണ്ടാണ് പ്രകടനം നീങ്ങിയത്. സർക്കാർ പ്രഖ്യാപിച്ച മിനിമം കൂലി ലഭിക്കാതെ ഞങ്ങൾ സമരം അവസാനിപ്പിക്കില്ലെന്ന് മുദ്രാവാക്യം മുഴക്കിക്കൊണ്ടാണ് സ്ത്രീതൊഴിലാളികൾ പ്രകടനത്തിൽ അണിനിരന്നത്. പഞ്ചായത്ത് അധികൃതരും പോലീസും മുതലാളിമാരുമെല്ലാം സ്ത്രീകളുടെ പ്രതിഷേധത്തെ തണുപ്പിക്കുവാൻ നോക്കിയെങ്കിലും അതിന് കഴിഞ്ഞില്ല. പ്രകടനം ചേമ്പർ ഓഫ് സീ ഫുഡ് അസോസ്സിയേഷൻ പ്രസിഡന്റ് ശ്രീ. വി.പി.ഹമീദിന്റെ സ്ഥാപനത്തിനുമുന്നിൽ സമാപിച്ചു. ഇവിടെ നടന്ന സമാപന സമ്മേളനത്തിൽ കേരള മത്സ്യ സംസ്കരണ തൊഴിലാളി യൂണിയൻ(എഐയുടിയുസി) ജില്ലാ സെക്രട്ടറി ശ്രീ. ആർ.അർജ്ജുനൻ ഉദ്ഘാടനം ചെയ്തു. പ്രകടനത്തിലും യോഗത്തിലും ആശംസയർപ്പിച്ചുകൊണ്ട് സിന്ധു മധു, കെ.കെ.വിക്രമൻ, സരസിരാജൻ, റോസിലി സന്ധ്യാവ്, എൻ.കെ.ശശികുമാർ തുടങ്ങിയവർ പ്രസംഗിച്ചു. ●




ആലപ്പുഴ കരുമാഞ്ചേരിയിൽ പീലിംഗ് തൊഴിലാളികളുടെ പ്രതിഷേധയോഗം കേരള മത്സ്യസംസ്കരണത്തൊഴിലാളി യൂണിയൻ(എഐയുടിയുസി) ജില്ലാ സെക്രട്ടറി ആർ.അർജ്ജുൻ ഉദ്ഘാടനം ചെയ്യുന്നു.

Date of Posting 9 th & 10 th of every month at RMS, Trivandrum.
Date of publishing August 1st, 2014.
P.R. No. KL/TV(N)/452/2012-2014
R. N. 24773/1992

# UNITY
MALAYALAM MONTHLY

Vol 41 No.4
Price : Rs 5.00
August 2014

# സഖാവ് യാക്കൂബ് പൈലാൻ അനുസ്മരണ സമ്മേളനം





എസ്‌യുസിഐ(സി) കേന്ദ്രകമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ, അന്തരിച്ച മുതിർന്ന കേന്ദ്രകമ്മിറ്റിയംഗവും സൗത്ത് 24 പർഗാനാസ് ജില്ലാ സെക്രട്ടറിയുമായിരുന്ന സഖാവ് യാക്കൂബ് പൈലാനെ അനുസ്മരിച്ചുകൊണ്ടുള്ള വമ്പിച്ച സമ്മേളനം ജൂലൈ 7 ന് കൊൽക്കത്തയിൽ ഹൗറ ശരത് സദനിൽ സംഘടിപ്പിക്കപ്പെട്ടു. പോളിറ്റ് ബ്യൂറോ മെമ്പർ സഖാവ് രഞ്ജിത് ധർ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു. വേദിയിൽ സ്ഥാപിച്ച സഖാവ് യൂക്കൂബ് പൈലാന്റെ ഛായാചിത്രത്തിനുമുന്നിൽ വിവിധ സംസ്ഥാന കമ്മിറ്റികൾക്കുവേണ്ടിയും ബഹുജനസംഘടനകളുടെ പേരിലും പുഷ്പചക്രങ്ങൾ അർപ്പിച്ചു. പാർട്ടി ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷ്, പോളിറ്റ് ബ്യൂറോ അംഗങ്ങളായ സഖാക്കൾ രഞ്ജിത് ധർ, മണിക്മുഖർജി, കൃഷ്ണ ചക്രവർത്തി, കേന്ദ്രകമ്മിറ്റിയംഗങ്ങളായ സഖാക്കൾ ദേവപ്രസാദ് സർക്കാർ, സി.കെ.ലൂക്കോസ്, കെ.രാധാകൃഷ്ണ, ഗോപാൽകുണ്ടു, സൗമൻ ബോസ്, സത്യവാൻ, ശങ്കർസാഹ, ഛായാമുഖർജി എന്നിവരും പൂക്കൾ അർപ്പിച്ചു. തുടർന്ന് സഖാക്കൾ പ്രൊവാഷ്ഘോഷും കൃഷ്ണ ചക്രവർത്തിയും പ്രസംഗിച്ചു. സഖാവ് രഞ്ജിത്ധർ അദ്ധ്യക്ഷ പ്രസംഗം നടത്തി.

## സ്ത്രീ സുരക്ഷാ സമിതി സംസ്ഥാന സമ്മേളനം

# സ്ത്രീ സുരക്ഷ: സമൂഹത്തിന് മാനസാന്തരം ആവശ്യമായിരിക്കുന്നു- ദയാബായി

കോഴിക്കോട് , 8.8.2014

സ്ത്രീസുരക്ഷയുടെ കാര്യത്തിൽ നമ്മുടെ സമൂഹം മാനസാന്തരത്തിന് വിധേയമാകണം എന്ന് പ്രശസ്ത സാമൂഹ്യ പ്രവർത്തക ദയാബായി അഭിപ്രായപ്പെട്ടു. സ്ത്രീസുരക്ഷാ സമിതി കോഴിക്കോട് ടൗൺഹാളിൽ സംഘടിപ്പിച്ച സ്ത്രീസുരക്ഷാ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അവർ.

നമ്മുടെ ഭരണഘടനയുടെ ആമുഖത്തിൽ തന്നെ സമത്വവും നീതിയും സാഹോദര്യവുമെല്ലാം ഭംഗിയായി എഴുതിവച്ചിട്ടുണ്ട്. പക്ഷേ എവിടെയാണ് ഇന്ന് നീതിയും സമത്വവും ന്യായവും? സാധാരണജനങ്ങൾക്കോ സ്ത്രീകൾക്കോ അത് എവിടെയും ലഭ്യമല്ല.

സ്ത്രീകളും മനുഷ്യരാണ്. ആ ബോധം സ്ത്രീകൾക്ക് ഉണ്ടാകണം. മാനസികമായും ശാരീരികമായും സ്ത്രീകളെ ശക്തരാക്കണം. പുരുഷമേധാവിത്വം വളരെ ആഴത്തിൽ വേരൂന്നിയതും വളരെ ശക്തിമത്തുമാണ് നമ്മുടെ സമൂഹത്തിൽ. ശരിയായ മൂല്യബോധം നൽകി സ്ത്രീകളെ ബോധവതികളാക്കിക്കൊണ്ടേ ഈ പ്രതിസന്ധിയെ അതിജീവിക്കാനാകൂ.

സ്ത്രീപുരുഷ വിവേചനം ശക്തമാണ് നമ്മുടെ സമൂഹത്തിൽ. പെൺഭ്രൂണഹത്യ വർദ്ധിക്കുന്നതിന്റെ കാരണവും ഇതാണ്. വിദ്യാസമ്പന്നർ എന്ന് അഭിമാനിക്കുന്നവർപോലും ചെറിയ പ്രായംമുതൽ ആൺപെൺ കുട്ടികളിൽ മതിലുകൾ ഉയർത്തുകയാണ്. വിദ്യാഭ്യാസം നേടുവാൻ അവസരം ലഭിച്ചിട്ടുള്ള സ്ത്രീകൾ കൂടുതൽ സാമൂഹ്യാവബോധം പ്രദർശിപ്പിക്കേണ്ടതുണ്ടെന്നും ദയാബായി കൂട്ടിച്ചേർത്തു.

ഒരു സ്ത്രീയ്ക്ക് ഈ സമൂഹത്തിൽ സ്ത്രീയായി ജീവിക്കുവാൻ യാതൊരുവിധ തടസ്സവുമില്ല എന്നു കാണിക്കുന്നതാണ് ദയാബായിയുടെ ജീവിതമെന്ന് തുടർന്നു പ്രസംഗിച്ച പ്രശസ്ത സാഹിത്യകാരൻ കല്പറ്റ നാരായണൻ അഭിപ്രായപ്പെട്ടു. സമ്മേളനത്തിൽ സ്ത്രീ സുരക്ഷാ സമിതി സംസ്ഥാന കൺവീനർ മിനി കെ. ഫിലിപ്പ് അധ്യക്ഷത വഹിച്ചു. സമ്മേളന സ്വാഗതസംഘം പ്രസിഡന്റ് അഡ്വ. വിക്ടർ ആന്റണി നൂൺ, അഡ്വ. അബ്ദുറഹ്മാൻ, പി.കൃഷ്ണമ്മാൾ, മൊയ്തു കണ്ണങ്കോടൻ, ഡോ.സ്നേഹപ്രഭ, മേലൂർ വാസുദേവൻ, പ്രേംരാജ് ചെറുകര, ബി.ഗോപി തുടങ്ങിയവർ പ്രസംഗിച്ചു. മഹിളാ സാംസ്കാരിക സംഘടന സംസ്ഥാന സെക്രട്ടറി ഷൈല കെ. ജോൺ സ്വാഗതവും സ്ത്രീ സുരക്ഷ സമിതി കോഴിക്കോട് ജില്ലാ കൺവീനർ കെ.പി സുബൈദ നന്ദിയും രേഖപ്പെടുത്തി.

മാനവസംസ്കൃതി പടുത്തുയർത്താൻ പുരുഷനൊപ്പം അക്ഷീണം പ്രയത്നിച്ച സ്ത്രീസമൂഹത്തിന്റെ ചരിത്രഗാഥ വിളംബരം ചെയ്യുന്ന സ്ത്രീശക്തി ശക്തി പ്രദർശനം സ്ത്രീസുരക്ഷാ സമ്മേളനത്തിന്റെ സ്വാഗത സംഘം ചെയർമാൻ അഡ്വ.വിക്ടർ ആന്റണി നൂൺ ഉദ്ഘാടനം ചെയ്തു.

2.30 ന് സ്ത്രീ സുരക്ഷ: വെല്ലുവിളികളും പരിഹാരവും എന്ന വിഷയത്തിൽ നടന്ന സെമിനാർ ഡോ.ഖദീജ മുംതാസ് ഉദ്ഘാടനം ചെയ്തു. സ്ത്രീ സുരക്ഷ സമിതി സംസ്ഥാന കമ്മിറ്റിയംഗം രാജലക്ഷ്മി അധ്യക്ഷത വഹിച്ചു. കോഴിക്കോട് ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റി സെക്രട്ടറിയും സബ് ജഡ്ജിയുമായ ആർ.എൽ ബൈജു, പി.പരമേശ്വരൻ( പാലക്കാട്), സുൽഫത്ത്, ടി.കെ.വിമലടീച്ചർ, ആലിക്കുട്ടി പന്തീരിക്കര, മൈന ഉമൈബാൻ, ഡോ.സുധ, ടി.കെ വാസു, ടി.കെ സുധീർകുമാർ, എസ്.മിനി, വിദ്യ ആർ.ശേഖർ, അഡ്വ. ഇ.എൻ.ശാന്തിരാജ് എന്നിവർ പ്രസംഗിച്ചു.



കോഴിക്കോട് നടന്ന സംസ്ഥാന സ്ത്രീ സുരക്ഷാ സമ്മേളനം ദയാബായി ഉദ്ഘാടനം ചെയ്യുന്നു.

എസ്.രാധാമണി സ്വാഗതവും എം.കെ ഉഷ നന്ദിയും പറഞ്ഞു.

തൃശ്ശൂർ രംഗചേതനയുടെ 'ലുക്ക് ഔട്ട് നോട്ടീസ് ഒരു പദപ്രശ്നം' എന്ന തെരുവുനാടകം അരങ്ങേറി. അഖിലേന്ത്യ മഹിളാ സാംസ്കാരിക സംഘടന ആലപ്പുഴ ജില്ലാ കമ്മിറ്റിയംഗം ഗായത്രി സ്വാമിനാഥൻ(ആലപ്പുഴ) സംഗീതകച്ചേരി അവതരിപ്പിച്ചു. ●



കോഴിക്കോട് ടൗൺഹാളിൽ നടന്ന സംസ്ഥാന സ്ത്രീ സുരക്ഷാ സമ്മേളനത്തിൽ പങ്കെടുക്കുന്ന പ്രതിനിധികൾ

Edited, Printed & Published by C. K. Lukose, SUCI(C) Office, T.C. 12/1242, Law College Jn, Kunnukuzhy, Trivandrum - 695 035. *Ph:* 0471-2307151;
*E-mail:* unitymagazine@gmail.com; *Website:* **www.kerala.sucicommunist.org** on behalf of Kerala State Committee, SUCI(C).
Printed at Cochin Printech Pvt Ltd, Kochi.